തൊഴിലാളികളും, ഇവരും തമ്മിൽ സംഘട്ടനമുണ്ടായി. ആ സംഘട്ടനത്തിൽ അവിടത്തെ സ്ഥിരം തൊഴിലാളികളുടെ നാലുപേരുടെ പേരിൽ പോലീസുകാർ ചില നടപടികൾ സ്വീകരിക്കുകയാണ് ഉണ്ടായത്. അതിനെതുടർന്നു ആക്ഷേപമുണ്ടായപ്പോൾ ഞാൻ സ്ഥലത്തു പോകുകയുണ്ടായി. ആ പോലീസുദ്യോഗസ്ഥൻമാരെ വിളിച്ച് ഗുണദോഷിക്കുകയുണ്ടായി. സ്ഥിരമായ തൊഴിലാളികളുടെ നേരെയല്ല കേസ് എടുക്കേണ്ടത്, മറിച്ച് കരിങ്കാലിപണിയെടുക്കാൻ വരുന്ന ആളുകളെയാണ് നിലയ്ക്കുനിർത്തേണ്ടത്, അത്തരത്തിലുള്ള നടപടിയാണ് സ്വീകരിക്കേണ്ടതെന്നു പറഞ്ഞതിന്റെ ഫലമായിട്ട് അത്തരം നടപടികൾ പിന്നീട് തുടർന്നിട്ടില്ല. ആ സ്ഥലത്ത് ഇതിനു പരിഹാരം കാണാതെ തൊഴിലാളികൾക്ക് പണികിട്ടാനുള്ള അവസ്ഥയില്ല. ഗവൺമെന്റ് സ്റ്റേ വെക്കേറ്റ് ചെയ്യാനും എസ്റ്റേറ്റ് കയ്യിലെടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എൻ. ഭാസ്കരൻനായർ: സർ, ഒരു പേഴ്സണൽ എക്സ്പ്ലനേഷന് സമയം തരണം. ഇന്നലെ ചീഫ് മിനിസ്റ്റർ പറഞ്ഞ മറുപടിയിൽ..............

Mr. Speaker: You have to seek permission of the Speaker already.

Shri. N. Bhaskaran Nair: I am seeking permission.

Mr. Speaker: If so, you can come to my chamber and speak to me. Only after obtaining the permission of the Chair, you can raise your personal explanation; not now.

ശ്രീ. എൻ. ഭാസ്കരൻ നായർ: റൂൾ അനുസരിച്ച് ചേമ്പറിൽ വന്നു കാണണമെന്ന് എവിടേയും പറയുന്നില്ല.

Mr. Speaker: You resume your seat. Now we are passing on to the next item i.e., Financial Business.

IV. ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): നീതിന്യായം എന്ന 3-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,47,90,400 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പോലീസ് എന്ന 12-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,85,47,200 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജയിലുകൾ എന്ന 13-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,44,33,900 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖങ്ങൾ എന്ന 40-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,57,99,200 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, ഞാൻ ഈ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

Demand III—Administration of Justice

Shri. N. I. Devassikutty: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

Shri. M. P. Gangadharan: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

Shri. A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

Shri. Pinarayi Vijayan: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

(To discuss the general policy)

Shri. M. V. Raghavan: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

(To discuss the general policy)

Shri. T. K. Ramakrishnan: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

(To discuss in general)

Shri. E. Narayanan Nair: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

Shri. M. K. Krishnan: Sir, I move that the total allotment of Rs. 4,47,90,400 under Demand III be reduced by Rs. 100.

Demand XII—Police

Shri. N. I. Devassikutty: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

Shri. M. P. Gangadharan: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100

Shri. Pinarayi Vijayan: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

(To discuss the general policy)

Shri. E. Narayanan Nair: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

Shri. M. K. Krishnan: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

(To discuss in general)

Shri. T. K. Ramakrishnan: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

(To discuss in general)

LIBRARY ARCHIVES Kerala Legislative Assembly

Shri. M. V. Raghavan: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

(To discuss the general policy)

Shri. A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

Shri. V. Eacharan: Sir, I move that the total allotment of Rs. 24,85,47,200 under Demand XII be reduced by Rs. 100.

(To discuss the Police harassment to the Harijans) (Scheduled Castes & Scheduled Tribes).

Demand XIII—Jails

Shri. N. I. Devassikutty: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

Shri. M. P. Gangadharan: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

Shri. Pinarayi Vijayan: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

(To discuss in general)

Shri. M. V. Raghavan: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

(To discuss the general policy)

Shri. T. K. Ramakrishnan: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

(To discuss in general)

Shri. M. K. Krishnan: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

(To discuss in general)

Shri. E. Narayanan Nair: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

Shri. A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 1,44,83,900 under Demand XIII be reduced by Rs. 100.

Demand XL—Ports

Shri. N. I. Devassikutty: Sir, I move that the total allotment of Rs. 6,57,99,200 under Demand XL be reduced by Rs. 100.

Shri. M P. Gangadharan: Sir, I move that the total allotment of Rs. 6,57,99,200 under Demand XL be reduced by Rs. 100.

Shri. Pinarayi Vijayan: Sir, I move that the total allotment of Rs. 6,57,99,200 under Demand XL be reduced by Rs. 100.

(To discuss in general)

LIBRARY ARCHIVES Kerala Legislative Assembly

Sri M. V. Raghavan: Sir, I move that the total allotment of Rs. 6,57,99,200 under Demand XL be reduced by Rs. 100.

(To discuss in general)

Shri. T. K. Ramakrishnan: Sir, I move that the total allotment of Rs. 6,57,99,200 under demand XL be reduced by Rs. 100.

(To discuss in general)

Shri. M. K. Krishnan: Sir, I move that the total allotment of Rs. 6,57,99,200 under Demand XL be reduced by Rs. 100.

(To discuss in general)

Shri. A. Neelalohithadasan Nadar: Sir, I move that the total allotment of Rs. 6,57,99,200 under Demand XL be reduced by Rs. 100.

Shri. E. Narayanan Nair: Sir, I move that the total allotment of Rs. 6,57,99,200 under Demand XL be reduced by Rs. 100.

(Dy. Speaker in the Chair)

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, നീതിന്യായം, പോലീസ്, തുറമുഖം, ജയിൽ എന്നീ വകുപ്പുകൾക്കുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സർ, ഒരു കാര്യം ഞാൻ വിസ്മരിക്കുന്നില്ല. നമ്മുടെ രാജ്യത്തെ എല്ലാ ഡിപ്പാർട്ടുമെന്റുകളേയും എടുത്തു പരിശോധിച്ചു നോക്കുകയാണെങ്കിൽ പോലീസ് ഡിപ്പാർട്ടുമെന്റിലെ ആളുകൾ 24 മണിക്കൂറും പണിയെടുക്കാൻ നിർബന്ധിതമായ ഒരു വിഭാഗം ആളുകളാണ്. മറ്റെല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഇന്ന് അവർ സംഘടിതരായിനിന്നുകൊണ്ട് അവരുടെ അവകാശ സമ്പാദനത്തിനുവേണ്ടി സമരം ചെയ്യുന്ന കാര്യത്തെക്കുറിച്ചുമാത്രം ആലോചിച്ച് സമയം കളയുമ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിലുള്ള ആളുകൾക്ക് സംഘടിക്കാനോ അവരുടെ അവകാശവാദങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്താനോ അവസരവുമില്ല. ആ വിഭാഗം ആളുകൾ അവരുടെ അവശത പരിഹരിക്കാൻ, സംഘടിതമായ രൂപം കൊടുത്ത് പ്രവർത്തിക്കാൻ അവകാശമില്ലാത്ത, ആളുകളുടെ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് കാര്യമായി ശ്രദ്ധിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്തിലെ പോലീസ് ഡിപ്പാർട്ടുമെന്റിലെ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാർ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചു പറഞ്ഞാൽ തീരാത്രത്ര കാര്യങ്ങളുണ്ട്. അതു മാത്രവുമല്ല നമ്മുടെ ഈ സംസ്ഥാനത്തെ പോലീസ് വിഭാഗത്തിൽപ്പെട്ട ആളുകൾ നിഷ്ക്രിയരാണെന്ന് ഞങ്ങളൊക്കെ ആരോപണം ഉന്നയിക്കുമ്പോൾ മറുഭാഗത്തുള്ള ആളുകൾ പറയാറുണ്ട് അതു കുററം പറയുവാൻവേണ്ടി മാത്രമാണെന്ന്. ഞാൻ ഓർക്കുകയാണ് കഴിഞ്ഞ ദിവസം പോലീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് സംസാരിച്ച സന്ദർഭത്തിൽ പോലീസിന്റെ നിഷ്ക്രിയത്വത്തെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ അന്നിവിടെ സന്നിഹിതനായിരുന്ന ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു കഴിഞ്ഞകാല ഗവൺമെന്റുകളുടെ ചെയ്തികളുടെ ഫലമായിട്ടാണ് പോലീസ് ഡിപ്പാർട്ടുമെന്റ് നിഷ്ക്രിയത്വം കാണിക്കാൻ അവസരം ഉണ്ടായതെന്ന്. ഞാൻ വ്യക്തമായി പറയുകയാണ് കഴിഞ്ഞകാല ഗവൺമെന്റുകളുടെ കാലത്ത് ഈ രാജ്യത്തെ പോലീസ് നിഷ്ക്രിയമായിരുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. അതേസമയത്ത് ഈ കാലങ്ങളിൽ പോലീസ് നിഷ്ക്രിയമാണെന്നു പറഞ്ഞാൽ അതു യാഥാർത്ഥ്യമാണ്. നമ്മുടെ രാജ്യത്തെ സാധാരണക്കാരന്റെ ജീവനും ധനത്തിനുമൊക്കെ സംരക്ഷണം കൊടുക്കാൻ ബാദ്ധ്യതയുള്ള ഒരു ഡിപ്പാർട്ടുമെന്റ് പോലീസ് ഡിപ്പാർട്ടുമെന്റാണ്. പക്ഷേ ഇന്ന് ഈ ഡിപ്പാർട്ടുമെന്റ് സാധാരണ ജനങ്ങളുടെ ജീവനും ധനത്തിനും സംരക്ഷണം കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്നുള്ളത് ശരിയാണ്. സർ, ഈ അടുത്ത സന്ദർഭത്തിൽ എനിക്കൊരനുഭവമുണ്ടായി. ഞാനും എന്റെ സ്നേഹിതൻമാരിൽ ചില ആളുകളുമായി ഒരു പ്രദേശത്ത് നിൽക്കുകയാണ്. ആ പ്രദേശത്തെ പോലീസ് സ്റ്റേഷന്റെ പേരെടുത്തു പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം ഞാൻ പറഞ്ഞാൽ അവർ ചിലപ്പോൾ ശിക്ഷണനടപടിക്ക് വിധേയമായി പോകുമെന്ന് സംശയമുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. അപ്പോൾ ചില ആളുകൾ വന്ന് എന്നോട്, ഇവിടെ അടുത്ത് ഒരു ഹൈസ്കൂളിൽ വിദ്യാർത്ഥികൾ രണ്ടു ഭാഗമായി തിരിഞ്ഞുനിന്നുകൊണ്ട് കല്ലേറും ബഹളവും കത്തിക്കുത്തുമൊക്കെ നടത്തുന്നുണ്ട്, പോലീസ് സ്റ്റേഷനിൽ ഒന്നു വിളിച്ചു പറയണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അടുത്ത ഒരു വീട്ടിൽ കയറി ഞാൻ പോലീസ് സ്റ്റേഷനിലേക്ക് ഫോൺ ചെയ്ത് വിവരം അറിയിച്ചു. പോലീസിന്റെ അവിടത്തെ ഉത്തരവാദപ്പെട്ട ആഫീസർ പറഞ്ഞ മറുപടി കേട്ടപ്പോൾ എനിക്ക് വളരെ അൽഭുതം തോന്നി. അവർ എന്നോട് പറഞ്ഞത് ആ ബഹളം ഉണ്ടാക്കുന്ന സ്കൂളിൽ ഞങ്ങൾ പോകാം, പക്ഷേ അവിടെ ചെന്നുകഴിഞ്ഞാൽ വിദ്യാർത്ഥികൾ ഞങ്ങളെ കല്ലെറിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല, ഒന്നോ രണ്ടോ കല്ലു വരെമാത്രം എറിഞ്ഞാൽ ഞങ്ങൾ അതു കൊണ്ടുകൊണ്ട് തിരിച്ചുപോരാം. പക്ഷേ അധികം എറിഞ്ഞാൽ ഒരുപക്ഷേ അവരെ വിരട്ടി ഓടിക്കേണ്ട സാഹചര്യം ഉണ്ടായി എന്നുവരാം. അങ്ങനെ വന്നാൽ നാളെ രാവിലെ നേരം വെളുക്കുമ്പോൾ ഞങ്ങളുടെ പേരിൽ എൻക്വയറി ഉണ്ടാവുകയില്ല, ഞങ്ങളുടെ പേരിൽ സസ്പെൻഷൻ ഉണ്ടാവുകയില്ല, എന്ന് ഒരു ഉറപ്പു തരാൻ എം. എൽ. എ. തയ്യാറുണ്ടോ? എങ്കിൽ ഞങ്ങൾ പോകാമെന്ന് അവർ പറയുകയുണ്ടായി. ആ ഉറപ്പു കൊടുക്കാൻ സാദ്ധ്യമല്ല എന്ന് എനിക്ക് പൂർണ്ണമായി അറിയാവുന്നതുകൊണ്ട്, ഉറപ്പു കൊടുത്താൽ അത് പാലിക്കപ്പെടാൻ നിവൃത്തിയില്ല എന്ന് എനിക്ക് പൂർണ്ണമായി അറിയാവുന്നതുകൊണ്ട്, ഉറപ്പു കൊടുക്കാൻ ഞാൻ തയ്യാറായില്ല. ആ പോലീസ് ആഫീസർമാർ പോകേണ്ട എന്നുപറയാൻ നിർബന്ധിതനായി. ഇതാണ് നമ്മുടെ സംസ്ഥാനത്തെ ഇന്നത്തെ പോലീസിന്റെ സ്ഥിതി. അവർ അവരുടെ കൃത്യനിർവ്വഹണത്തിൽ ശരിയായി ഏർപ്പെട്ടുകഴിഞ്ഞാൽ അവരുടെ സ്ഥിതി, നാളെ നേരം വെളുക്കുമ്പോൾ അവർ എൻക്വയറിക്കു വിധേയരാകുന്നു, ശിക്ഷണനടപടിക്കു വിധേയരാകുന്നു, അവർ സസ്പെൻഷനു വിധേയരാകുന്നു. ഇതാണ് ഇവിടത്തെ പോലീസിന്റെ സ്ഥിതിയെന്നു പറഞ്ഞാൽ അതൊരു യാഥാർത്ഥ്യമല്ലേ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ആരേയും കുററപ്പെടുത്താൻ പറയുകയല്ല. ഇന്ന് നമ്മുടെ പോലീസിനു അവരുടെ ജോലി നിർവ്വഹിക്കാൻ വയ്യാത്ത വിധം അവരുടെ കയ്യും കാലും കെട്ടിയിട്ടിരിക്കുകയാണ് ഗവൺമെൻറ്. ഞാൻ ഇതു പറയുമ്പോൾ ഈ രാജ്യത്തെ ആളുകളെയെല്ലാം മർദ്ദിക്കണമെന്നു പറയുകയല്ല. മർദ്ദിക്കുന്നവരെ അനുകൂലിക്കുകയുമല്ല. പക്ഷേ ഈ രാജ്യത്ത് നിയമസമാധാനം വേണ്ട, മർദ്ദനമുറകൾ വേണ്ട എന്നാണ് ഈ ഗവൺമെൻറുനയമെന്ന് പറയാറുണ്ട്. ഞാൻ അത് അംഗീകരിക്കുന്നു. ഇനി ചില കേസുകൾ തെളിയിക്കണമെങ്കിൽ കേസുകൾ തെളിയിക്കാനാവശ്യമായ പുതിയ യന്ത്രസാമഗ്രികൾ ഉണ്ട്. പുതിയ യന്ത്രസാമഗ്രികൾകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കേസുകൾ തെളിയിക്കാമെന്ന് ഇന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഞാൻ ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. ഒരു മനുഷ്യൻ തെററുചെയ്താൽ സ്വാഭാവികമായും അവൻ തെററ് സ്വയം ഏററു പറയുന്ന അനുഭവം ഉണ്ടാകാറില്ല. പക്ഷേ അതേ സമയത്ത് അബോധാവസ്ഥയിൽ ചില ആളുകൾ നേരു പറയാറുണ്ട്. നമുക്കറിയാം കള്ളുകുടിക്കുന്ന ചില ആളുകൾ കള്ളുകുടിച്ച് ബോധം കെടുന്ന സന്ദർഭങ്ങളിൽ നേരേ തുറന്നു പറയാറുണ്ട്. കാരണം എന്താണെന്നു ചോദിച്ചാൽ അബോധാവസ്ഥയിൽ ഹൃദയത്തിന്റെ അടിത്തട്ടിൽ രഹസ്യമായി സൂക്ഷിച്ചിരിക്കുന്ന പല കാര്യങ്ങളും അറിയാതെ പുറത്തു പറഞ്ഞു പോകും. മർദ്ദന മുറകൾ വേണ്ട എന്ന് ഈ ഗവൺമെൻറ് പറയുമ്പോൾ മർദ്ദന മുറകൾ വേണമെന്ന് ഞാൻ പറയുകയല്ല, ഞാൻ അത് ആവർത്തിച്ചു പറയുന്നു. പക്ഷേ അതേസമയത്ത് ഇന്ന് അധുനികങ്ങളായ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഈ കേസുകൾ തെളിയിക്കാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കണം. ആധുനികങ്ങളായ യന്ത്രസാമഗ്രികൾ പരിഷ്കൃത രാജ്യങ്ങളിൽ ഉണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ രാജ്യങ്ങളിൽ നിന്ന് ആ യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്ത് ഈ രാജ്യത്ത് കുററം തെളിയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിച്ചാൽ അത് വളരെ ഫലപ്രദമാകും. ഈ സംസ്ഥാനത്ത് മർദ്ദനമുറകൾ പാടില്ലെന്ന് ഈ ഗവൺമെൻറ് ഉത്തരവിട്ടിരിക്കുകയാണ്. കുററം തെളിയിക്കുവാൻ ആധുനിക യന്ത്രസാമഗ്രികളുമില്ല. അതു മൂലം കുററങ്ങൾ തെളിയിക്കാൻ കഴിയുന്നുമില്ല. സമാധാനപരമായി ഈ രാജ്യത്ത് ജീവിക്കാനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. ഒരു പ്രദേശത്തു നിന്നും മറെറാരു പ്രദേശത്തേക്ക് ആരെങ്കിലും ബസ് യാത്ര ചെയ്യുന്നതിന് തയ്യാറായാൽ, ടാക്സിയിൽ പോകാൻ സൗകര്യമില്ലാത്ത ആളുകൾ, സ്വന്തം കാറിൽ പോകാൻ സൗകര്യമില്ലാത്ത ആളുകൾ അവർക്ക് ബസ്സ് യാത്ര മാത്രമാണ് മാർഗ്ഗം. അങ്ങനെ പോകുന്നവരുടെ അനുഭവം എന്താണ്? അവന് നിർദ്ദിഷ്ടമായ ലക്ഷ്യത്തിൽ ചെന്നെത്താൻ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതിയാണ് ഇന്നുള്ളത്. നാലു് തെമ്മാടികൾ ആ ബസ് തടഞ്ഞുനിറുത്തി തല്ലിത്തകർക്കുന്നു. ബസ് യാത്ര മുടങ്ങുന്നു. ഇങ്ങനെ ഏതു രംഗത്തു നോക്കിയാലും ഒരു സുരക്ഷിതത്വമില്ലെന്നു കാണാൻ കഴിയും. ഇന്ന് നിയമസഭ കൂടിയതുതന്നെ എന്റെ സ്നേഹിതൻ ശ്രീ. പി. ഭാസ്കരന്റെ അടിയന്തിര പ്രമേയത്തോടുകൂടിയാണ്. അദ്ദേഹം ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. അത് ഈ രാജ്യത്ത് അരക്ഷിതാവസ്ഥ ഉണ്ടെന്നുള്ളതിന് വ്യക്തമായ തെളിവാണ്. ഈ രാജ്യത്ത് അരക്ഷിതാവസ്ഥ ഇല്ലെന്ന് ഭരണ കക്ഷിക്കാർ പറയുമ്പോൾ, ബഹുമാന്യനായ റവന്യൂ വകുപ്പു മന്ത്രിയുടെ നിയോജകമണ്ഡലമായ ചവറ തെക്കുംഭാഗത്ത് എന്താണു സർ, കഴിഞ്ഞ ആറുമാസക്കാലമായി നടക്കുന്നത് എന്നുള്ളത് ആലോചിക്കണം. ആറുമാസക്കാലമായി അവിടെ മാർക്സിസ്ററുപാർട്ടിയുടെ അഴിഞ്ഞാട്ടമാണെന്നാണ് പറയുന്നത്. ചില ആളുകൾ അവിടെ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ എന്തെല്ലാമാണെന്നു പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സാധാരണ ജനങ്ങൾക്ക് അവിടെ ജീവിക്കാൻ സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതി ഉണ്ടായിരിക്കുകയാണ്. ഒരു പക്ഷേ അവർ പറയും തിരിച്ച് ചില ആളുകൾ ഉപദ്രവിച്ചു എന്ന്. അത് സ്വാഭാവികമാണ്. പണ്ടാരോ പറഞ്ഞതുപോലെ ശുദ്ധമായ സർപ്പത്തെയാണെങ്കിൽപ്പോലും ചവുട്ടിക്കഴിഞ്ഞാൽ ചിലപ്പോൾ തിരിച്ചു കടിക്കുമെന്ന്. എന്റെ അറിവു ശരിയാണെങ്കിൽ നമ്മുടെ റവന്യു വകുപ്പു മന്ത്രിയുടെ കഴുത്തിന്റെ അളവു വരെ അവരിൽ ഒരു വിഭാഗം അളന്നു നോക്കിയെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹം അവിടെ ചില സംഭവങ്ങളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിക്കാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ കാറു തടഞ്ഞു നിറുത്തി അദ്ദേഹത്തിന്റെ കഴുത്തിനു പിടിച്ചു എന്നാണ് വിശ്വസനീയമായി എനിക്ക് അറിയാൻ കഴിഞ്ഞത്. ഇതാണ് ഈ സംസ്ഥാനത്തു നടന്നു കൊണ്ടിരിക്കുന്നത്. രണ്ടുനാലു ദിവസങ്ങൾക്കുമുമ്പ് ഒരു കോൺഗ്രസ് പ്രവർത്തകന്റെ ഭവനം കയ്യേറി, ആ കോൺഗ്രസ് പ്രവർത്തകന്റെ രണ്ടു പശുക്കളെ വെട്ടിനുറുക്കി. അയാളുടെ അമ്മാവനേയും സഹോദരൻമാരേയും വെട്ടി. ഇങ്ങനെയുള്ള സംഭവങ്ങൾ ഇവിടെ തുടരുകയാണ്. ഇതു മാത്രമല്ല ആളുകൾക്ക് റോഡിലിറങ്ങി നടക്കാൻ നിവൃത്തിയില്ല, മാർക്സിസ്റ്റു പാർട്ടിയുടെ സംഘടിതമായ ആക്രമണത്തിന്റെ ഫലമായി. ഇവിടെ ആന്റണി കോൺഗ്രസും മാർക്സിസ്റ്റു പാർട്ടിയുമായി ഐക്യം ഉണ്ടാക്കണമെന്നാവശ്യപ്പെടുന്ന ആന്റണി കോൺഗ്രസ്, മുന്നാംചേരി വാദവുമായി നിൽക്കുന്ന ആന്റണി കോൺഗ്രസ്, ആ കോൺഗ്രസും, കോൺഗ്രസ് (ഐ) യും, ആർ. എസ്. പി. യും, സി. പി. ഐ. യും ഒരേ രംഗത്തു നിന്നുകൊണ്ട് സംഘടിതമായി പ്രവൃത്തിക്കുകയാണ്. ഞാൻ ആ പ്രദേശത്തു പോയ ആളാണ്. കഴിഞ്ഞ ആറുമാസമായി നമ്മുടെ രാജ്യത്തുകൂടി സ്വൈരമായി നടക്കാൻ സാധിക്കുന്നില്ല. ആ സ്ഥലത്തെ ജനങ്ങൾക്ക് രാത്രി സ്വൈരമായി കിടന്നുറങ്ങുന്നതിനുള്ള ധൈര്യമില്ല. റോഡിൽക്കൂടി സഞ്ചരിക്കാൻ ധൈര്യമില്ല. ഇതാണ് ചവറ തെക്കുംഭാഗത്തു നടക്കുന്നതെങ്കിൽ അത് അമർച്ച ചെയ്യാൻ പോലീസ് തയ്യാറാകുന്നില്ല. അതിന് അവർക്കു കഴിയുന്നുമില്ല. പിന്നെ എന്താണ് പോലീസിന്റെ കടമയെന്ന് ഞാൻ ചോദിക്കുകയാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ ഒരു പക്ഷേ സുശക്തമായ നടപടി സ്വീകരിച്ചാൽ നടപടി സ്വീകരിക്കുന്ന വരുടെ പേരിൽ നടപടിയുണ്ടാകുമെന്ന ഭയം കൊണ്ട് മാത്രമാണ് അവർ ഈ കാര്യങ്ങളിൽ നിന്നും പിൻതിരിയുന്നത്.

അതു മാത്രവുമല്ല സർ, ഇന്ന് പറവൂരിൽ രണ്ടു വില്ലേജിൽ നടക്കുന്നത് എന്താണ്? അവിടത്തെ മുസ്ലീം വിദ്യാർത്ഥികൾക്ക് സ്ക്കൂളിൽ പോകാൻ പോലും നിവൃത്തിയില്ല. ആർ. എസ്. എസ്സുകാരാണ് അതിന്റെ പുറകിൽ എന്നാണ് പറയാറ് ഈ അസംബ്ലിയിൽ തന്നെ ഇതിനെക്കുറിച്ച് പരാമർശനം ഉണ്ടായിട്ടുള്ളതാണ്. അസംബ്ലിയിൽ പരാമർശനം ഉണ്ടായപ്പോൾ അവിടെ സമാധാനം സ്ഥാപിക്കാമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞത് ഞാൻ ഓർക്കുകയാണ്. പക്ഷേ ഇന്ന് അവിടത്തെ മുസ്ലീം സഹോദരൻമാർക്ക് ഭീഷണി കൊണ്ട് പുറത്തിറങ്ങാൻ നിവൃത്തിയില്ലാത്ത അവസ്ഥയാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. അവിടത്തെ പത്തു നൂറാളുകൾ ഒപ്പിട്ട ഒരു പരാതിയാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. ഇങ്ങനെ നിരവധി സംഭവങ്ങൾ ഈ രാജ്യത്തുണ്ട്. സമയച്ചുരുക്കംകൊണ്ട് ഞാൻ അതൊന്നും എടുത്തു പറയുന്നില്ല. ഈ രാജ്യത്ത് സ്വൈരമായി ജീവിക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥ ഉണ്ടെന്നു പറയുമ്പോൾ ഞാൻ ആദ്യം പറഞ്ഞമാതിരി ആരേയും ആക്ഷേപിക്കാൻ പറയുകയല്ല. യാഥാർത്ഥ്യം പറയുകയാണ്. അതേയവസരത്തിൽ ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കണമെന്ന് അപേക്ഷിക്കുക യാണ്.

സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നീതിന്യായ ഭരണത്തെക്കുറിച്ച് പൊതുവേദിയിൽ വിമർശിക്കാൻ പാടില്ല എന്നൊരു വയ്പുണ്ട്. അങ്ങനെ എന്തെങ്കിലും നിയമമുണ്ടെങ്കിൽ അതു മാററണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കാരണം ഇന്ന് ഈ രാജ്യത്തെ നീതിന്യായ കോടതികളിൽ നീതിയും ന്യായവും നടക്കുന്നില്ല എന്ന്

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്, അതിനു വേണ്ടി ശിക്ഷ ഏൽക്കാനും ഞാൻ തയ്യാറാണ്. ഈ രാജ്യത്തു നീതിന്യായ
10 A. M. കോടതികളിൽ ഒരു ചെറിയ ശതമാനം ആളുകൾ നീതിയുടെയും ന്യായത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടാകാം. പക്ഷേ ഭൂരിപക്ഷവും ചില സ്വാധീനത്തിന്റെ, ചില ക്ലബ്ബുകളുടെ സംസർഗ്ഗത്തിന്റെ പേരിൽ, ആ ആൾ ഏതെങ്കിലുമൊരു കക്ഷിയിൽപ്പെട്ട ആളാണെങ്കിൽ, ആകക്ഷിയിൽപെട്ട ആളുകൾക്കുവേണ്ടി വിധിയെഴുതുന്ന ഒരു സമ്പ്രദായം ഈ രാജ്യത്തുണ്ട്. മണ്ണിനും പെണ്ണിനും കാശിനും വേണ്ടി എഴുതുന്നആളുകൾ ഈരാജ്യത്തുണ്ടെന്നു പറഞ്ഞാൽ അതൊരുയാഥാർത്ഥ്യമാണു സർ. നീതിന്യായ ഭരണത്തെ സംബന്ധിച്ച് ഇന്നുള്ള സങ്കൽപ്പങ്ങളെല്ലാം മാററിവച്ചുകൊണ്ട് അതിനെക്കുറിച്ച് വിമർശിക്കുവാനുള്ള അവകാശം ആളുകൾക്ക് കൊടുക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. ഒരു കാര്യം കൂടി ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. അതു നമ്മുടെ പോലീസ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണ്. പോലീസ് ഡിപ്പാർട്ടുമെൻറിൽ ഇന്നു സാധാരണ പോലീസുകാർ കഠിനമായ ശിക്ഷയ്ക്കു വിധേയരാകുന്നുണ്ട്. മനുഷ്യന്റെ അനിയന്ത്രിതമായ ഒരേർപ്പാടാണ് ഉറക്കമെന്നു പറയുന്നത്. ഒരു പോലീസുകാരൻ ഡ്യൂട്ടിയിൽ നിൽക്കുമ്പോൾ അൽപ്പം ഉറക്കം വന്നുപോയി എന്നു വന്നാൽ അവൻ പിറേറദിവസം നേരം വെളുക്കുമ്പോൾ ഡിസ്മിസലിനു വിധേയമാകുന്ന ഏർപ്പാടുണ്ട്. ആ മാതിരി ശിക്ഷാനടപടികൾ നിർത്തണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. ഞാൻ അവസാനിപ്പിക്കുന്നു. ഒരു വാചകം കൂടി പറഞ്ഞുകൊണ്ടു ഞാൻ നിർത്താം. ഈ രാജ്യത്തു ജയിലിൽ കിടക്കുന്ന ആളുകൾക്കു പരോൾ നൽകാൻ ഇന്നു കഠിനമായ ചില നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങൾക്കു അയവു വരുത്തി ആ ആളുകൾക്കു പരോളിൽ പോകാനുള്ള സൗകര്യം കൊടുക്കണം. എന്റെ പ്രദേശമായ കായംകുളത്തു ഒരു ഫിഷിംഗ് ഹാർബർ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. എൻ. പി. മൊയ്തീൻ: സർ, പോലീസ്, ജയിലുകൾ, നീതിന്യായനിർവ്വഹണം, തുറമുഖങ്ങൾ എന്നീ വകുപ്പുകൾക്കുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സർ, സംഘടിക്കാനും ശബ്ദം ഉയർത്താനും അവകാശങ്ങൾക്കുവേണ്ടി ഉറക്കെ മുറവിളി കൂട്ടാനും സാധിക്കാത്ത ഒരു വിഭാഗമാണ് പോലീസുകാർ. അവരുടെ ആവശ്യങ്ങളും അവരുടെ പരാതികളും അവരുടെ പ്രശ്നങ്ങളും അവരുടെ ദുരിതങ്ങളും ഇതിനെല്ലാം പരിഹാരം കാണാൻ ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ശ്രമിക്കുമെന്ന് എനിക്കുറപ്പുണ്ട്. നമ്മുടെ സംസ്ഥാനത്തെ പോലീസ് സ്റേറഷനുകളുടെ സ്ഥിതി ഇന്ന് എന്താണ്? സംസ്ഥാനത്ത് വളരെയധികം പോലീസ് സ്റേറഷനുകളും ഇന്ന് വാടകകെട്ടിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ വാടക കെട്ടിടങ്ങളാകട്ടെ പലതും പഴക്കം ചെന്നതും ജീർണ്ണിച്ചതും നിലം പതിക്കാറായതുമായ കെട്ടിടങ്ങളാണ്. മഴ പെയ്താൽ കുട പിടിച്ചുമാത്രം കൃത്യനിർവ്വഹണം നടത്താവുന്ന പോലീസ് സ്റേറഷനുകൾപോലും നമ്മുടെ സംസ്ഥാനത്തുണ്ട്. അതിൽ നിന്നും ഒട്ടും വിഭിന്നമല്ല പോലീസ് ക്വാർട്ടേഴ്സുകളുടെ സ്ഥിതിയും. അവിടെ താമസിക്കുന്ന പോലീസുകാർക്ക് വെളിച്ചം കടന്നുവരാത്ത ക്വാർട്ടേഴ്സ് മുറികളും മഴക്കാലത്തുപോലും ശുദ്ധജലം ലഭിക്കാനിടയില്ലാത്ത ക്വാർട്ടേഴ്സുകളുമാണുള്ളത്. ഇത്തരമുള്ള ക്വാർട്ടേഴ്സുകൾ നവീകരിക്കുവാനുള്ള പദ്ധതികൾ സർക്കാർ ആവിഷ്ക്കരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. എല്ലാ പോലീസ് സ്റേറഷനുകളിലും വാഹനങ്ങൾ ഉണ്ടാകുമെന്ന് സർക്കാർ പലകുറി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നിട്ടുപോലും പല പോലീസ് സ്റേറഷനുകളിലും വാഹനങ്ങളില്ലെന്ന ദുസ്ഥിതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ളത്. ഏതെങ്കിലുമൊരു പ്രദേശത്ത് നിസ്സാരമായ സംഭവങ്ങളുണ്ടാകുമ്പോൾ അവിടെ ഓടിയെത്താനും അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധിക്കാത്ത സ്ഥിതിയാണ് വാഹനങ്ങൾ ഇല്ലാത്തതുകൊണ്ട് ഉണ്ടാകുന്നത്. നിസ്സാരമായ ചില സംഭവങ്ങൾപോലും ഇതുകൊണ്ട് വലിയ ഗുരുതരമായ സംഭവങ്ങളായി മാറുന്നുണ്ട്. തൽപ്പര കക്ഷികളും സാമൂഹ്യദ്രോഹികളും ഈ സംഭവങ്ങൾ ചൂഷണം ചെയ്യുന്നുണ്ട് എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെക്കാൾ വളരെ മെച്ചപ്പെട്ട ക്രമസമാധാനനിലയാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന് അഭിമാനപൂർവ്വം പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. വെടിവയ്പ്പുകളും മർദ്ദനങ്ങളും അതുമൂലമുണ്ടാകുന്ന കൂട്ടമരണങ്ങളുടെ ഞെട്ടിപ്പിക്കുന്ന ഒട്ടനവധി വാർത്തകൾ സൃഷ്ടിക്കുന്ന മററു സംസ്ഥാനങ്ങളിലെ ക്രമസമാധാന നിലയുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് വളരെ നല്ല ക്രമസമാധാന നിലയാണുള്ളത് എന്ന് പറയാൻ എനിക്ക് സന്തോഷമുണ്ട്. സർ, അടുത്ത ദിവസം രാഷ്ട്രത്തെ ആകമാനം ഞെട്ടിപ്പിക്കുകയും കേരളത്തിലെ ജനങ്ങളെ ഒന്നടങ്കം ദുഃഖിപ്പിക്കുകയും ചെയ്ത യു. പി. യിലെ ബസ്തി സംഭവത്തെക്കുറിച്ച് അപ്പുറത്തിരിക്കുന്ന ജനതാപാർട്ടിയുടെ സ്നേഹിതൻമാർക്ക് എന്താണ് പറയാനുള്ളതെന്ന് കേൾക്കാൻ എനിക്ക് കൗതുകമുണ്ട്. ബസ്തി സംഭവത്തെക്കുറിച്ച് കേരളത്തിലെ പ്രമുഖ ഭാഷ പത്രമായ 'മലയാള മനോരമ' എഴുതിയ മുഖപ്രസംഗത്തിലെ ചില പ്രസക്തമായ ഭാഗങ്ങൾ സഭയുടെ അനുമതിയോടുകൂടി, ചെയറിന്റെ അനുമതിയോടുകൂടി ഞാൻ വായിക്കാൻ ആഗ്രഹിക്കുകയാണ്. 'ആതുര ശുശ്രൂഷാരംഗത്ത് വർത്തിക്കുന്ന അഞ്ചു പാവപ്പെട്ട പെൺകുട്ടികൾ കൂട്ടായി മാനഭംഗം ചെയ്യപ്പെടുക; ആ ഹീനകൃത്യം മൂടിവയ്ക്കാൻ പോലീസ് വിഭാഗത്തിൽപ്പെട്ടവരടക്കമുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ കൂട്ടുനിൽക്കുക; ഗവൺമെന്റിന്റെ ഉന്നതമണ്ഡലങ്ങളിലുള്ളവർ നിസ്സഹായത പ്രകടമാക്കി കൈമലർത്തുക—സ്വാതന്ത്ര്യഭാരതത്തിൽ, സ്വാതന്ത്ര്യം ലഭിച്ച് മൂന്നു ദശാബ്ദങ്ങൾ പിന്നിട്ടശേഷം, ഇങ്ങനെയൊരു സ്ഥിതി വിശേഷം നിലനിൽക്കുമെന്ന് ചിന്തിക്കുവാൻപോലും പ്രയാസമാണ്'' എന്നാണ് മലയാള മനോരമ മുഖപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. 'ഉത്തരപ്രദേശിലെ ബസ്തിയിലാണ് രാഷ്ട്രത്തിനാകെ അപമാനം വരുത്തിവച്ച ഈ അനിഷ്ട സംഭവം നടന്നത്. മുഷ്കൻമാരുടെ പൈശാചികമായ കാമവെറിക്കിരയായ അഞ്ചു നഴ്സുമാരും മലയാളികളാണെന്നത് നമ്മുടെ ഹൃദയവേദന വർദ്ധിപ്പിക്കുന്നു. മററു ഗതിയില്ലാത്തതുകൊണ്ടാണ്, അഭ്യസ്ത വിദ്യരായ ധാരാളം യുവതികൾ കേരളത്തിൽ നിന്ന് തൊഴിൽ തേടി ഇൻഡ്യയുടെ മററു ഭാഗങ്ങളിലും വിദേശരാജ്യങ്ങളിലും പോകുന്നത്..............കേരളത്തിലെ സാമൂഹ്യ പശ്ചാത്തലത്തിൽ ഇത് കുറെ അതിശയോക്തിയായി തോന്നാം. എന്നാൽ അങ്ങനെയല്ലല്ലോ യു. പി. യിലേയും ബീഹാറിലേയുമൊക്കെ സ്ഥിതി. അവിടെ അക്രമിസംഘങ്ങൾ പല രൂപത്തിൽ, പലവിധത്തിൽ ജനജീവിതത്തെ വീർപ്പുമുട്ടിക്കുന്നു. ഭരണകൂടങ്ങൾ പലവിധ സമ്മർദ്ദങ്ങൾക്കും വഴങ്ങി അക്രമങ്ങളെ വച്ചുപൊറുപ്പിക്കുന്നുമുണ്ട്.' ഈ സ്ഥിതിയാണുള്ളത് എന്നു മനോരമ എഴുതിയ മുഖപ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ബസ്തി സംഭവം, യു. പി. യിൽ നടന്ന സംഭവം ഇൻഡ്യയിലെ മററു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ക്രമസമാധാന നിലയുടെ ഒരു ചൂണ്ടുപലകയായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. അതുപോലെതന്നെ ഈ അടുത്തു നടന്ന അലിഗർ സംഭവം. ന്യൂനപക്ഷ സമുദായങ്ങളുടെ നേരെ നടന്ന ആ ആക്രമണത്തെക്കുറിച്ച് വിശദീകരിക്കുവാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുന്നില്ല. അത് നമുക്കെല്ലാം അറിയാവുന്നതാണ്. അതുപോലെ തന്നെ ബീഹാറിലെ പിന്നോക്കം നിൽക്കുന്ന ഹരിജനങ്ങളുടെയും പിന്നോക്കസമുദായങ്ങളുടെയും നേരെ നടന്ന ക്രൂരമായ സംഭവങ്ങളെക്കുറിച്ചും ഞാൻ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല. പാവപ്പെട്ട ഹരിജനങ്ങളെ പട്ടാപ്പകൽ ചുട്ടുകരിച്ച ദയനീയവും ഞെട്ടിപ്പിക്കുന്നതുമായ സംഭവങ്ങൾ ബീഹാർ സംസ്ഥാനത്തുണ്ടായി എന്നുള്ളത് ജനതാപാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ക്രമസമാധാനനിലയെയാണ് കുറിക്കുന്നത്. കേരളത്തിൽനിന്നുള്ള പാർലമെന്റംഗമായ ശ്രീ. വി. എം. സുധീരൻ ഇന്നലെ ലോകസഭയിൽ കൊണ്ടുവന്ന ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തെ സംബന്ധിച്ച വാർത്ത ഇന്ന് പത്രങ്ങളിൽ കാണാൻ ഇടയായി. ജനതാപാർട്ടി ഭരിക്കുന്ന അരുണാചൽപ്രദേശിലെ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട ജനങ്ങളുടെ പള്ളികൾ, ന്യൂനപക്ഷ സമുദായക്കാരുടെ ആരാധനാലയങ്ങൾ അവിടത്തെ ഗവൺമെന്റിന്റെ സഹായത്തോടുകൂടി അധികൃതർ പൊളിച്ചുമാററുന്ന ലജ്ജാകരമായ, നാണംകെട്ട സംഭവം അരുണാചൽ പ്രദേശങ്ങളിൽ നടന്നു. ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലെ ഈ സംഭവങ്ങളെല്ലാം ആയി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിലെ ക്രമസമാധാന നില വളരെ മെച്ചപ്പെട്ടതാണെന്നാണ് എനിക്ക് പറയുവാനുള്ളത്.

സർ, ഇവിടെ ഇന്ന് ചർച്ച തുടങ്ങിവച്ചുകൊണ്ട് അപ്പുറത്തിരിക്കുന്ന എന്റെ ബഹുമാന്യ സ്നേഹിതൻ തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പോലീസ് നിഷ്ക്രിയമാണെന്നാണ് അദ്ദേഹത്തിന്റെ പരാതി. അദ്ദേഹം എന്താണു നിഷ്ക്രിയം എന്ന പദംകൊണ്ട് ഉദ്ദേശിച്ചതെന്ന് അറിയുകയില്ല. പക്ഷേ ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ശ്രീമാൻ കെ. കരുണാകരൻ ബഹുമാന്യനായ ഇന്നത്തെ പ്രതിപക്ഷ നേതാവ്, പഴയ ആഭ്യന്തരകാര്യ മന്ത്രി അദ്ദേഹം ആഭ്യന്തരവകുപ്പു കൈകാര്യം ചെയ്തപ്പോൾ ഈ രാജ്യത്ത് പോലീസ് നടത്തിയ നരനായാട്ടു പോലെയുള്ള നായാട്ടാണ് നടത്താൻ ഉദ്ദേശിക്കുന്നതെങ്കിൽ, അതാണ് നിഷ്ക്രിയത്വം പോലീസുകാരിൽ ഉണ്ടാക്കിയതെങ്കിൽ ആ നിഷ്ക്രിയത്വം ഈ രാജ്യത്ത് ആവശ്യമാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഞാൻ ഒന്ന് രണ്ട് കാര്യങ്ങൾ അപ്പുറത്തിരിക്കുന്ന കോൺഗ്രസ് (ഐ) പാർട്ടിയിലെ സ്നേഹിതൻമാരോടു ചോദിക്കുവാൻ ആഗ്രഹിക്കുന്നു. സ്വന്തം പാർട്ടിയുടെ സംസ്ഥാനസെക്രട്ടറി തങ്ങളുടെ കൂടെ നിൽക്കുന്നില്ലെന്നുള്ള ഒരൊററ കാരണത്താൽ പോലീസിനെക്കൊണ്ട് മർദ്ദിച്ചിട്ടുള്ളതിന്റെ പേരിൽ ആ പോലീസുകാർക്ക് 50 രൂപ ക്യാഷ് അവാർഡു നൽകിയ സംഭവം ശ്രീമാൻ കരുണാകരന്റെ കാലത്ത് നടന്നിട്ടുള്ളതാണ്. അങ്ങനെയുള്ള ഏതെങ്കിലുമൊരു സംഭവം ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ടോ എന്ന് ചോദിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതുപോലെതന്നെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട, എന്തു രാഷ്ട്രീയാഭിപ്രായമുള്ള ആളുകളാകട്ടെ, ഒരു ജനപ്രതിനിധിയെ വസ്ത്രം ഉരിഞ്ഞുവച്ച് അണ്ടർവയർ മാത്രം ധരിച്ച് ഭാവനാകസേരയിൽ ഇരുത്തിയ ഒരു സംഭവം ശ്രീ. കരുണാകരൻ ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത് നടന്നു.

ശ്രീ. എൻ. പി. മൊയ്തീൻ: കരുണാകരൻ ആഭ്യന്തരമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഈ സംഭവം ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിയുടെ നട്ടെല്ല് അടിച്ചൊടിച്ച സംഭവം മാണിയുടെ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല, ഈ സർക്കാറിന്റെ കാലഘട്ടത്തിലുണ്ടായിട്ടില്ല. കരുണാകരന്റെ കാലഘട്ടത്തിലാണ് ഉണ്ടായിട്ടുള്ളത്.

ശ്രീ. എ. എ. റഹിം: ആ കരുണാകരൻ അല്ലേ ലീഡറും ചീഫ് മിനിസ്റററും ഒക്കെ ....

ശ്രീ എൻ. പി. മൊയ്തീൻ: ഞാൻ വഴങ്ങുന്നില്ല.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. പ്രസ്തുതകാംക്ക് നിരക്കാത്ത, സത്യസന്ധമല്ലാത്ത കാര്യങ്ങാം ഈ സഭയിൽ പരാമർശിച്ച് സഭയെ തെററിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ?

ഡെ: സ്പീക്കർ: മെമ്പർ പറയുന്നത് ശരിയാണെന്ന് വിശ്വസിച്ചുകൊണ്ട് മെമ്പർ പറയുന്നു. അത് ശരിയല്ലെന്ന അഭിപ്രായമുള്ളവർക്ക് സംസാരിക്കാൻ അവസരം കിട്ടുമ്പോാം അത് പറയാം.

ശ്രീ. എൻ. പി. മൊയ്തീൻ: കരുണാകരൻ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് ചെയ്ത മാതിരിയുള്ള അക്രമപ്രവർത്തനങ്ങളൊന്നും ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടില്ലായെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുസ്തഫയ്ക്ക് വിഷമമുണ്ടാകും. വിഷമമുണ്ടായതിൽ എനിക്ക് പ്രയാസമുണ്ട്. കുട്ടിആഭ്യന്തരമന്ത്രിമാരുടെ കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. മുസ്തഫ അത് വാദകോലാഹലത്തിനിടയിൽ കോംക്കാതെ പോയി

സർ, എനിക്ക് മറെറാരുകാര്യം പറയാനുള്ളത്, നമ്മുടെ സംസ്ഥാനത്തെ ചില പോലീസുദ്യോഗസ്ഥൻമാർ ഈ ഭരണകൂടത്തിന്റെ പ്രവർത്തനം ഫലപ്രദമല്ലെന്ന് വരുത്തിത്തീർക്കാൻ ഇപ്പോഴും ബോധപൂർവ്വം ശ്രമം നടത്തുന്നില്ലേയെന്ന് ഞാൻ ന്യായമായും സംശയിക്കുകയാണ്. തങ്ങളുടെ സ്വേച്ഛാധിപത്യം പ്രവർത്തിച്ച മറുഭാഗത്തിരിക്കുന്ന ചില യജമാനൻമാർ വീണ്ടും തിരിച്ചുവരണമെന്ന് ആഗ്രഹിക്കുന്ന കറുത്ത ശക്തികളുടെ അഭിലാഷം ഇതിന്റെ പുറകിലുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അനാവശ്യമായി തൊഴിൽക്കുഴപ്പങ്ങളിൽ ഇടപെട്ട് ഭരണകൂടത്തെ താറടിക്കാൻ ചില പോലീസുകാർ ശ്രമിക്കുന്നുണ്ടെന്ന ആരോപണം ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ ആരോപണങ്ങാം ഉയർന്നുവന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അത് തടയാനുള്ള നടപടികാം സർക്കാർ സ്വീകരിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്.

അതുപോലെതന്നെ കുററവാളികളായി ജയിലിൽ കഴിയുന്ന തടവുകാരോട് സംസ്കാരസമ്പന്നരായ സമൂഹത്തിന് ധാർമ്മികമായ ചില കടപ്പാടുകളുണ്ട്. മനശാസ്ത്രപരവും ധാർമ്മികവുമായ സമീപനംകൊണ്ട് അവരെ സംസ്കരിച്ചെടുക്കുക എന്നുള്ളതാണ് തടവുശിക്ഷകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ ഇന്നത്തെ ജയിൽ ജീവിതം ഈ ഉദ്ദേശത്തിന് തികച്ചും അപര്യാപ്തമാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽപെട്ടോ ഒരു നിമിഷത്തിൽ വന്നുപോയ പാളിച്ചകൊണ്ടോ സംഭവിച്ചുപോയ തെററിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട സാധാരണക്കാരായ തടവുകാരെ വിട്ടയച്ചുകൂടെ? ഈ ഐക്യമുന്നണി സർക്കാർ അധികാരത്തിൽ വന്ന് രണ്ടുവർഷം പൂർത്തിയാക്കിയ അടിസ്ഥാനത്തിൽ അഞ്ചു വർഷം പൂർത്തിയായ തടവുകാരെ വിട്ടയയ്ക്കുന്നകാര്യം സർക്കാർ സഗൗരവം

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുമോയെന്ന് എനിക്ക് ചോദിക്കാനുണ്ട്. അതുപോലെതന്നെ പുരോഗമനത്തിന്റെ ഉന്നത നിലവാരം പുലർത്തുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ഈ കാലഘട്ടത്തിൽ മനുഷ്യനെ കഴുമരത്തിൽ കയററുന്ന പ്രാകൃത നിയമം പൊളിച്ചു മാററിക്കൂടെ? പ്രസിഡന്റിന്റെ ദയാ ദാക്ഷിണ്യത്തിനു വേണ്ടി ദയാഹർജ്ജി സമർപ്പിച്ച് കഴുമരവും സ്വപ്നം കണ്ടുകൊണ്ട് കഴിയുന്ന രണ്ടാളുകൾ കണ്ണൂർ സെൻട്രൽ ജയിലിൽ ഇപ്പോഴും ഉണ്ടെന്നാണ് എന്റെ അറിവ്. ഈ നിർഭാഗ്യവാൻമാരെ കൊലക്കയററിൽനിന്നും രക്ഷിക്കുന്ന കാര്യം നമുക്കൊന്ന് ആലോചിക്കാവുന്നതല്ലേ? ഇന്നുള്ള ജയിൽ നിയമങ്ങളിൽ ആവശ്യമായ മാററങ്ങൾ വരുത്തി ജയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൊല്ലത്തിലൊരിക്കലെങ്കിലും ജയിൽവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ജയിൽ സന്ദർശിച്ച് തടവുകാരുടെ പരാതി കേൾക്കണം. അതുപോലെതന്നെ മൂന്ന് മാസത്തിലൊരിക്കൽ ജില്ലാ കളക്ടർ ജയിൽ സന്ദർശിച്ച് പരാതി കേൾക്കണം. അതുപോലെതന്നെ പരോൾ നിയമം ലഘൂകരിക്കണം.

സർ, ബേപ്പൂർ തുറമുഖ വികസനം സർക്കാർ ശ്രദ്ധിക്കണം; പുതിയാപ്പാ തുറമുഖത്തിന്റെ കാര്യത്തിൽ പ്രത്യേകം താൽപ്പര്യം കാണിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പോലീസിനെക്കുറിച്ച് പറയുമ്പോൾ അത് ആകെ പരിഷ്കരിക്കേണ്ട ഒരു ഘട്ടത്തിലാണ് നിൽക്കുന്നത് എന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അപ്പുറത്തുനിന്ന് സംസാരിച്ച ബഹുമാനപ്പെട്ട മൊയ്തീൻ തന്നെ പോലീസിന്റെ സമീപനത്തിൽ വരുത്തേണ്ട മാററത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. സർ, നമ്മുടെ രാജ്യത്തിലെ പോലീസ് ഇവിടത്തെ ജനങ്ങളെ അടിമകളാക്കി വയ്ക്കാൻ ഉണ്ടാക്കിയ ഒരു സംവിധാനമാണ്. അതേ സംവിധാനമാണ് ഇന്നും തുടരുന്നത്. നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളെ അടിമ എന്ന മനോഭാവത്തിൽ മാത്രമേ, ബ്രിട്ടീഷുകാരുടെ പോലീസിന്റെ അതേ മനോഭാവത്തിൽ മാത്രമേ, നമ്മുടെ പോലീസിന് ഇന്നും നോക്കിക്കാണാൻ സാധിക്കുന്നുള്ളു. ഇതിന് ഒരു മാററം വരണമെങ്കിൽ ആദ്യമായി ഇതിന്റെ ട്രെയിനിംഗ് സമ്പ്രദായത്തിൽതന്നെ മാററം ആവശ്യമാണെന്നാണ് പറയുന്നത്. ഞാൻ അത്തരം കാര്യങ്ങളിൽ ഒരു വിദഗ്ദ്ധനല്ല. എങ്കിലും ചിലർ പറയുന്നത് ഈ ട്രെയിനിംഗ് കഴിയുന്നതോടുകൂടി നല്ല ചെറുപ്പക്കാരായ ആളുകൾ തന്നെ ഇന്നത്തെ പോലീസിന് പററുന്ന ആളായി മാറുമെന്നാണ്. ആ രീതിയിൽ സമൂഹത്തോട് ബാദ്ധ്യതയില്ലാത്ത പ്രത്യേക രീതിയാക്കി മാററുന്ന ട്രെയിനിംഗ് സമ്പ്രദായം ഇന്ന് പോലീസ് ട്രെയിനിംഗിൽ നിലനിൽക്കുന്നു എന്നാണ് കേൾക്കുന്നത്. പോലീസിനെ നവീകരിക്കുക എന്നു പറയുമ്പോൾ ഈ മനോഭാവത്തിൽ മാററം വരുത്തുന്ന കാര്യത്തിലാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടത്.

സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു വമ്പിച്ച പോലീസ് വ്യൂഹം നിലനിൽക്കുകയാണ്. 6 ഐ. ജി. മാർ തന്നെയുണ്ട്. 20 ഡി. ഐ. ജി. മാർ ഉണ്ടെന്നാണ് കേൾക്കുന്നത്. ഇപ്പോൾ 3 എണ്ണം കൂടി വർദ്ധിച്ചു. അങ്ങനെ 23 ആയിട്ടുണ്ട്. ഒന്നു രണ്ടുപേർ സസ്പെൻഷനിൽ പോയതൊഴിച്ചാൽ ബാക്കിയുള്ളവരിൽ ചിലർ ഡെപ്യൂട്ടേഷനിൽ, ചിലർ മററ് ഡ്യൂട്ടികളിലൊക്കെയാണ്. പിന്നെയുള്ള വരെല്ലാം ഈ സർവ്വീസിൽതന്നെ നിൽക്കുകയാണ്. പക്ഷേ, ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഒരു വ്യൂഹം തന്നെ നിലനിൽക്കുമ്പോഴും നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ കാര്യങ്ങളിൽ പോലീസിന്റെ ഏതുഭാഗത്തുനിന്നും നല്ല പ്രതികരണം കിട്ടുന്നില്ലെന്നുള്ളത് ഒരു വാസ്തവമാണ്. അത് പ്രതിപക്ഷം എതിർക്കാൻ ബാദ്ധ്യതപ്പെട്ടതുകൊണ്ടുമാത്രം പറയുകയല്ല.

സർ, നമ്മുടെ സംസ്ഥാനത്തെ പോലീസിനെ, നമ്മുടെ സംസ്ഥാനത്തെ അഴിമതി ബാധിച്ചിരിക്കുന്നു എന്ന് കാണാൻ കഴിയും. എന്തുകൊണ്ട് ഈ രീതിയിൽ അഴിമതി ബാധിക്കുന്നു എന്ന് പരിശോധിച്ചാൽ ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള ചില സംഭവങ്ങൾ, കയറുന്നതുതന്നെ അഴിമതിയിൽ കൂടിയാണെന്ന് കാണാൻ സാധിക്കും. ഒരു സബ് ഇൻസ്പെക്ടർ ഇതിനിടയ്ക്ക് പറഞ്ഞതായിട്ടു കേട്ടത്: ''ഞാൻ കയറിയതുതന്നെ 20,000 കൊടുത്തിട്ടാണ്, ഞാൻ ആ 20,000 ഉണ്ടാക്കേണ്ടേ'' എന്നാണ്.

ശ്രീ. കെ. എം. മാണി: ആർക്ക് കൊടുത്തുവെന്നാണ്: എന്ന് കൊടുത്തുവെന്നാണ്?

ശ്രീ. പിണറായി വിജയൻ: ഇപ്പോഴം സംഖ്യ കൂടിയെന്നാണ് കേൾക്കുന്നത്. അനിരുദ്ധൻ പറയുന്നത്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. പിണറായി വിജയൻ: ഞാൻ എന്തിന് അയാളുടെ വയററത്തടിക്കുന്നു. 20,000 രൂപ കൊടുത്തിട്ടുവന്നതുകൊണ്ട് അതുണ്ടാക്കണമെന്ന് കുറച്ചുമുമ്പ് ഒരു സബ് ഇൻസ്പെക്ടർ പറഞ്ഞത് കേൾക്കാൻ സാധിച്ചു. അതാണ് സ്ഥിതി. അത്തരം ആളുകൾ സർവ്വീസിൽ കയറുന്നതോടുകൂടി തന്നെ അഴിമതി നടത്തുന്നു. അതുകൊണ്ട് മേൽത്തട്ടിലുള്ള ഈ അഴിമതി ഒഴിവാക്കേണ്ടതാണ്. നമ്മുടെ പരിഷ്കൃത സമൂഹം അംഗീകരിക്കാത്ത പലകാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് കേരളത്തിലെ പോലീസ്.

സർ, ഇൻഡ്യൻ പാർലമെന്റിൽ നമ്മുടെ പ്രധാനമന്ത്രിയടക്കം പറഞ്ഞതാണ്, കൈവിലങ്ങുവയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്ന്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ പോലീസ് ചില പ്രക്ഷോഭണങ്ങളിൽ പങ്കെടുത്ത ആളുകളെ കൊണ്ടുപോകുന്ന സന്ദർഭത്തിൽപോലും കൈവിലങ്ങുവയ്ക്കുന്ന സമ്പ്രദായം സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മിച്ചഭൂമി സമരത്തിന്റെ ഘട്ടത്തിൽ കൈവിലങ്ങുവച്ചത് വളരെ ആക്ഷേപങ്ങൾക്കിടയാക്കിയതും ആ സംഭവം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതുമാണ്. കൈവിലങ്ങു വച്ചുകൊണ്ടുപോകുന്നത് ഒരു അലങ്കാരമായിട്ടാണ് ഗവൺമെന്റ് കാണുന്നതെങ്കിൽ അത് ഈ പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ലെന്ന് മനസ്സിലാക്കണം.

അതുപോലെതന്നെ ഒരാളെ പോലീസ്കസ്ററഡിയിൽ ഇത്ര മണിക്കൂറേ വയ്ക്കാൻ പാടുള്ളു എന്നു നിയമമുണ്ട്. ആ നിയമം ലംഘിക്കുന്നതു പോലീസ് തന്നെയാണ്. എത്രദിവസം വേണമെങ്കിലും കസ്ററഡിയിൽ സൂക്ഷിക്കും. അതിന് യാതൊരുമടിയും പോലീസിനുണ്ടാകുകയില്ല. അവസാനം കോടതിയിൽ ഹാജരാകുമ്പോൾ കുറച്ചുമുമ്പുപിടിച്ചതായി റിക്കാർഡുണ്ടാക്കും. അതുപോലുള്ള ഏർപ്പാടുമാത്രമല്ല ഇപ്പോഴും തുടർന്നുകൊണ്ടിരിക്കയാണ്. അത്തരം ഏർപ്പാടുകൾ നിറുത്താനാവശ്യമായ ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഫലപ്രദമായുണ്ടാകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പോലീസ് വകുപ്പ് കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ചിലർക്കെല്ലാം വന്നുചേരുന്ന ഒരു രോഗം ഉണ്ട്. ആ രോഗം ഒരു പ്രത്യേകസ്വഭാവരീതിയാണ്. ആ പ്രത്യേക സ്വഭാവരീതി മാണിയേയും ബാധിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. അതിന്റെ ഭാഗമാണ്, കേരളത്തിൽ വളരെപ്രസിദ്ധമായ ആ എറണാകുളം സംഭവം. ഈ മാണിക്കെതിരായ ഒരു കേസ് വാദിച്ചുപോയി എന്നുള്ള ഒരു കുററം മാത്രമാണ് അവിടത്തെ അഡ്വക്കേററ് മാത്യൂസക്കറിയാ ചെയ്തത്. അത് ഒരു കുററമാണോ സർ. അങ്ങനെ ഒരു കുററം ചെയ്തുപോയി എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മാണിക്ക് വൈരനിര്യാതനബുദ്ധി ഉണ്ടായതിന്റെ പേരിലാണ് ആ മാത്യൂസക്കറിയായെ അർദ്ധരാത്രി അറസ്ററ് ചെയ്തുകൊണ്ടു പോയത്. അർദ്ധരാത്രി അറസ്ററുചെയ്തുകൊണ്ടുപോയി. പിറേറദിവസം കാലത്തു ഈ മനുഷ്യൻ അപ്രത്യക്ഷമായി പോകുമായിരുന്നോ? അങ്ങനെകരുതലോടുകൂടി നിന്ന് വീടിനുചുററും കാവൽനിന്ന്, വീട്ടിൽനിന്ന് എവിടെയെങ്കിലും പോകുന്നുണ്ടോ എന്നുനോക്കി അർദ്ധരാത്രി തന്നെ പ്രവേശിച്ച് അറസ്ററു ചെയ്തു കൊണ്ടു പോകേണ്ട രീതിയിലുള്ള ഒരു ഭീകരജീവി ആയിരുന്നോ ആ അഡ്വക്കേററ്? എന്തിന് ഈ രീതിയിലുള്ള ഒരു സമീപനം അദ്ദേഹത്തോടു സ്വീകരിച്ചു? അദ്ദേഹത്തിനു ചങ്ങാതിയായി കിട്ടിയമനുഷ്യനാണ് ഏററവും വിചിത്രം. അത് നമ്മുടെ തോമസാണ്. അദ്ദേഹത്തെ മാണിക്കു നന്നായി അറിയാവുന്നതാണ്. ഇപ്പോഠംമാത്രമല്ല, പണ്ടേ അറിയാവുന്നതാണ്. ഇതേ മാണി ഞങ്ങളുടെ കൂടെ പ്രതിപക്ഷത്തിരുന്നകാലത്ത് ഒരു ദിവസം കണ്ണൂരിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിക്കാൻ വന്നിരുന്നു. ആ പൊതുയോഗത്തിൽ പ്രസംഗിച്ചതിന്റെ ഫലമായിട്ട് മാണിയുടെ പ്രസംഗത്തിലെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ടാണ് തല്ലുകൊള്ളേണ്ടിവന്നത്. കണ്ണൂരിലെ ഞങ്ങളുടെജില്ലാ കമ്മിററി മെമ്പറായ സഖാവ് സഹദേവനാണ്. സഹദേവനെതല്ലിയത് ഈ പോലീസ് ഉദ്യോഗസ്ഥനുമാണ്. മാണിക്ക് ഉപകാരസ്മരണ വേണം. വേണ്ടെന്നു ഞാൻ പറയുന്നില്ല. ആ ഉപകാരസ്മരണയുടെ ഭാഗമായി ബഹുമാനപ്പെട്ട മാണി, തോമസിനെ പല രീതിയിലും ലാളിച്ചുവന്നിട്ടുണ്ടെന്നുള്ളത് നമുക്ക് അറിയാവുന്നതാണ്. ഏതായാലും ഈ തോമസിനെ ഒരു വൈദ്യ പരിശോധനക്കു വിധേയമാക്കിയാൽ ഇയ്യാഠം സ്ഥിരബുദ്ധിയില്ലാത്ത മനുഷ്യനാണെന്നു മനസ്സിലാക്കാവുന്നതാണ്. അതിനുള്ള ഏർപ്പാട് ഗവൺമെൻറ് ഉണ്ടാക്കണം. അങ്ങനെയുള്ള സ്ഥിരബുദ്ധിയില്ലാത്ത ആളിനെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മാണിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത് ഒരു തരത്തിലും ഭൂഷണമല്ലെന്നു മാണിയേയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ അടിയന്തിരാവസ്ഥക്കാലത്ത് പോലീസിനെ ഉപയോഗിച്ചു. ഇവിടെ യൂണിയൻ ഉണ്ടാക്കാൻ ശ്രമിച്ചവർ ഉണ്ട്. അതിൽ ഒരാളായിരുന്നു ബഹുമാനപ്പെട്ട കരുണാകരൻ. അന്ന് ഐ. എൻ. ററി. യൂ. സി. ഉണ്ടാക്കാൻ കരുണാകരൻ ശ്രമിച്ചിരുന്നത് പോലീസിനെ ഉപയോഗിച്ചുകൊണ്ടാണ്. ഇന്ന് അതേ മനോഭാവം ബഹുമാനപ്പെട്ട മാണിയുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് ആകെ എടുത്താൽ മൂവായിരത്തിൽപരം ചുമട്ടു തൊഴിലാളികളുണ്ട്. അതിൽ വലിയങ്ങാടിയിൽ മാത്രം ആയിരത്തോളം ചുമട്ടു തൊഴിലാളികഠം ഉണ്ട്. അവിടെ പ്രധാനപ്പെട്ട മൂന്നു യൂണിയനുകളാണ് പ്രവർത്തിക്കുന്നത്. അതിൽ ഒന്ന് ഐ. എൻ. ററി. യു. സി. മററൊന്ന് സി. ഐ. ററി. യു. അടുത്തത് എസ്. ററി. യു. എസ്. ററി. യു. രണ്ടു വിഭാഗമുണ്ട്. അത്രയുമാണ് യൂണിയനുകഠം. മാണിക്ക് ഇവിടെ കേരളാകോൺഗ്രസിന്റെ, ഒരുയൂണിയൻ

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്ന നിർബന്ധം, അതിന് ആളില്ല. അപ്പോഴ ആരം ഉണ്ടാക്കണം. അതിന് എന്താണ് വഴി. ഇന്നുള്ള തൊഴിലാളികൾക്കു ജോലി കൊടുക്കാതിരിക്കുക, വേറെ കുറെ തൊഴിലാളികൾക്കു ജോലികൊടുക്കുക. അതിനു വേണ്ടി അവിടെ പോലീസിനെ ഇറക്കി. റോഡിൽ സാർവ്വത്രികമായി പോലീസ് ഉണ്ട്. സാധനങ്ങൾ കയററാനും ഇറക്കാനും ഇന്നുള്ള തൊഴിലാളികളെ അനുവദിക്കുന്നില്ല. പുതിയ മററു തൊഴിലാളികൾക്കേ സാധനങ്ങൾ കയററാനും ഇറക്കാനും പാടുള്ളു. അവരെമാത്രമേ അനുവദിക്കുന്നുള്ളു. അത്തരം സംഘർഷാവസ്ഥ ഉണ്ടാക്കാൻ തൊഴിലാളികളുടെ ഭാഗത്തുനിന്ന് യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല. ഇവിടെ പണിമുടക്ക് ഉണ്ടായിട്ടില്ല, പണിമുടക്കു നോട്ടീസും ഉണ്ടായിട്ടില്ല, അവർ തമ്മിൽ പ്രശ്നവും ഉണ്ടായിട്ടില്ല, അങ്ങനെയുള്ള ഘട്ടത്തിൽ ബഹുമാനപ്പെട്ട മാണിക്ക് ഒരു യൂണിയൻ ഉണ്ടാക്കണമെന്ന ആഗ്രഹം മാത്രമാണ്. അവിടെ പോലീസിനെ ഇറക്കികൊണ്ട് വലിയങ്ങാടിയിൽ സംഘർഷാവസ്ഥ ഉണ്ടാക്കാൻ ശ്രമിച്ചു എന്നതാണ് യാഥാർത്ഥ്യം. ഇതിനുമുമ്പുള്ള അനുഭവത്തിൽനിന്ന് പഠിക്കായ്മയാണ്. കണ്ടാലെങ്കിലും പഠിക്കാൻ ബഹുമാനപ്പെട്ട മാണി തയ്യാറാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അതിന് ഒരു അപവാദമായിട്ടാണ് ഇപ്പോൾ മാണി നിൽക്കുന്നത്. ഇത്തരം ഒരു സമീപനം, പൂർണ്ണമായും നാണക്കേട് എന്നല്ലാതെ മറെറാന്നും മാണിയോടു പറയാനുണ്ടെന്നു തോന്നുന്നില്ല.

തൊഴിലാളി സമരത്തിൽ പോലീസ് സ്വീകരിക്കുന്ന സമീപനം എന്താണെന്നു മൊയ്തീൻ പറഞ്ഞു. ഞാൻ പറയേണ്ട കാര്യമില്ല. സമരത്തിൽ പോലീസ് സ്വീകരിക്കുന്ന സമീപനം തൊഴിലാളികൾക്ക് എതിരാണ്, മുതലാളിമാർക്ക് അനുകൂലമാണ്. വടകരയിലെ സ്റേറാൺ ക്രഷർ യന്ത്രം ഉപയോഗിക്കുന്നതിനെതിരായി നടത്തുന്ന സമരമുണ്ട്. ആ സമരത്തിൽ പങ്കെടുത്ത തൊഴിലാളികളുടെ നേരെ ലാത്തിചാർജ്ജ് നടത്തുന്ന സമീപനമാണ് പോലീസിൻെറ ഭാഗത്തുനിന്നും ഉണ്ടായത്. വിദ്യാർത്ഥികളുടെ നേരെ ശത്രുതാമനോഭാവത്തോടുകൂടിയാണ് പോലീസ് പെരുമാറികൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികൾ അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമരം നടത്തുമ്പോൾ പോലീസ് നടത്തിയ ലാത്തിചാർജ്ജുകൾ കോഴിക്കോട് പലഭാഗത്തുനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവമ്പാടി പാരലൽ കോളേജിലെ വിദ്യാർത്ഥികളേയും, വെസ്ററ് ഹിൽ പോളിടെക്നിക്കിലെ വിദ്യാർത്ഥികളേയും, കോഴിക്കോട് മെഡിക്കൽ കോളേജിനടുത്തുള്ള വിദ്യാർത്ഥികളേയും ലാത്തിചാർജ്ജ് നടത്തിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കുററിച്ചിറക്ക് അടുത്തുള്ള പള്ളി തർക്കത്തിൽ ഇടപെട്ട് പള്ളിയും പോലീസ് കൈവശമാക്കി എന്നാണ് കേൾക്കുന്നത്. അങ്ങനെ പോലീസിൻെറ ഭാഗത്തുനിന്നുള്ള ഇത്തരം സമീപനത്തിന് മാററം ആവശ്യമാണ്. എന്നാൽ പഴയ സമീപനത്തിൽ തന്നെ പോലീസ് ഇപ്പോഴും നിൽക്കുകയാണ്.

ആർ. എസ്. എസ്.-ന് എതിരായി ശക്തിയായ നടപടികൾ ഗവൺമെൻറ് എടുത്തിട്ടുണ്ടെന്നാണ് പറയാറുള്ളത്. ആർ. എസ്. എസ്.-ൻെറ നേതാവ് ദേവരസ് തലശ്ശേരിയിൽ വരുന്ന ഘട്ടത്തിൽ അദ്ദേഹത്തിന് സ്വീകരണം കൊടുക്കാൻ നോട്ടീസിൽ പേരുവച്ച് പ്രസിദ്ധപ്പെടുത്തിയ സ്വീകരണ കമ്മിററിയിലെ അംഗമായിരുന്ന ബഹുമാനപ്പെട്ട ശ്രീ. പി. ഭാസ്കരൻ ഇന്നു കാലത്ത് ഇവിടെ ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ച് സംസാരിച്ചതുകേൾക്കാൻ എനിക്കു സാധിച്ചു. തലശ്ശേരിയിൽ

2/464—11

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ഭാഗത്ത് ആർ. എസ്. എസ്.-കാർ പുതിയ ആക്രമണം ആരംഭിച്ചിരിക്കുകയാണ്. പഴയ കാര്യങ്ങളിലേക്ക് വിശദമായി കടക്കണമെന്ന് ആഗ്രഹിക്കുന്നില്ല. തലശ്ശേരിയിൽ പുതുതായി ആക്രമണം നടത്തിയിരിക്കുന്നു. മിനഞ്ഞാന്നു രാത്രി ഞങ്ങളുടെ പാർട്ടിയിലെ ഒരു മെമ്പർ, രവീന്ദ്രൻ, ഒരു യോഗം കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചുപോവുകയായിരുന്നു. അയാളെ ആർ. എസ്. എസ്.-കാർ തല്ലി. ഇന്നലെ കാലത്ത് ബഹുമാനപ്പെട്ട മന്ത്രി മാണി പറഞ്ഞമാതിരിയല്ല ആ സംഭവം ഇവിടെ ഉണ്ടായത്. ബസ് സ്റ്റോപ്പിൽ നിൽക്കുന്ന രണ്ട് ആളുകളെ പ്രകാശിനേയും ശശിയേയും ആർ. എസ്. എസ്.-കാർ ബോംബ് എറിഞ്ഞും, ആസിഡ് ബോംബ് എറിഞ്ഞും പരിക്കേൽപ്പിച്ചു. ആ പ്രദേശത്തിൽ ധാരാളം തൊഴിലാളികളും, ബീഡികമ്പനികളും ഉണ്ട്. അവർ ഒച്ച കേട്ട് ഓടിക്കൂടി, ഓടിക്കൂടിയപ്പോൾ ഇവരെല്ലാം ഓടി. ഈ പറയുന്ന ഫൽഗുനന്റെ വീട്ടിൽ ചെന്നു. അതല്ലാതെ എങ്ങനെ ഈ ഫൽഗുനന്റെ വീട്ടിൽ പന്ത്രണ്ട് ആളുകൾ ഒന്നിച്ചുവരും. പന്ത്രണ്ടുപേർ ഒരുപോലുള്ള ചെറുപ്പക്കാരാണ്. ആ പന്ത്രണ്ടാളുകൾ ഓടി വീട്ടിൽ എത്തിയപ്പോൾ പിന്നാലെ ജനക്കൂട്ടം ഓടി എന്നു പറയുന്നത് യാഥാർത്ഥ്യം ആണ്. അതല്ലെന്ന് ഞാൻ പറയുന്നില്ല. പിന്നെ അവർ എന്തു ചെയ്യും. ബോംബ് എറിഞ്ഞും, ആസിഡ് ബോംബ് എറിഞ്ഞും പരിക്കേൽപ്പിച്ചാൽ ഇത്തരം ആളുകളെ സാധാരണ ഭ്രാന്തൻ നായെ നേരിടുന്നതുപോലെ. ആളുകൾ നേരിടുകയില്ലേ? അങ്ങനെ ഓടി ഫൽഗുനന്റെ വീട്ടിൽ എത്തി. അതിന്റെ പിന്നാലെ ജനക്കൂട്ടവും ഓടിച്ചെന്നു എന്നതാണ് യാഥാർത്ഥ്യം. തലശ്ശേരിയിലെ പോലീസ് ആർ. എസ്. എസ്.-കാർക്ക് അനുകൂലമായിട്ടുള്ള മനോഭാവമാണ് എല്ലാ കാര്യങ്ങളിലും സ്വീകരിക്കുന്നതെന്ന് അക്കമിട്ട് എടുത്തുപറയാൻ സാധിക്കും. സമയം ഇല്ലാത്തതുകൊണ്ട് ദീർഘിപ്പിക്കുന്നില്ല. തലശ്ശേരിയിൽ മറ്റ് സ്ഥലങ്ങളിൽ ആർ. എസ്. എസ്.-കാർ ആയുധവുമായി വന്ന് ക്യാമ്പുചെയ്യുകയാണ്. ആ ക്യാമ്പ് ചെയ്യുന്ന ആളുകളെ കസ്റ്റഡിയിൽ എടുക്കാൻ പോലീസുകാർ തയ്യാറാകുന്നില്ല. ചില പ്രത്യേക വീടുകൾ വാടകയ്ക്ക് എടുത്തുതാമസിക്കുന്നു. വീട്ടിൽ ആളുകൾ താമസിക്കുന്നുണ്ടെങ്കിലും പോലീസിന്റെ ശ്രദ്ധയിൽപെടുത്തിയാൽ പോലും, മറ്റ് സ്ഥലത്തുള്ള റൗഡികൾ ആയുധത്തോടുകൂടിവന്നവരാണെന്ന് അറിയാമായിരുന്നിട്ടു പോലും. പോലീസ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

ഒരു വാചകംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. നമ്മുടെ സംസ്ഥാനത്ത് വളരെ ഫലപ്രദമായ രീതിയിൽ പോലീസ് സംവിധാനമുണ്ടെന്നും, ഇവിടെ ഹരിജനങ്ങൾക്കെതിരായി മർദ്ദനങ്ങളും കാര്യങ്ങളും ഇല്ലെന്നും ആണ് മൊയ്തീൻ പറഞ്ഞത്. ആലപ്പുഴ ജില്ലയിൽ അവലൂക്കുന്നു കോളനിയിൽ ഉണ്ടായ ഒരു സംഭവത്തെ സംബന്ധിച്ച് ഇന്നു കാലത്ത് വന്ന പത്രറിപ്പോർട്ട് ഉണ്ട്. ഒരു സംഘം റൗഡികൾ കടന്നുചെന്ന് (യൂത്ത് കോൺഗ്രസുകാർ എന്നാണ് അവർ പറയുന്നത്) അമ്മയുടെ മുൻപിലിട്ട് മകളെ ബലാൽസംഗം ചെയ്ത സംഭവംവരെ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ കിട്ടിയവിവരം ഉള്ളാടൻ കോളനിയിൽ വീട് തീവച്ച് നശിപ്പിച്ചിരിക്കുന്നു. ഇത് ബീഹാറിലെ ബെൽച്ചി സംഭവത്തെ ഓർമ്മിപ്പിക്കുന്ന രീതിയിലുള്ള സംഭവമായി മാറിയിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലുള്ള രീതിയിലുള്ള ഒരു ഹരിജനമർദ്ദനമാണ് ഇവിടെ നടന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിലെ പോലീസ് പഴയമട്ടിൽത്തന്നെ തുടരുന്നു. പഴയഗവൺമെന്റിന്റെ തുടർച്ചയാണെന്നു പറയുന്ന ഈ ഗവൺമെന്റിന്റെ ആഭ്യന്തരമന്ത്രി മാണി പഴയ നിലപാടിൽ തന്നെ നിൽക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഇന്ത്യാരാജ്യത്ത് മൊത്തത്തിൽ വെടിവയ്പ്പുകളും ലാത്തിച്ചാർജ്ജുകളും നടക്കുന്ന ഈ സാഹചര്യത്തിൽ വെടിവയ്പ്പുകളില്ലാതെ, ലാത്തിച്ചാർജില്ലാതെ, പൗരാവകാശത്തിൻമേൽ കുതിരകയറാതെ പോലീസ് ഇവിടെ സാമാന്യം മെച്ചപ്പെട്ട ക്രമസമാധാന നില പാലിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്, വർഗ്ഗപരമായി മാററം വന്ന സംസ്ഥാനമാണ് നമ്മുടേത്. കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും വ്യവസായത്തൊഴിലാളികൾക്കും എല്ലാം കൂടുതൽ കൂടുതൽ പരിരക്ഷ നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം. ആ അവസരത്തിൽ വളരെ വിവാദപരമായ പോലീസ് ഭരണസംവിധാനത്തെപ്പററി നാം പരിശോധിക്കേണ്ടിയിരിക്കുന്നു. പോലീസ്ഭരണത്തിൽ സ്വാഭാവികമായി വിവാദപരമായ പ്രശ്നങ്ങൾ ഉണ്ടായിരിക്കാം. പോലീസിന് പ്രശംസ ലഭിക്കുന്ന നടപടി പലപ്പോഴും ചുരുക്കമാകുന്ന അനുഭവങ്ങളുമുണ്ട്. പോലീസിന്റെ വർഗ്ഗപരമായ സമീപനത്തെപ്പററി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ പോലീസ് ബഹുജനങ്ങളുടെ സമരങ്ങളിൽ സ്വീകരിക്കുന്ന സമീപനവും, പോലീസ് ജൻമിമാർക്കും മുതലാളിമാർക്കും സമ്പന്ന വർഗ്ഗത്തിനും വേണ്ടി നിൽക്കുന്ന സമീപനമാണോ സ്വീകരിക്കുന്നത് എന്ന് ആത്മപരിശോധന നടത്തേണ്ട ഘട്ടമാണിത്. ഇന്ത്യയിലെ മററു പല ഭാഗങ്ങളിലും നടക്കുന്ന സംഭവപരമ്പരകളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ബൽച്ചി മുതൽ കാഞ്ചിപ്പാർവരെയുള്ള സ്ഥലങ്ങളിൽ നടന്ന സംഭവങ്ങൾ ഇവിടെത്തന്നെ പലതവണ പറഞ്ഞിട്ടുള്ളതാണ്. ഇവിടത്തെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് യോജിക്കാൻവയ്യാത്ത നിരവധി പ്രക്ഷോഭണങ്ങളും സമരങ്ങളും ഈ അടുത്തകാലത്ത് നടന്നിട്ടുണ്ട്. ആ സമരങ്ങളിലെല്ലാം നമ്മുടെ പോലീസ് എന്തുനയമാണ് സ്വീകരിച്ചത് എന്നുള്ളത് നാം ആലോചിക്കണം. കോടിക്കണക്കിന് രൂപയുടെ പൊതുമുതൽ നശിപ്പിച്ച ഇലക്ട്രിസിററി സമരത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെയാകെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു സർ, അത്. ആ സമരത്തിൽ പോലീസ് പ്രശംസനീയമായ പങ്കുവഹിച്ചു എന്നാണെന്റെ അഭിപ്രായം. കഴിഞ്ഞ മൂന്നുനാലു മാസത്തിനു മുമ്പ് കടലിൽ മത്സ്യത്തൊഴിലാളികൾ തമ്മിൽ രൂക്ഷമായ ഒരു സംഘട്ടനം നടന്നു. അക്കാര്യത്തിലും ഗവൺമെന്റിന്റെ നിർദ്ദേശം അക്ഷരാർത്ഥത്തിൽ അംഗീകരിച്ചുകൊണ്ട് ആക്ഷേപമില്ലാത്തവിധം പോലീസ് അധികാരികൾ പ്രവർത്തിച്ചു. പിന്നെ മറെറാന്ന് ആർ. എസ്. എസ്.-ന്റെ കാര്യമാണ്. പാമ്പിന് പാലുകൊടുക്കുന്നതുപോലെ ആർ. എസ്. എസ്. നെ ദൈനംദിനം പാലുകൊടുത്ത് ശക്തിപ്പെടുത്തുന്ന ഒരു പാർട്ടിയാണ് മാർക്സിസ്ററ് പാർട്ടി. പക്ഷേ ഇപ്പോൾ അവർക്ക് ചില മാററങ്ങളൊക്കെ വന്നിട്ടുണ്ട്. കൂടുതലാളുകളെ തല്ലിക്കൊല്ലുന്നു, കൂടുതൽ ആളുകൾ മരിക്കുന്നു എന്ന് കണ്ടപ്പോഴാ ഒരുപക്ഷെ അപ്പുറത്തിരിക്കുന്നവർക്ക് മാനസാന്തരം വന്നേക്കാം. ഈ സംസ്ഥാനഗവൺമെന്റ് ആർ. എസ്. എസ്.-നെതിരായി ശക്തമായ നിലപാട് സ്വീകരിച്ചു. ആർക്കും ആക്ഷേപമില്ലാത്ത നിലയിലാണ് പോലീസ് പ്രവർത്തിക്കുന്നത്. അതുപോലെ തന്നെ മാർക്സിസ്ററ് പാർട്ടിയിൽപ്പെട്ട പന്തീരായിരത്തോളം ആളുകളെ ജയിലിലടയ്ക്കേണ്ടിവന്ന ഒരു സമരം ഇവിടെ നടന്നു-മിച്ചഭൂമി സമരം. ഈ രാജ്യത്താർക്കും ആവശ്യമില്ലാത്ത ഒരു സമരമായിരുന്നു അത്, നിരവധി പ്രാവശ്യം നടത്തിയതുമാണ്

മററുപല സ്റേററുകളിലും ഒരു സത്യാഗ്രഹംപോലും നടത്താനില്ലെന്നുകണ്ടപ്പോഠം മിച്ചഭൂമി സമരമെന്ന പേരിൽ ഇവിടെ നടത്തപ്പെട്ട സമരത്തിൽ ആരെയോ ഒരാളെ കൈവിലങ്ങുവച്ചു എന്ന് ബഹുമാനപ്പെട്ട വിജയൻ പറഞ്ഞു. അതുകഴിച്ചാൽ ഒരാക്ഷേപംപോലുമില്ലാത്ത നിലയിലാണ് പോലീസ് ആ സമരത്തെ സമീപിച്ചത്. അതെല്ലാം കാണിക്കുന്നത് പോലീസിന്റെ വ്യക്തമായ നയത്തെയാണ്. തൊഴിൽ സമരങ്ങളിലും ബഹുജനസമരങ്ങളിലുമൊക്കെ ഇടപെട്ട് അവയെ അടിച്ചമർത്തുന്ന സമീപനമല്ല ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്. നേരെമറിച്ച് ഇവിടുത്തെ പാവപ്പെട്ട ജനങ്ങഠക്ക് ഒരു ഉപകരണമായി മാറണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത് എന്നുവെച്ച് ഇതെല്ലാം അക്ഷരാർത്ഥത്തിൽ നടക്കുന്നു എന്ന് ഞാനവകാശപ്പെടുന്നില്ല. അങ്ങനെ സഖാവ് വിജയനും ആഗ്രഹിക്കുന്നില്ല എന്നാണ് എനിക്കുതോന്നുന്നത്. ഇവിടെ മറിച്ചുള്ള ഒററപ്പെട്ട പല സംഭവങ്ങളും നടക്കുന്നുണ്ട്. പക്ഷേ അതിപ്പോഠം മാത്രമാണോ സംഭവിച്ചിട്ടുള്ളത്? 1967-69 കാലഘട്ടത്തിൽ സാക്ഷാൽ ഇ എം.എസ്. ഭരിച്ചകാലത്തും അത്തരം ഒററപ്പെട്ട സംഭവങ്ങഠം നടന്നിട്ടുണ്ട്. അദ്ദേഹം മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയുമായിരുന്നപ്പോഴത്തെ ഭരണം നാം ഓർക്കണം. ആ ഗവൺമെൻറ് തൊഴിലാളികളെ അടിച്ചമർത്തുന്ന ഗവൺമെൻറായിരുന്നു എന്നുള്ള വിവക്ഷയിലല്ല ഞാൻ പറയുന്നത്. ഈ കൊച്ചുകേരളത്തിലെ ചെത്തുതൊഴിലാളി പ്രസ്ഥാനത്തെപ്പററി സഖാവ് വിജയനും മാർക്സിസ്ററുകാരും ഓർക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കൊള്ളലാഭമുണ്ടാക്കുന്ന കോൺട്രാക്ടർമാർക്കെതിരായി 1967-68 കാലഘട്ടത്തിൽ പൂഞ്ഞാറിലെ ചെത്തുതൊഴിലാളികഠം നടത്തിയ സമരത്തെ പോലീസിനെ മാത്രം ഉപയോഗിച്ച് അടിച്ചമർത്തുന്ന സമീപനമല്ല സഖാവ് ഇ. എം. എസും എക്സൈസ് കൈകാര്യം ചെയ്തിരുന്ന കെ. ആർ. ഗൗരിയമ്മയും അടക്കമുള്ള മാർക്സിസ്ററുകാർ സ്വീകരിച്ചത്. ചെത്തുതെങ്ങിന്റെ കുല ചെത്തിക്കളയുന്ന പാരമ്പര്യമാണ് ഇവിടത്തെ എക്സൈസ് ഉദ്യോഗസ്ഥൻമാർക്കുണ്ടായിരുന്നത് എന്ന് നമുക്കറിയാം. യഥാസമയം പോലീസിനെ കിട്ടാതെവന്നപ്പോഠം ഈ എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് ലാത്തിയും കൊടുത്ത് ചെത്തുതൊഴിലാളി സമരത്തെ അടിച്ചമർത്തിയ കഥ ദയവായി വിജയൻ ഓർക്കണം. അതുപോലെ തന്നെ ആലപ്പുഴയിലെ ഹരിജൻമർദ്ദനം. വീയപുരത്തെ വെടിവയ്പ്പിൽ രണ്ടു പേർ മരിച്ചു. കല്ലുമംഗലത്തും വീയപുരത്തും ലാത്തിചാർജ് നടന്നപ്പോഠം സഖാവ് ഇ എം. എസ്. അതിനെ ന്യായീകരിച്ചു; ശക്തമായി ന്യായീകരിച്ചു. സഖാവ് എ. കെ. ജി. അതിനെ എതിർത്തകാര്യം എനിക്കറിയാം. ഇപ്പോഴും പോലീസ് സൈന്യത്തിൽ ഇത്തരം നടപടിനടത്തുന്ന ആളുകളുണ്ടെന്നതിൽ തർക്കമില്ല. കാരണം, പണ്ട് ഇവിടത്തെ പോലീസ് ശീലിച്ച ഒരു സ്വഭാവമുണ്ട്. അതിന്റെ അവശിഷ്ടങ്ങളാണ് ഇന്ന് അവിടെയുമിവിടെയും കാണുന്നത്. പോലീസ് സൈന്യത്തിലേക്ക് ആളെ റിക്രൂട്ടു ചെയ്യുന്ന ഘട്ടംമുതൽതന്നെ അടിസ്ഥാനപരമായ മാററം വരുത്തേണ്ടിയിരിക്കുന്നു. പണ്ടുകാലത്താണെങ്കിൽ കുറെ തടിമിടുക്കുള്ള ആളെ എടുത്താൽ പോലീസിന്റെ ആവശ്യം നിറവേററി എന്ന് സമാധാനിക്കാമായിരുന്നു. ഈ ആധുനികയുഗത്തിൽ, ബഹുജനങ്ങളുമായി പോലീസിന് നിത്യവും സമ്പർക്കംപുലർത്തേണ്ട ഈ ഘട്ടത്തിൽ കൂടുതൽ വിദ്യാഭ്യാസമുള്ളവരായിരിക്കണം പോലീസുകാർ. അതുപോലെ തന്നെ ശാസ്ത്രീയമായ ട്രെയിനിംഗും അവർക്കാവശ്യമാണ്. ശാസ്ത്രീയാടിസ്ഥാനത്തിൽ പല പരിഷ്കൃതരാജ്യങ്ങളും ഏർപ്പെടുത്തിയപോലെയോ അല്ലെങ്കിൽ ഇൻഡ്യയിലെ

മററുപല സ്റ്റേററുകളിലും ഉള്ളതുപോലെയോ ഒരു ട്രെയിനിംഗ് കൊടുക്കുന്നതിനാവശ്യമായ സംവിധാനം ഇവിടെ ഇല്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ട് ശാസ്ത്രീയമായ ഒരു ട്രെയിനിംഗ് സംപ്രദായം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. സർ, അതിക്രമങ്ങൾ കാണിക്കുന്ന പോലീസ് പലസ്ഥലങ്ങളിലുമുണ്ടെന്ന് സഖാവ് വിജയൻ പറഞ്ഞു. ഇടുക്കി ജില്ലയിലുണ്ടായ സംഭവത്തെക്കുറിച്ച് ആർ. ഡി. ഒ. അന്വേഷണം നടത്തി. ആ റിപ്പോർട്ട് പരിശോധിച്ച് ഗവൺമെൻറ് ചില കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. അതായത് ഗവൺമെൻറിന്റെ പോലീസ് നയത്തിന് കടകവിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം. ഒരു അന്വേഷണം നടത്തി റിപ്പോർട്ടുകിട്ടിയാൽ ആ റിപ്പോർട്ടിൽ പറയുന്നതുപോലെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ ഗവൺമെൻറ് തയ്യാറാകണം.

വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലെ സ്ഥിതിയെന്താണ്? ബൽച്ചി സംഭവത്തെക്കുറിച്ച് ഈയവസരത്തിൽ ഞാൻ ഒന്നും പറയുന്നില്ല. ബീഹാറിലെ സ്ഥിതിയൊന്ന് പരിശോധിക്കാം. കുറച്ചുനാളുകൾക്ക് മുമ്പ് ഒരു ജനതാ എം. പി. നടത്തിയ പൈശാചികമായ നടപടിയെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. സൂര്യദേവ്സിംഗ് എന്നു പറയുന്ന ആ എം. പി. 57 പേരെ കൊലപ്പെടുത്തി. അതിൽ ഐ. എൻ. ടി. യു. സി. ക്കാരും എ. ഐ. ടി. യു. സി. ക്കാരും സി. ഐ. ടി. യു. ക്കാരുമെല്ലാം ഉണ്ടെന്നാണെന്റെ വിശ്വാസം. കൂട്ടക്കൊല, കവർച്ച, ബലാൽസംഗം, പിടിച്ചുപറി തുടങ്ങി നിരവധി നിരവധി ക്രൂരകൃത്യങ്ങൾ നടത്തിയ സൂര്യദേവ്സിംഗിനെതിരായി നടപടി നടത്താൻ ഗവൺമെൻറ് തയ്യാറായില്ല. അവസാനം ജനങ്ങൾ സമരം നടത്തിയപ്പോഴാണ് തയ്യാറായത് എന്നകാര്യം അപ്പുറത്തിരിക്കുന്നവർ മനസ്സിലാക്കണം. ഇവിടത്തെ ഹരിജനങ്ങളുടെയും കർഷകത്തൊഴിലാളികളുടെയും കാര്യം എപ്പോഴും പറയുന്ന കോൺഗ്രസുകാർ ഭരിക്കുന്ന ആന്ധ്രയിലെ സ്ഥിതിയെന്താണ്? ഇൻഡ്യയിൽ ഏററവും കൂടുതൽ കർഷകത്തൊഴിലാളികളെ മർദ്ദിച്ച് റിക്കാർഡ് നേടിച്ച സംസ്ഥാനമാണ് ആന്ധ്ര. ബംഗാളിലെ സ്ഥിതിയുമായി ഒരു താരതമ്യപഠനം നടത്തേണ്ടതും ആവശ്യമാണ്. കഴിഞ്ഞ ജനുവരി 30, 31 തീയതികളിൽ ബംഗാളിൽ പത്തുമുപ്പതുപേരെ കൊന്നു. അടുത്ത ദിവസം മറെറാരു സ്ഥലത്ത് (മരിപ്പാച്ച്) രണ്ടു പ്രാവശ്യം വെടിവയ്പ്പു നടത്തി പത്തുപതിനാറു പിഞ്ചുകുഞ്ഞുങ്ങളടക്കം പത്തുമുപ്പതാളുകളെ കൊന്നു. ചന്ദ്രികപത്രത്തിൽ വന്ന വാർത്തയാണ് സർ. അതുമായി ബന്ധപ്പെട്ട ആറു പ്രവർത്തകരെ ജയിലിലടച്ചു. ഒരു പെൺകുട്ടിയെ റോഡിലിട്ട് മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ ബലാൽസംഗം ചെയ്തു. അതുപോലെതന്നെ ആറേഴ് അഭയാർത്ഥികളെ കൊന്നത് ഈയിടെയാണ്. ആ സംഭവത്തെപ്പററി അന്വേഷണം നടത്തുന്നില്ല. ഇത്തരം സാഹചര്യങ്ങളാണ് ഇൻഡ്യയിലെ പല സ്റ്റേററുകളിലുമുള്ളത്. ഈ സാഹചര്യത്തിൽ ബഹുജനസമരങ്ങളെ അടിച്ചമർത്താതെ സാമാന്യം മെച്ചപ്പെട്ട ക്രമസമാധാന നില നിലനിറുത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞു എന്നു പറയുമ്പോൾ അതിൽ ആരും കൊതിച്ചിട്ട് കാര്യമില്ല. അത് ഈ ഗവൺമെൻറിന്റെ പോലീസ് നയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ഡിമാൻറുകളെ പിന്താങ്ങുന്നത്.

<u>ശ്രീ. ഈപ്പൻ കണ്ടക്കുടി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പോലീസിന്റെ കാര്യത്തിൽ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഒരു നല്ല സമീപനം ഉണ്ടായത് ഈ സഭയിൽ മാത്രമാണെന്നാണ് എനിക്കു തോന്നുന്നത്. മുൻകാലങ്ങളിൽ പ്രതിപക്ഷത്തുനിന്നും ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ ഉപധനാഭ്യർത്ഥനകളെ എതിർത്തു സംസാരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ പോലീസ് സ്റേറഷനുകളിൽ ലോക്കപ്പ് മർദ്ദനം നടക്കുന്നു. ഈ രാജ്യത്തെ രാഷ്ട്രീയ പ്രവർത്തകർക്കു സ്വതന്ത്രമായി നടന്നു രാഷ്ട്രീയ പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല എന്നെല്ലാമുള്ള മുറവിളികളാണ് കേട്ടിരുന്നത്. ഇന്ന് അതിൽനിന്നെല്ലാം വളരെ വ്യത്യസ്തമായ ഒരു സമീപനമാണ് ഇവിടെ കണ്ടത്. ഇവിടെ ഒരു വലിയ പോലീസ് വ്യൂഹം കെട്ടിപ്പടുക്കാൻ പോകുന്നുവെന്ന് ശ്രീ. പിണറായി വിജയൻ പറഞ്ഞു. ഇവിടത്തെ സ്ഥിതി എന്താണു സർ ? നമ്മുടെ സംസ്ഥാനത്ത് 800 ആളുകൾക്ക് ഒരു പോലീസുകാരനേയുള്ളു. അതേസമയം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ 500 പേർക്ക് ഒരു പോലീസുകാരൻ എന്ന തോതിൽ ഉണ്ട്. ഇൻഡ്യയിലെ ഏതു സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ട ക്രമസമാധാനനില കെട്ടിപ്പടുക്കുന്നതിനു നമുക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളത് ഈ ഭരണകക്ഷിയുടെ ഒരു നേട്ടമാണ്. ഭരണമുന്നണിയെപ്പററി പറയുമ്പോൾ ഇത് പഴയ മുന്നണിയുടെ തുടർച്ചയാണെന്നകാര്യം ഇവിടെ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. ഈ ഗവൺമെന്റിന് അതിന്റേതായ ചില നയങ്ങളുണ്ട്. ഈ കഴിഞ്ഞകാലംവരേയും നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന ഒരു പരാതി ഇവിടെ തൊഴിൽസമരങ്ങളിൽ പോലീസ് ഇടപെടുന്നു എന്നുള്ളതാണ്. ഈ കഴിഞ്ഞ കുറെക്കാലമായി സാധാരണ ജനങ്ങളുടെ ജീവിതത്തെ സ്തംഭിപ്പിക്കുന്ന രീതിയിലുള്ള ഒരു അട്ടിമറി പ്രസ്ഥാനവും ഇവിടെ ഉണ്ടായിരുന്നു. പോലീസ് അതിലേക്കു തിരിഞ്ഞ് അത് അവസാനിപ്പിച്ചു. സാധാരണക്കാരുടെ വേലയും കൂലിയും ഇല്ലാതാക്കുന്നതിനും അവരെ തേജോവധം ചെയ്യുന്നതിനും വേണ്ടി പോലീസ് മുന്നോട്ടുവന്നിരുന്നു എന്നതായിരുന്നു മുൻകാലങ്ങളിലെ പരാതി. അതായിരുന്നു സംഭവിച്ചത്. യഥാർത്ഥ തൊഴിലാളികളെ നിലനിറുത്തിക്കൊണ്ടുതന്നെ അനാവശ്യമായ തൊഴിലാളി വർഗ്ഗത്തിന് അപമാനകരമായ, പ്രവർത്തിചെയ്തിരുന്ന ഒരുവിഭാഗം ആളുകളെ നിലയ്ക്കു നിറുത്തി. അത് പോലീസിന്റെ തെററാണോ? മുൻകാലങ്ങളിൽ പോലീസിന് ക്രമസമാധാനനിലമാത്രം നോക്കിയാൽ മതിയായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ? കഴിഞ്ഞ രണ്ടുമൂന്നുമാസക്കാലത്തിനുപുറകിലേക്ക് നമുക്കൊന്നു തിരിഞ്ഞുനോക്കാം. ഇവിടെ വലിയ ഒരു വെള്ളപ്പൊക്കമുണ്ടായി. സാധാരണ ജനങ്ങളുടെ ജീവിതം താറുമാറായി. ആ അപകടത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി പോലീസ് സേനാവിഭാഗം മുന്നിട്ടിറങ്ങുകയും ജീവകാരുണ്യപരമായ പ്രവർത്തികൾ ചെയ്യുകയും ചെയ്തു. അക്കൂട്ടത്തിൽ ഒരു പോലീസുകാരൻ മരണമടഞ്ഞു. അതേപ്പററി ആരെങ്കിലും ഓർക്കുന്നുണ്ടോ ? പോലീസ് എന്തെങ്കിലും നല്ലകാര്യങ്ങൾ ചെയ്താൽ അതു നല്ല കാര്യങ്ങളാണെന്നു പറയാൻ ആരുമില്ല അവരെ വിമർശിക്കുന്നതിനുവേണ്ടി മാത്രമേ ആളുകളുള്ളു. അവർ ഈ രാജ്യത്തു ചെയ്യുന്ന നല്ല കാര്യങ്ങൾ എണ്ണിയെണ്ണിപ്പറയുന്നതിനോ അതു സ്മരിക്കുന്നതിനോ ആരും തുനിയുന്നില്ല. അത് വല്ലാത്ത ഒരു വിരോധാഭാസമാണ്. അത് അവരുടെ പ്രവർത്തിയുടെ ഒരു പ്രത്യേകതയാണു സർ.

തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുന്നുവെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. 1957-ലും, 1967-ലും എല്ലാം മാർക്സിസ്ററ് കമ്മ്യൂണിസ്ററ്പാർട്ടിയാണ് ഇവിടെ ഭരിച്ചിരുന്നത്. ചന്ദനത്തോപ്പും, വീയപുരവും ദേവികുളവുമൊന്നും മറക്കാൻ സമയമായിട്ടില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചു പറഞ്ഞാൽ, ഏതെങ്കിലും തൊഴിൽ സമരങ്ങളുടെ മറപിടിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് നിയമത്തെ മറികടന്നുകൊണ്ട്, പൗരജീവിതം താറുമാറാക്കുന്ന സംഭവങ്ങളുണ്ടാകുകയാണെങ്കിൽ പോലീസ് ഇടപെടുകതന്നെ ചെയ്യും; അതു ഗവൺമെന്റിന്റെ വ്യക്തമായ നയമാണ്. ക്രമസമാധാനനിലയെപ്പറ്റി പറയുമ്പോൾ ഡെൽഹിമുതൽ ഇങ്ങോട്ടുള്ള കാര്യം നോക്കാം. എവിടെയെങ്കിലും ഒരു സ്ഥലത്ത് ശരിയായ നിലയിൽ സാധാരണക്കാർക്ക് ഇറങ്ങിച്ചെന്ന് സൈ്വരജീവിതം നടത്തുന്നതിനു സാധിക്കുമോ? ബഹുമാനപ്പെട്ട കുഞ്ഞുകൃഷ്ണപിള്ള ഇവിടെ പറഞ്ഞു പോലീസിനു വീര്യം പോരായെന്ന്. ഞാൻ അദ്ദേഹത്തോടു ചോദിക്കുകയാണ്, ഇന്ദിരാഗാന്ധിയുടെ പാർലിമെന്റംഗത്വം റദ്ദാക്കിയപ്പോൾ ഇൻഡ്യയുട നീളം ബഹളങ്ങൾ ഉണ്ടായില്ലേ? അതു കഴിഞ്ഞു ഇൻഡ്യയിൽ പല സ്ഥലത്തും ഇന്ദിരാഗാന്ധി പര്യടനം നടത്തി. കേരളത്തിലും വന്നു. ഇന്ദിരാഗാന്ധിപോയ മററു സംസ്ഥാനങ്ങളിൽ എവിടെയാണ് ബഹളങ്ങൾ ഉണ്ടാകാതിരുന്നത്? അതേസമയം കേരളത്തിൽവന്നപ്പോൾ പാലക്കാട്ടും തിരുവനന്തപുരത്തും അവർ പ്രസംഗിച്ചു. എവിടെയെങ്കിലും ബഹളം ഉണ്ടായോ? വിമർശനത്തിനുവേണ്ടി വിമർശനം എന്ന പ്രവണതയിലേക്ക് പോകാതെ ക്രിയാത്മകമായി നാം എല്ലാപേരും ഒത്തൊരുമിക്കണം എന്നാണ് എനിക്കു പറയാനുള്ളത്. അലിഗറിലും ബസ്തിയിലും ബീഹാറിലുമൊന്നും നടക്കുന്ന കാര്യങ്ങളെപ്പററി കൂടുതലൊന്നും പറയുന്നില്ല.

സർ, കുററകൃത്യങ്ങൾ തടയുന്നതിനു നമുക്കു സാധിച്ചിട്ടുണ്ട്. എനിക്കു ഗവൺമെന്റിന്റെ മുന്നിൽ ചില നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. വലിയ കൊലപാതകങ്ങളും, പതിനായിരം രൂപയിൽ ഏറെ വരുന്ന ക്രൈമുകളും അന്വേഷിക്കുന്നതിനു ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയാണ് പതിവ്. ഓരോ ജില്ലയിലും ക്രൈം ഡിററാച്ചുമെന്റ് യൂണിററുകൾ ഉണ്ട്. പക്ഷേ ഇന്ന് അവയെല്ലാം എന്തുമാത്രം എഫിഷ്യന്റായി പ്രവർത്തിക്കുന്നു എന്നുള്ളത് ഒന്നുകൂടി പരിശോധിക്കാം. പരിശോധിച്ചിട്ടു വേണ്ടിവന്നാൽ അവ പുനഃസംഘടിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. സർ, എൻ. ഒ. സി. തട്ടിപ്പിന്റെ കാര്യം ഇവിടെ പറഞ്ഞു. അതിൽ ചിലതെല്ലാം പോലീസ് സ്റേറഷനും ചിലതെല്ലാം ക്രൈംബ്രാഞ്ചുമാണ് അന്വേഷിക്കുന്നത്. സർ, രാജ്യവ്യാപകമായി നടക്കുന്ന ഒന്നാണിത്. അതുകൊണ്ട് ഇതു തടയുന്നതിന് ഒരു പ്രത്യേക സെൽ രൂപീകരിക്കണം. അതുപോലെ തന്നെ ഇവിടെ ഒരു അഴിമതിനിരോധന വകുപ്പുണ്ട്. വളരെ വേദനയോടുകൂടി പറയട്ടെ, അതിന്റെ പ്രവർത്തനവും ശരിയായ നിലയിൽ നടക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. സിൽവർ ജൂബിലി ആഘോഷിക്കുന്ന ഫയലുകൾ ഇന്ന് ആ ഡിപ്പാർട്ടുമെന്റിലുണ്ട്. ഇതൊന്നു പൊളിച്ചെഴുതിയേ തീരൂ. സർ, വിജിലൻസ് ഡിപ്പാർട്ടുമെന്റിലേക്കു ഒരു ഉദ്യോഗസ്ഥൻ പോകുന്നത് ഒരു അപകർഷതാബോധത്തോടുകൂടിയാണ്. എന്തുകൊണ്ടാണെന്നറിയില്ല. ഈ അപകർഷതാബോധം ഇല്ലാതാക്കണം. പൊതു പ്രവർത്തകരുടെ അഴിമതിയെപ്പററി അന്വേഷിക്കുന്നതിനും ഒരു ബിൽ ഉണ്ടായിരുന്നു. അതിന്റെ സ്ഥിതി എന്താണ്? അതും കഴിയുന്നതുംവേഗം നടപ്പിലാക്കണം. കാരണം ഇന്നു പൊതു പ്രവർത്തകരെപ്പററി അന്വേഷിക്കുന്നതിന് ഒരു സംവിധാനം ഉണ്ടായേതീരൂ.

പോലീസ് സേനയ്ക്ക് വാഹനങ്ങൾ കൊടുക്കുന്നതിനും വയർലസ് ഉപകരണങ്ങൾ കൊടുക്കുന്നതിനുമെല്ലാം സംഖ്യ വകകൊള്ളിച്ചിട്ടുണ്ട്. എറണാകുളം, ആലപ്പുഴ ജില്ലയിലെ കാര്യം പ്രത്യേകിച്ചു എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വെള്ളത്താൽ ചുററപ്പെട്ടു കിടക്കുന്ന ഈ സ്ഥലങ്ങളിൽ ക്രമസമാധാന നിലയ്ക്ക് എന്തെങ്കിലും തകരാറുണ്ടായാൽ

LIBRARY ARCHIVES Kerala Legislative Assembly

അത് ഇല്ലാതാക്കുന്നതിനുവേണ്ടി പോലീസിന് അവിടെ എത്തുന്നതിന് ജീപ്പുകളും കാറുകളും കൊണ്ടൊന്നും സാധിക്കുകയില്ല. ഇന്ന് ലക്ഷക്കണക്കിനു രൂപയുടെ കൂലി കൊടുത്താണ് ഇവിടെ ബോട്ടുകൾ വച്ചിരിക്കുന്നത്. അതുകൊണ്ട് ബോട്ടുകൾ ആവശ്യമുള്ള പോലീസ് സ്റേറഷനുകൾക്ക് ബോട്ടുകൾ കൊടുക്കുന്നതിനുള്ള സംവിധാനംകൂടി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, അതുപോലെതന്നെ പോലീസ് ഡിപ്പാർട്ടുമെൻറിലെ ഒന്നുരണ്ടു കാര്യങ്ങൾകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ ഈ പോലീസുകാരുടെ യൂണിഫാറം എന്നു പറഞ്ഞാൽ അതിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. ഇന്ന് അതിനൊന്നും ഒരു ഐഡിയ ഇല്ല. 38 ഇഞ്ചും 42 ഇഞ്ചും ബെൽബോട്ടം പാൻറ്സ് ഇട്ടുകൊണ്ടാണ് പോലീസ് ഉദ്യോഗസ്ഥൻമാർ നടക്കുന്നത്. പിന്നെ എന്തിനാണ് സർ അതിന് യൂണിഫാറം എന്നു പറയുന്നത്. ഇന്ന പൂർണ്ണമായി ഹിപ്പികളുടെ ഒരു കാലം പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു കയറിയിരിക്കുകയാണ്. ഉന്നതൻമാരായ പോലീസ് ഉദ്യോഗസ്ഥൻമാർവരെ കഥകളിക്കാർ നടക്കുന്നതുമാതിരിയാണു സർ നടക്കുന്നത്. ഇതേപ്പററിയൊക്കെ അന്വേഷിക്കണം സർ. ഡെപ്യൂട്ടേഷനിൽ പല ഉദ്യോഗസ്ഥൻമാരെ അയയ്ക്കുന്നുണ്ട്, അവരെ കലാമണ്ഡലത്തിലെ കഥകളികേന്ദ്രത്തിലേക്ക് അയക്കണം സാർ. അടുക്കും ചിട്ടയും ശിക്ഷണവും ഉള്ള ഈ രാജ്യത്തെ ജനങ്ങളെ സേവിക്കുന്ന, ജനങ്ങളുടെ വികാരങ്ങളും വിചാരങ്ങളും ഉൾക്കൊണ്ടുകൊണ്ട് അവരുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്ന ഒരു സേനാവിഭാഗത്തെ വാർത്തെടുക്കുമ്പോൾ അതിനകത്ത് അച്ചടക്കരാഹിത്യം കാണിക്കുന്ന ആളുകളെ മാററിനിറുത്തണം സർ. അങ്ങനെയല്ലാതെവന്നുകഴിഞ്ഞാൽ അച്ചടക്കവും ചിട്ടയും ശിക്ഷണവും ഉള്ള ഒരു ഡിപ്പാർട്ടുമെൻറായി ഇതിനെ കൊണ്ടുപോകാൻ സാധിക്കുകയില്ല.

അഴിമതി നിരോധനവകുപ്പ് അടിയന്തിരമായി പുനഃസംഘടിപ്പിക്കണം. അതു പുനഃസംഘടിപ്പിച്ചില്ലെങ്കിൽ ഈ രാജ്യത്ത് അഴിമതി നിരോധിക്കുന്നതിന് സാധിക്കുകയില്ല.

അവരുടെ താമസ സൗകര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ അവർക്ക് ഇന്ന് 50 ശതമാനം സ്ഥലങ്ങളിൽ ക്വാർട്ടേഴ്സുകൾ ഉണ്ടെങ്കിൽ ബാക്കിയുള്ള സ്ഥലത്തുകൂടി അവർക്കായി ക്വാർട്ടേഴ്സ് ഉണ്ടാക്കുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കണം. അവരുടെ സേവന വ്യവസ്ഥകളിൽ ചില കാര്യങ്ങളിലൊക്കെ പരാതികൾ ഉണ്ട്. അവരുടെ മേലേക്കിടയിലുള്ള ഉദ്യോഗസ്ഥൻമാരെ ഒഴിച്ചുനിർത്തിക്കൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇനി പോലീസ് സ്റേറഷനുകൾ സന്ദർശിക്കാൻ പോകുമ്പോൾ ആയിരുന്നാലും പോലീസ് സമൂഹം ഉള്ള സ്ഥലങ്ങളിൽ പോകുമ്പോൾ ആയിരുന്നാലും പരാതി കേൾക്കുന്നതിന് ഒരു സംവിധാനം ഉണ്ടാക്കണം. മേലുദ്യോഗസ്ഥൻമാരെ ഒഴിച്ചു നിറുത്തിക്കൊണ്ട് കീഴ്ജീവനക്കാരൻെറ പരാതികൾ കേട്ടു അവരുടെ ബുദ്ധിമുട്ടു മനസ്സിലാക്കി അതു പരിഹരിക്കുന്നതിനുവേണ്ടി ഒരു സംവിധാനം ഉണ്ടാക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ രാജ്യത്തെ വളരെ പ്രധാനപ്പെട്ട വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളാണ് വന്നിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നതുകൊണ്ട് ഇതിൻെറ ചാർജ്ജ് വഹിക്കുന്ന മന്ത്രിയെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുന്നു എന്ന അർത്ഥത്തിൽ ഒന്നും ധരിക്കരുത് എന്ന് എന്റെ പഴയ സ്നേഹിതനായ ശ്രീ. മാണിയോട് ഒരു അഭ്യർത്ഥനയുണ്ട്. കാരണം ഞങ്ങൾ ഒരുമിച്ച് വളരെക്കാലം പ്രവർത്തിച്ചിരുന്നവരാണ്. ഞങ്ങൾ ഈ രാഷ്ട്രീയപ്രസ്ഥാനം ഉണ്ടാക്കിയതുതന്നെ ഈ രാജ്യത്ത് അഴിമതിക്കും സ്വജനപക്ഷപാതത്തിനും എതിരായി ഞങ്ങളുടെ നേതാവായിരുന്ന ശ്രീമാൻ പി. ടി. ചാക്കോ ഈ രാജ്യത്ത് ഭരണയന്ത്രം എങ്ങനെ തിരിച്ചിരുന്നുവോ അതേപോലെ ഭാവിയിൽ തിരിക്കണമെന്നും ആഗ്രഹിച്ചിരുന്ന കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ പ്രതീകം എന്ന നിലയ്ക്കാണ്. ഭാഗ്യം കൊണ്ട് ശ്രീമാൻ മാണി ആ വകുപ്പിന്റെ മന്ത്രിയുമായി, പക്ഷേ കാര്യങ്ങൾ ശ്രീമാൻ പി. ടി. ചാക്കോ നയിച്ചിരുന്ന രീതിയിലാണോ ഈ രാജ്യത്ത് നടക്കുന്നത് എന്ന് ഒരു ആത്മപരിശോധന നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെങ്കിൽ എന്നാണ് പറയാൻ തോന്നുന്നത്. പോലീസിന്റെ സംവിധാനത്തിൽ മാററം ഉണ്ടായിട്ടില്ല എന്ന് പറയുന്നില്ല. ഉദ്യോഗസ്ഥൻമാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ്? എത്ര ഐ. ജി. മാരുണ്ട്? എന്തൊക്കെ കാര്യത്തിന് ആരെയൊക്കെയാണ് സമീപിക്കേണ്ടത് എന്നുപോലും ഈ രാജ്യത്തെ ജനങ്ങൾക്ക് തിട്ടമില്ലാത്ത സാഹചര്യത്തിലാണ് ഇന്ന് ഈ രാജ്യം കടന്നുപോകുന്നത്. എത്ര ഐ. ജി. മാരുണ്ട്? ക്രേസ് ഐ. ജി., ക്രൈം ഐ. ജി., ഡി. ഐ. ജി., കാട് ഐ. ജി. അധികാരമൊന്നും ഇല്ലാതെ ഗവൺമെൻറ് പറയുന്നതുമാത്രം കേട്ടിരിക്കുന്ന ഐ. ജി. ഇങ്ങനെ ധാരാളം ഐ. ജി. മാരും ഡി. ഐ. ജി മാരും ഈ രാജ്യത്ത് ഉണ്ടെങ്കിലും ശ്രീമാൻ മാണിയുടെ സഹപ്രവർത്തകൻ ശ്രീമാൻ നാരായണക്കുറുപ്പ് ഈ നിയമസഭയിൽ പറഞ്ഞു, ഇപ്പോൾ ഈ രാജ്യത്ത് സൈ്വരമായി ഇറങ്ങിനടക്കാൻ നിവൃത്തിയില്ലെന്ന്. മന്ത്രിസഭയിലെ ഒരു അംഗമായ ശ്രീ. കുറുപ്പു തന്നെ പറഞ്ഞിട്ടുള്ള കാര്യം മാതൃഭൂമി പത്രവും തനിനിറം പത്രവും മററ് ചില പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: വണ്ടികൾ തടയുന്നു, അതിന് വേറെയും കാരണം ഉണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എന്റെ സമയം കളയണ്ട. ഇതൊക്കെ കഴിഞ്ഞിട്ടുപറയാം. സർ, ഞാൻ മാതൃഭൂമി പത്രം വായിക്കാം സർ. അദ്ദേഹം പറഞ്ഞിരിക്കുന്നത് "ഈ രാജ്യത്ത് സൈ്വരമായി നടക്കാൻ വയ്യാത്ത സ്ഥിതിയാണ് ഇന്നുള്ളത്." ശ്രീമാൻ നാരായണക്കുറുപ്പ് പറഞ്ഞത് രേഖകളിലുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: അല്ലായെന്ന് ഞാൻ പറഞ്ഞിട്ട് പിന്നെ....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള; അതൊക്കെ പിന്നീട് പറയാം. മന്ത്രിമാർക്ക് മറുപടി പറയാൻ അവസരം ഉണ്ട്. ഞാൻ നിയമസഭാ നടപടി പരിശോധിച്ചു. അതിനകത്തും ഈ റിപ്പോർട്ട് ഉണ്ട്.

ശ്രീ. കെ. എം. മാണി: ഈ പത്രം വായിക്കാതെതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പ്രസംഗിക്കുന്ന സമയത്ത് ശ്രീ. ബാലകൃഷ്ണപിള്ള ഇവിടെ പ്രസൻറ് ആയിരുന്നുവല്ലോ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതേ, ഞാൻ കേട്ടു. ഞാൻ അന്നേരം പറയുകയും ചെയ്തു.

2/464—12

LIBRARY ARCHIVES Kerala Legislative Assembly
LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അങ്ങനെ അല്ലല്ലോ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതെല്ലാം ഇവിടെയിരിക്കുന്ന ആളുകളെല്ലാം കേട്ടു. എനിക്ക് അതിൽ അഭിപ്രായവ്യത്യാസം ഇല്ല സർ. ഏതായാലും ഈ രാജ്യത്തെ നിയമസമാധാനപാലനത്തിൽ ക്രമക്കേട് ഉണ്ടെന്ന് ഭരണകക്ഷിയും പ്രതിപക്ഷവും ഒരുപോലെ പറഞ്ഞു. ആ സ്ഥിതിതന്നെ നിലനിൽക്കുകയാണ്.

പോലീസ് ഇന്ന് അഴിമതിയുടെ കൂത്തരങ്ങാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഒന്നുരണ്ട് സംഭവങ്ങളിലേക്ക് കടക്കാം. സി. പി. ഐ. യുടെ പത്തനാപുരം താലൂക്ക് കമ്മിററി അച്ചടിച്ചിറക്കിയിരിക്കുന്ന ഒരു പ്രസ്താവന എന്റെ കൈവശമുണ്ട്. ഭരണകക്ഷിയായ സി. പി. ഐ., മുഖ്യമന്ത്രിയുടെ കക്ഷിയായ സി. പി. ഐ. അച്ചടിച്ചിറക്കിയ പ്രസ്താവനയാണ്. തെൻമല പോലീസ് സ്റേറഷൻ അതിർത്തിയിൽ 12 കൊലപാതകങ്ങൾ നടന്നിരിക്കുന്നു. ഈ 12 കൊലപാതകങ്ങളും തെളിയിക്കാൻ പോലീസിന് കഴിഞ്ഞിട്ടില്ല എന്നാണ് ഭരണകക്ഷികൾ പറയുന്നത്. മാത്രമല്ല, അവിടെ ഒരു സബ് ഇൻസ്പെക്ടർ ഇരിപ്പുണ്ട്. അയാളുടെ പേര് പറയാൻ ആഗ്രഹിക്കുന്നില്ല. തമിഴ്നാട്ടിൽ നിന്നുവരുന്ന വാഹനങ്ങൾ പരിശോധിച്ച് പണം വാങ്ങുന്നതിൽ മാത്രമാണ് ആ ഉദ്യോഗസ്ഥന്റെ ശ്രദ്ധ. ഇത് ഞാൻ പറയുന്നതല്ല, ഭരണകക്ഷികൾ പറയുന്നതാണ്. എന്റെ അഭിപ്രായമല്ല. വയ്ക്കോൽ ലോറികളും തമിഴ്നാട്ടിൽനിന്നു കടന്നുവരുന്ന ലോറികളും തടഞ്ഞുനിറുത്തി പരിശോധിക്കും. വിവിധ കാലങ്ങളിലായി സ്ഥലം മാററം കൊടുത്തിട്ടും പലപ്പോഴും കപ്പം കൊടുത്തു കൊണ്ട് തുടർന്ന് അവിടെത്തന്നെ ഇരിക്കുകയും ചെയ്യുന്ന സബ് ഇൻസ്പെക്ടറാണ് അവിടെ ഇരിക്കുന്നത് എന്ന് ഭരണകക്ഷികൾ പറയുന്നു. എന്റെ അഭിപ്രായമായിരുന്നുവെങ്കിൽ ഞാൻ പിൻവലിക്കാമായിരുന്നു. നമ്മുടെ രാജ്യത്ത് നടക്കുന്ന സംഭവങ്ങളുടെ ചെറിയ ചെറിയ ഉദാഹരണങ്ങളാണ്. 12 കൊലപാതകങ്ങൾ നടന്നിട്ട് അതേക്കുറിച്ച് അന്വേഷിക്കുകയോ തെളിയിക്കുകയോ ചെയ്തിട്ടില്ല. അടുത്ത കാലത്താണ് ആ സ്റേറഷൻ അതിർത്തിയിൽ ഒരു സംഭവം നടന്നത്. ചീനപ്പട എന്ന പേരിൽ അറിയപ്പെടുന്ന യുവാക്കൻമാർ വളരെ പ്രമുഖരായ പലരേയും വകവരുത്താൻ ശ്രമിക്കുകയും ചിട്ടിപ്പിരിവുകാരനായ ബാബു എന്ന ആളെ കൊലപ്പെടുത്തുകയും ചെയ്ത സംഭവം ആ സ്റേറഷൻ അതിർത്തിയിൽ നടന്നതാണ്. ഈ ഉദ്യോഗസ്ഥനെ ഇവിടെനിന്നു മാററണമെന്ന് ഭരണകക്ഷി ഉൾപ്പെടെയുള്ള അനേകം പേർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മാററാത്തതിന്റെ പുറകിൽ പാർട്ടിയിൽപ്പെട്ട പല പ്രവർത്തകൻമാർക്കും പ്രതിമാസം ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നു എന്നു പറയുന്നു. ഒ. ലൂക്കോസിനെപ്പോലെയുള്ള ആളുകളെ പാർട്ടിയുടെ കാര്യങ്ങൾ അന്വേഷിക്കാനും അങ്ങനെയുള്ള നേതാക്കൻമാരുടെ പേരിൽ നടപടി എടുക്കാനും നിയോഗിച്ചിട്ടുണ്ട് എന്ന് കേൾക്കുന്നു. എനിക്കറിഞ്ഞുകൂട. അങ്ങനെ നിയോഗിച്ചിട്ടുണ്ടെങ്കിൽ നല്ലത്.

അഴിമതി നിരോധന വകുപ്പിനെക്കുറിച്ച് ശ്രീ. ഈപ്പൻ കണ്ടക്കുടി പറയുന്നത് കേട്ടു. ജൂബിലി ആഘോഷിച്ച ഫയലുകൾ ഉണ്ടെന്ന് ഇവിടെ പറഞ്ഞു. എന്താണ് ഈ വകുപ്പ് ചെയ്യുന്നത്? പോലീസ് ഉദ്യോഗസ്ഥൻമാരുടെ അഴിമതി കണ്ടുപിടിക്കാൻ തയ്യാറാണോ അവർ? സ്വന്തം സഹോദരൻമാർ, ഡിപ്പാർട്ടുമെന്റിൽനിന്ന് മാറി എന്നേയുള്ളു. ഈ പോലീസ് ഉദ്യോഗസ്ഥൻമാരുടെ അഴിമതി കണ്ടുപിടിക്കാൻ തയ്യാറല്ല. ഇന്ന് പോലീസിൽ അഴിമതി നടമാടിക്കൊണ്ടിരിക്കുന്നു. നേരിട്ടു നിയമിച്ചു കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ചെറുപ്പക്കാരായ ഉദ്യോഗസ്ഥൻമാർവരെ ഇന്ന് അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുകയാണ്. ഐ. ജി. യുടെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനും ഡി. ഐ. ജി. മാരും, മററ് ഉദ്യോഗസ്ഥൻമാരുമുള്ള വിജിലൻസ് വകുപ്പിന് ഇതിന് പരിഹാരം കാണാൻ എന്തുമാത്രം കഴിഞ്ഞിട്ടുണ്ട് സർ? പോലീസിൽ നടക്കുന്ന അഴിമതിയെക്കുറിച്ച് തെളിവ് എത്രവേണമെങ്കിലും തരാം. ശ്രീമാൻ മാണി കാശ് വാങ്ങിച്ചുവെന്നോ കൈക്കൂലി വാങ്ങിച്ചുവെന്നോ ഞാൻ പറയുന്നില്ല. ശ്രീമാൻ പി. ജെ. ജോസഫിന്റെ കാലത്ത് ഉന്നയിക്കപ്പെട്ടതാണ്, പോലീസിൽ ആളെ തിരഞ്ഞെടുക്കുന്നതിന് പാർട്ടിയിൽപ്പെട്ട പല ആളുകളും പണം വാങ്ങി എന്നതിന് തെളിവുതരാൻ ഞാൻ തയ്യാറാണ്. ഞാൻ തെളിവുതന്നാൽ സ്വീകരിക്കാൻ മന്ത്രി തയ്യാറാണോ? ഉദ്യോഗസ്ഥൻ തയ്യാറാണോ? അത് സ്വീകരിക്കുകയാണെങ്കിൽ തെളിവു തരാൻ കഴിഞ്ഞില്ലെങ്കിൽ പൊതുരംഗത്തുനിന്നും പിൻമാറാൻ തയ്യാറാണെന്ന് പരസ്യമായി ഈ നിയമസഭയിൽ പ്രസ്താവിക്കുകയാണ്. അങ്ങനെ കൊടുത്ത് ജോലി കിട്ടിയ പോലീസ് കോൺസ്ററബിൾമാർ ഇന്ന് ഈ രാജ്യത്ത് ഉദ്യോഗത്തിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുകയാണ്. എത്ര പ്രാവശ്യം ഇത് ഈ നിയമസഭയിൽ പറഞ്ഞു? പ്രതിപക്ഷത്തുനിന്ന് എന്തെങ്കിലും പറഞ്ഞാൽ അതൊക്കെ വെറുതേ ആണെന്ന മട്ടിൽ കൈകാര്യം ചെയ്യുന്ന ഈ ഏർപ്പാട് ഒന്ന് അവസാനിപ്പിക്കണം.

സ്ഥലം മാററത്തിന്റെയൊന്നും കാര്യം ഞാൻ പറയുന്നില്ല. പോലീസിന്റെ നിയമനം സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൂടെ? സർവ്വീസ് കമ്മീഷൻ ഒരു വലിയ കാര്യമാണെന്ന അർത്ഥത്തിലല്ല ഞാൻ പറയുന്നത്. എങ്കിലും മററുള്ള നിയമനങ്ങളൊക്കെ നടത്തുന്നതുപോലെ സർവ്വീസ് കമ്മീഷൻ ഇത് നടത്തട്ടെ. ശിപായിയെപോലും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിക്കുന്ന ഈ രാജ്യത്ത് പോലീസിലേക്കുമാത്രം ഉള്ള നിയമനം എന്തിനാണ് ഡിപ്പാർട്ടുമെന്റിന്റെ കൈവശം വച്ചുകൊണ്ടിരിക്കുന്നത്? ഇത് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുന്ന കാര്യം ആലോചിക്കേണ്ടത് ആവശ്യമാണ്. ഇവിടെ റവന്യൂ ഉദ്യോഗസ്ഥൻമാരുടെ സ്ഥലം മാററത്തിൽ വളരെ കുഴപ്പങ്ങൾ നടക്കുന്നു.

ഞാൻ താമസിക്കുന്ന സ്ഥലത്ത് ഒരു സബ് ഇൻസ്പെക്ടറെ മൂന്ന് പ്രാവശ്യം സ്ഥലം മാററി. അഞ്ചൽ എന്നു പറയുന്ന
11 A.M.] സ്ഥലത്തെ സബ് ഇൻസ്പെക്ടറാണ്. കഴിഞ്ഞ ഒരു കൊല്ലത്തിനിടയിൽ മൂന്നു പ്രാവശ്യം അദ്ദേഹത്തെ സ്ഥലം മാററി. പക്ഷെ ആ ഉദ്യോഗസ്ഥൻ തിരിച്ച് വീണ്ടും അവിടെത്തന്നെ എത്തുന്നു. സ്ഥലംമാററം ക്യാൻസൽ ചെയ്യിക്കുന്നതിന്റെ പിറകിൽ ആരൊക്കെയാണ് ഉള്ളതെന്ന് ഞങ്ങൾക്കറിയാം. ആ ഉദ്യോഗസ്ഥനും ആരൊക്കെയും തിരുവനന്തപുരത്ത് വരുന്ന അവസരത്തിൽ ഞങ്ങൾ കാണാറുണ്ട്. ഈ രീതിയിൽ ആ ഉദ്യോഗസ്ഥനെ അവിടെത്തന്നെ ഇരുത്തി കുഴപ്പങ്ങൾ ഉണ്ടാകുകയാണ്. ഹരിജന മർദ്ദനങ്ങളെക്കുറിച്ച് ശ്രീമാൻ രാജൻ ഇവിടെ പ്രസംഗിച്ചു. അദ്ദേഹം കേൾക്കാൻ പറയുകയാണ്. ശ്രീ. ബേബി ജോൺ ഇല്ല. ഏരൂർ വില്ലേജിൽ കുടിയൊഴിപ്പിച്ച 9 ഹരിജനങ്ങൾക്ക് ബേബി ജോണിന്റെ വകുപ്പിലെ കളക്ടറും ആർ. ഡി. ഒ.യും ചെന്ന് ഭൂമി കൊടുത്ത് കുടിൽകെട്ടി അവരെ താമസിപ്പിച്ചു. ഭരണകക്ഷിയിൽപ്പെട്ട ഒരു പാർട്ടി ചെന്ന് ഈ 9 ഹരിജനകുടിലുകളും തീവച്ച് അവരെ അവിടെനിന്നും ഇറക്കിവിട്ടു; എന്നു മാത്രമല്ല അവിടെ പ്രവേശിക്കുന്ന ആളുകളുടെ കാല് വെട്ടാനാണ് ഭരണകക്ഷിയിലെ പ്രമുഖനായ നേതാവ് മൈക്കുവച്ച് പ്രസംഗിച്ചത്. ഇന്ന് ആ ഹരിജനങ്ങൾ തെരുവാധാരമായി നടക്കുകയാണ്. ആർ. എസ്. പി.-ക്കാർ ആണെന്നൊക്കെ

പറയുമായിരിക്കും, എനിക്കറിഞ്ഞുകൂടാ. സർക്കാർ കുടിയിരുത്തിയ ആളുകളെ ഭരണകക്ഷിയിലെ മറ്റൊരു പാർട്ടിയിൽപ്പെട്ട ആളുകൾ കുടിയൊഴിപ്പിച്ച സംഭവം പത്തനാപുരം താലൂക്കിലെ ഏരൂർ വില്ലേജിൽ ഉണ്ടായിട്ടുണ്ട്. ഹരിജനങ്ങൾക്കുവേണ്ടി വീറോടെ വാദിക്കുന്നവരോടും ശ്രീമാൻ ബേബി ജോണിനോടും ഞാൻ ചോദിക്കുകയാണ്, ഭരണകക്ഷിക്കാർ തന്നെ കുടിയിരുത്തിയ ഹരിജനങ്ങളെ കുടിയൊഴിപ്പിക്കുന്ന സാഹചര്യം ഈ രാജ്യത്ത് ഉണ്ടെങ്കിൽ, അതിന് പോലീസ് കൂട്ടുനിൽക്കുന്നു എങ്കിൽ ആ പോലീസ് ഇൻസ്പെക്ടർ അഞ്ചൽ പോലീസ് സ്റ്റേഷനിൽ ഇരിക്കേണ്ടത് ആവശ്യമല്ലേ? അഞ്ചൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ് ഈ ഏരൂർ വില്ലേജ്. അതുകൊണ്ടാണ് ആ ഉദ്യോഗസ്ഥൻ അവിടെ ഇരിക്കുന്നത്. ഭരണകക്ഷികൾക്കുവേണ്ടി (എല്ലാ ഭരണകക്ഷികൾക്കും അല്ല) ശിങ്കിടിവേലകൾ നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാററം ക്യാൻസൽ ചെയ്യിക്കുന്ന ഏർപ്പാടാണ് നിലനില്ക്കുന്നത്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഈ സഭയിൽ പ്രസംഗിച്ചപ്പോൾ തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുന്നു എന്നുപറഞ്ഞത് എൻെറ സുഹൃത്ത് ശ്രീമാൻ മാണി നിഷേധിച്ചു. സർ, കഴിഞ്ഞമാസത്തിലാണ് 25,000-ൽപരം കശുവണ്ടിത്തൊഴിലാളികൾ ബോണസ്സും കൂലിയും വേണമെന്ന് ആവശ്യപ്പെട്ടതിൻെറ പേരിൽ ഈ ഗവൺമെൻറിൻെറ പോലീസ് റിമൂവ് ചെയ്യുകയും ഞാനുൾപ്പെടെയുള്ള ആളുകളെ ജയിലിലടയ്ക്കുകയും ചെയ്തത്. കഴിഞ്ഞ 30 വർഷമായി കശുവണ്ടിത്തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും തീർക്കാതെ ഫാക്ടറിയിൽനിന്നും ചരക്ക് പുറത്തേക്ക് കൊണ്ടുപോകരുത് എന്ന അലംഘനീയമായി അംഗീകരിക്കപ്പെട്ട നിയമം നിലവിലുണ്ട്. തൊഴിൽവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോൺഫറൻസ് നടന്നുകൊണ്ടിരിക്കുമ്പോൾ ഞങ്ങളിൽ പലരേയും അകത്താക്കി. പോലീസിനെ ഉപയോഗിച്ച് ചരക്ക് ഇറക്കിക്കൊടുത്തു. ശ്രീ. ടി. കെ. നാരായണപിള്ളയുടേയും പട്ടം താണുപിള്ളയുടേയും മൂരാച്ചി ഗവൺമെൻറുകൾ ഈ രാജ്യത്ത് ഉണ്ടായിരുന്നെന്നുപറയുന്ന ആളുകൾ ഭരണകക്ഷികളായപ്പോൾ തൊഴിൽ സമരങ്ങളെ നേരിടാൻ അവർപോലും ചെയ്യാൻ അറച്ചിരുന്ന കാര്യങ്ങളാണ് ചെയ്യുന്നത്. പുനലൂരിനടുത്ത് ബഥേൽ എന്ന് പറയുന്ന തോട്ടത്തിൽ കഴിഞ്ഞ ഒരുകൊല്ലമായി 5 ലക്ഷം ആളുകളെ അന്യായമായി പിരിച്ചുവിട്ടു. കൺസലിയേഷൻ കോൺഫറൻസിൽപോലും സംബന്ധിക്കാൻ മടികാണിച്ച മുതലാളിക്ക് കരിങ്കാലികളെ കയററി പണിയെടുപ്പിക്കുന്നതിന് പോലീസ് സംരക്ഷണം കൊടുക്കാനുള്ള ഉത്തരവ് തിരുവനന്തപുരം സെക്രട്ടേറിയററിൽനിന്നും അയച്ചു. ആർ.എസ്.പി.യുടെ യൂണിയനും സി.ഐ.ടി.യു.വിൻെറ യൂണിയനും എ.ഐ.ടി.യു.സി.യുടെ യൂണിയനും ഐ.എൻ.ടി.യു.സി.യുടെ യൂണിയനുമൊക്കെ ഒന്നിച്ച് ഉന്നയിക്കുന്ന ആക്ഷേപമാണ്. ശ്രീമാൻ രാജൻ ഉന്നയിച്ചില്ലെങ്കിലും ഈ രാജ്യത്ത് തോട്ടം തൊഴിലാളികൾ പുനലൂരിൽ അച്ചടിപ്പിച്ച് വിതരണം ചെയ്ത പ്രസ്താവനയിൽ ഉണ്ട്. ശ്രീ ഇ. കെ. പിള്ളയുടെ അടുത്തുപോയി ചോദിച്ചാൽ അറിയാം. ആ പ്രസ്താവനയിൽ തോട്ടം തൊഴിലാളികളുടെ സമരത്തിൽ പോലീസ് ഇടപെട്ടു എന്നും കളളക്കേസുകൾ ഉണ്ടാക്കി എന്നും എക്സൈസ് ഉദ്യോഗസ്ഥൻമാർ മർദ്ദിച്ചുവെന്നും പറഞ്ഞിട്ടുണ്ട്. പ്രതിഷേധ യോഗങ്ങൾവരെ നടത്തിയിട്ടില്ലേ എന്ന് ഞാൻ ശ്രീമാൻ ഇ. കെ. പിള്ള ഉൾപ്പെടെയുള്ളവരോട് ചോദിക്കുകയാണ്. നടത്തിയിട്ടില്ല എന്നുപറയാൻ സാദ്ധ്യമല്ല. കരവാളൂരെന്ന് പറയുന്ന സ്ഥലത്ത് എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ മർദ്ദനത്തിനെതിരായി സമരം നടത്തുകയും പ്രതിഷേധം നടത്തുകയും ചെയ്തു, സി. പി. ഐ. യുടെ

പത്തനാപുരം താലൂക്ക് കമ്മിററി. രണകക്ഷികരം ഈ ഭാഗത്തൊക്കെ പ്രതിഷേധവുമായി വന്നിരിക്കയാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല.

വിജിലൻസ് വകുപ്പ് കുറേക്കൂടി കാര്യക്ഷമമാക്കണം. കൈക്കൂലി പിടിക്കാനുള്ള ഏർപ്പാട് വിജിലൻസ് വകുപ്പിൽ ഉണ്ടാകണം. ജയിലിനെക്കുറിച്ച് ഒരു വാചകം കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കാം. പഴയതിൽനിന്നും ജയിൽ അല്പമെങ്കിലും ഒന്ന് മാററിയെടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. അദ്ദേഹം ജയിലിൽ കിടന്നിട്ടില്ല. ജയിലിൽ കിടക്കേണ്ട സമയം വന്നപ്പോൾ ഞങ്ങളെയൊക്കെ ജയിലിൽ അയച്ചതേയുള്ളു. അതുകൊണ്ട് അദ്ദേഹം ഈ ജയിലൊക്കെ ഒന്നു സന്ദർശിക്കണം. അദ്ദേഹം അതിന്റെ ചുമതല വഹിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്. ശ്രീമൂലംതിരുനാളിന്റെ കാലത്ത് ഉണ്ടാക്കിയ ജയിലുകളാണ് സർ, തറയൊടൊക്കെ വെടിച്ച് വിള്ളലായി കിടക്കുന്ന ജയിലുകളുണ്ട്.

ശ്രീ. വി. ടി. സെബാസ്ററ്യൻ: സർ, ഒരു ചോദ്യം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള; ഞാൻ വഴങ്ങുന്നില്ല. സെബാസ്ററ്യൻ പിന്നീട് സംസാരിച്ചാൽ മതി. സെബാസ്ററ്യന് കഥയൊക്കെ അറിയാമല്ലോ.

ജയിലിലെ ആഹാരക്രമം ഒന്ന് മാററണം. അരി കിട്ടാത്ത കാലത്ത് ആരംഭിച്ച ഈ "ഉണ്ട" ഒന്ന് അവസാനിപ്പിക്കണം. ഇപ്പോൾ അരി ഈ രാജ്യത്ത് ആവശ്യംപോലെ ഉണ്ട്. അതുകൊണ്ട് ഈ 'ഉണ്ട' ഒന്ന് അവസാനിപ്പിച്ച് പഴയതുപോലെ കഞ്ഞിയോ ചോറോ കൊടുക്കണം. അരി ഇഷ്ടംപോലെ കിട്ടുമല്ലോ. അതുകൊണ്ട് ഈ ഗോതമ്പ് ഒന്നവസാനിപ്പിച്ച് അരി ആക്കണം. ജയിലൊക്കെ അല്പംകൂടി ഒന്ന് നവീകരിക്കണം.

ശ്രീ. ഈപ്പൻ കണ്ടകുടി: പണ്ട് മന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ച കാര്യമല്ലേ ഇത്.

ശ്രീ ആർ. ബാലകൃഷ്ണപിള്ള: ഈപ്പച്ചന്റെ സർട്ടിഫിക്കറെറാന്നും വേണ്ട, അന്ന് ജയിലിൽകിടന്ന ആളുകൾക്കറിയാം.

ജയിലിൽ കിടക്കുന്ന നക്സലൈററുകാരെ തുറന്നുവിടണം. അവരെ സിങ്കിൾ സെല്ലുകളിൽ പാർപ്പിച്ചിരിക്കുന്ന ഏർപ്പാട് അവസാനിപ്പിക്കേണ്ടതാണ്. അവരെ മോചിപ്പിക്കാൻ നടപടി എടുക്കണമെന്നുപറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

(Shri T. M Jacob in the chair)

ശ്രീ. ടി. എ. പരമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. 1978-79 വർഷം ക്രമസമാധാനത്തെ സംബന്ധിച്ചിടത്തോളം നല്ല ഒരു വർഷമായിരുന്നു എന്നാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ എടുത്തു പറഞ്ഞിട്ടുള്ളത്. ആ ഒരു അവസ്ഥയ്ക്ക്, അഭിലഷണീയമായിട്ടുള്ള ഒരു വ്യതിയാനത്തിന് ഞങ്ങളുടെ പ്രതിപക്ഷ പാർട്ടികളാണ് അഭിനന്ദനം അർഹിക്കുന്നത്. ജനങ്ങൾ ഗവൺമെന്റിനെ ഏൽപ്പിക്കുന്ന ചുമതല Management of Men's affairs ആണ്. അതായത് ജനങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുക, പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക എന്നുള്ളതൊക്കെ ആണ്. അതിന് ഗവൺമെന്റുകൾക്കു സാവകാശം ആവശ്യമാണ്. ജനതമാറിച്ച് ക്രമസമാധാനം നിലനിറുത്തുന്നതിന്, സമരങ്ങൾ

പ്രക്ഷോഭണങ്ങൾ, പണിമുടക്കുകൾ, ബന്ദുകൾ, മുതലായവ നേരിടുന്ന കാര്യത്തിൽ എല്ലാം ഗവൺമെന്റുകളുടെ ശ്രദ്ധ കുടുങ്ങികിടക്കുകയും, അത് കഴിച്ചിട്ട് വേറെ സമയം ഗവൺമെന്റിന് ഇല്ല എന്നു വരികയും ചെയ്യുമ്പോൾ Management of men's affairs എന്നതിനു പകരം Management of men അതായത് ജനങ്ങളെ കൈകാര്യം ചെയ്യുക എന്ന ചുമതലയി ലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ തിരിയുകയുമാണ് ചെയ്യുന്നത്. ഇപ്പോൾ ഈ അനുകൂലമായിട്ടുള്ള ക്രമസമാധാനത്തിന്റെ ഫലമായിട്ട് Management of men എന്നുള്ളതു വിട്ട് Management of men's affairs-ന്റെ കാര്യത്തിൽ ശ്രദ്ധിക്കാൻ ഗവൺമെന്റിന് സാധിച്ചു എന്നുള്ളതിന്റെ ഗുണഫലം നാളെ അല്ല ഇന്നിപ്പോൾ ഇവിടെ വച്ചുതന്നെ നമുക്ക് കാണാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ ധനകാര്യമന്ത്രിതന്നെ പുതിയ നികുതികളൊന്നും ഇല്ലാത്ത മിച്ചബഡ്ജററ് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. നികുതികൾ മൂന്നുതരം ഉണ്ട്. പ്രത്യക്ഷനികുതി, പരോക്ഷനികുതി, പ്രതിപക്ഷ നികുതി. പ്രതിപക്ഷ നികുതി എന്നു പറഞ്ഞാൽ പൊതുമുതൽ നശി പ്പിക്കത്തക്ക രീതിയിൽ പ്രതിപക്ഷങ്ങൾ പ്രക്ഷോഭണം സംഘടിപ്പിക്കു മ്പോൾ നശിപ്പിക്കുന്ന പൊതുമുതൽ റീപ്ലേസ് ചെയ്യുന്നതിന് ആവശ്യമായ നികുതിയാണ്.

ശ്രീ. എം. വി. രാഘവൻ: അത് പഴയ മജിസ്ട്രേട്ടിന്റെ അഭിപ്രായ മാണോ അതോ ജനപ്രതിനിധിയുടെ അഭിപ്രായം ആണോ?

ശ്രീ. ടി. എ. പരമൻ: അത് മി. രാഘവൻ തീരുമാനിച്ചാൽ മതി.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഭരണകക്ഷികൾ നശിപ്പിക്കുന്ന പൊതു മുതൽ റീപ്ലേസ് ചെയ്യാൻ കൊണ്ടുവരുന്ന നികുതിക്ക് എന്തു പേരു പറയണം?

ശ്രീ. ടി. എ. പരമൻ: പ്രതിപക്ഷങ്ങളെ നേരിടുന്നതിനു മാത്രം, ക്രമസമാധാനപാലനത്തിനു മാത്രം ഗവൺമെന്റ് ശ്രദ്ധിക്കുമ്പോൾ പിന്നെ ജനങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കാതെ വരുന്നതു പോലെതന്നെ ഈ ഗവൺമെന്റിന്റെ ശ്രദ്ധ മുഴുവൻ ക്രമസമാധാന പാലന കോലാഹലത്തിൽ ഇടപെട്ടു പോരുമ്പോൾ, അതുപോലെതന്നെ സുപ്രധാന മായിട്ടുള്ള വേറെ ഒരു സംഗതികൂടി ശ്രദ്ധിക്കാതെ പോകുന്നുണ്ട്. അത് നിയമപാലനം ആണ്.

ക്രമസമാധാനപാലനത്തിനുവേണ്ടി നമ്മൾ റെഗുലർ പോലീസിനെയല്ല സാധാരണയായി ആശ്രയിക്കുന്നത്. അതിനു സാധാരണയായി നമ്മളാശ്ര യിക്കുന്നത് സി. ആർ. പി., എ. ആർ. പി. മുതലായ പാരാ മിലിട്ടറി ഫോഴ്സസിനെയാണ്. എന്നാൽത്തന്നെയും, ആ സന്ദർഭത്തിൽപ്പോലും നമ്മൾ അംഗീകരിച്ചുകൊടുത്തിട്ടുള്ളതുവച്ചുനോക്കുമ്പോൾ, പോലീ സിന്റെ അക്രമത്തെപ്പററി പറയുന്നിടത്ത് ഇവരെ സംബന്ധിച്ച് കാര്യമായ പരാതിയൊന്നുമില്ല. ഒരുപക്ഷേ അധികാരമുപയോഗിച്ച്, ബലമുപയോ ഗിച്ച്, ലാത്തിച്ചാർജോ വെടിവയ്പ്പോ നടത്തിയതിനെപ്പററി ഗവൺമെ ന്റിനെ കുററം പറയുന്നതല്ലാതെ ഈ പാരാ മിലിട്ടറി ഫോഴ്സസിനെ പ്പററി സാധാരണയായി കുററം പറയാറില്ല. നേരെമറിച്ച് സ്ഥിരമായി നിൽക്കുന്ന നമ്മുടെ പോലീസിനെപ്പററിയാണ് പോലീസ് അക്രമം കാണി ച്ചുവെന്നും പോലീസ് അഴിമതി കാണിച്ചുവെന്നും ഒക്കെ കുററം പറയാറ്. സാധാരണയായി, ഏതു വിഷയമായാലും ശരി, സ്വാതന്ത്ര്യം കിട്ടി മുപ്പതു കൊല്ലത്തിനുശേഷവും കാര്യങ്ങൾ വ്യത്യാസപ്പെട്ടിട്ടില്ല, പഴയപടി നിൽ ക്കുന്നു എന്നു പറയുക ഇപ്പോൾ ഒരു പ്രചസംഗരീതിതന്നെ ആയിട്ടുണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇൻഡ്യൻ പോലീസിനെപ്പററി പറയാവുന്നത് അങ്ങനെയല്ല. ഇൻഡ്യൻ പോലീസിനെപ്പററി പറയുമ്പോൾ മുപ്പതു കൊല്ലത്തിന്റെ കാര്യം പറഞ്ഞിട്ട് കാര്യമില്ല. നമുക്ക് ഇൻഡ്യൻ പോലീസിനെപ്പററി പറയേണ്ടി വരുമ്പോൾ, മനുവും കൗടില്യനും പറഞ്ഞ കാര്യങ്ങൾതന്നെയാണ് ഇന്നും പറയേണ്ടിവരുന്നത്; 1902-ൽ ലോർഡ് കഴ്സൺ വൈസ്രോയിയായിരുന്ന കാലത്തു നിയമിച്ച പോലീസ് കമ്മീഷൻ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് നമുക്ക് ഇന്നും പറയേണ്ടിവരുന്നത്; 1960-ൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പോലീസ് കമ്മീഷനുകളെ നിയമിച്ച അവസരത്തിൽ ആ പോലീസ് കമ്മീഷനുകൾ പറഞ്ഞ അതേ അഭിപ്രായം തന്നെയാണ് ഇന്നും നമ്മൾ പോലീസിനെപ്പററി പറയേണ്ടിവരുന്നത്. അതിന്റെ ഫലമായി ഇന്നിപ്പോൾ നമ്മൾ ഒരു നാഷണൽ പോലീസ് കമ്മീഷനെത്തന്നെ നിയമിക്കേണ്ടതായി വന്നിട്ടുണ്ട്. പോലീസിന്റെ കയ്യിലുള്ള ലാത്തിയെ ധർമ്മദണ്ഡ് എന്നാണ് മനു ഡെസിഗ്നേററ് ചെയ്തിട്ടുള്ളത്. അതേസമയം ഈ ധർമ്മദണ്ഡ് സകല വൃത്തികേടുകളിലും ഇട്ട് അഴുക്കാക്കിയ ഒരു ദണ്ഡാണെന്നും അദ്ദേഹം ആക്ഷേപിച്ചിട്ടുണ്ട്. കൗടില്യനെ സംബന്ധിച്ചാണെങ്കിൽ, അദ്ദേഹത്തിനു പോലീസിനെ വിശ്വാസമില്ലായിരുന്നു. ഇൻഡ്യൻ പോലീസിനെ അദ്ദേഹത്തിനു വിശ്വാസമില്ലായിരുന്നു. അതുകൊണ്ടു പോലീസിനെ വാച്ചുചെയ്യാൻ ചാരൻമാരെ നിയമിക്കണമെന്നാണ് കൗടില്യൻ ശുപാർശ ചെയ്തിട്ടുള്ളത്. 1902-ൽ ലോർഡ് കഴ്സൺ നിയമിച്ച പോലീസ് കമ്മീഷൻ പോലീസിനെപ്പററി ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. It is generally regarded as corrupt. It has utterly failed to secure the confidence and co-operation of the people.

ഇന്ന് ഇൻഡ്യൻ പോലീസിനെപ്പററിയുള്ള ഈ അഭിപ്രായം പൊതുജനങ്ങൾക്കു മാത്രമല്ല, രാഷ്ട്രീയ പ്രവർത്തകർക്കു മാത്രമല്ല, ഉന്നതൻമാരായ ഉയർന്ന പോലീസുദ്യോഗസ്ഥൻമാർക്കുതന്നെ ഉണ്ടെന്നുള്ളത് ആശാവഹമായിട്ടുള്ള സംഗതിയാണ്. മുൻപ് ഇൻസ്പെക്ടർ ജനറൽ ഓഫ് സെൻട്രൽ റിസർച്ച് ഓഫ് പോലീസ് ഫോഴ്സസ്, ന്യൂഡൽഹി, ആയിരുന്ന വി. ക്യു. കണേത്കർ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്.

It has to be admitted that the image of our police even today, is not as bright as it should be after 30 years of freedom. Complaints against them range from cruelty and indifference to do duty, to dishonest investigation, illegal detention, collusion with criminals, rudeness towards people and what is worse, even corruption and third degree methods. മാത്രമല്ല, ചിലപ്പോൾ ഒരു പൗരൻ പോലീസ് സ്റേറഷനിൽ കംപ്ലെയ്ൻറു കൊടുക്കാൻ ചെന്നാൽ വേറെ ഏതെങ്കിലും പോലീസ് സ്റേറഷനിൽ കംപ്ലെയിൻറ് കൊടുക്കണമെന്ന ഒരു നിർദ്ദേശം കൂടി കൊടുക്കുമെന്നാണ് അദ്ദേഹം പറയുന്നത്.

It will do no good to ignore the fact that vice, such as rudeness, indifference to duty, dishonest investigation, illegal detention etc. have been with our police for over hundred years. എന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം അങ്ങനെ പറയുമ്പോൾ ഇൻഡ്യയിലുള്ള ഏതെങ്കിലും ഭരണകർത്താവ് പോലീസ് വളരെ നല്ലതാണെന്ന അഭിപ്രായം മുൻപോട്ടുവയ്ക്കും എന്ന് ഞാൻ പറയുന്നില്ല. ആന്ധ്രാപ്രദേശിലെ ഐ. ജി. യും ഡയറക്ടർ ഓഫ് ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആൻഡ് ഡെവലപ്പ്മെൻറ്, ന്യൂഡൽഹിയും ആയിരുന്ന ആൾ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പോലീസിലേക്ക് ആളുകൾ വരാനുള്ള കാരണം ഇല്ലീഗൽ ഗ്രാററിഫിക്കേഷന് അവിടെ സാദ്ധ്യതയുണ്ടെന്നുള്ളതു കൂടിയാണ് എന്നാണ്. പത്താംക്ലാസ് പാസ്സാകുന്ന കുട്ടികൾക്കെല്ലാം എൻജിനീയറും ഡോക്ടറുമാകണമെന്നുണ്ടാകുന്ന ആഗ്രഹത്തിന്റെ അടിസ്ഥാനം നെററിത്തടത്തിലെ വിയർപ്പുതുള്ളി കൂടാതെ പണം സമ്പാദിക്കാൻ ആ തൊഴിലുകളിലാണ് സൗകര്യവും എളുപ്പവും എന്ന കാരണമാണല്ലോ. അതുപോലെതന്നെ പോലീസിനും അങ്ങനെയൊരാകർഷണം ഉണ്ടെന്നാണ് അദ്ദേഹം പറയുന്നത്. നമ്മുടെ ഉദ്യോഗസ്ഥൻമാരെപ്പററി സ്വജനപക്ഷപാതം എന്ന ആരോപണം ഉണ്ടാകാറുണ്ട്. ബന്ധപ്പെട്ട ആളുകളോടു പക്ഷപാതം കാണിക്കുന്നു എന്ന കംപ്ലയിൻറുണ്ട്. ഇൻഡ്യയിലെ പോലീസിനെപ്പററി പക്ഷേ അങ്ങനെയൊരു കംപ്ലെയിൻറില്ല. ഒരു പോലീസ് സ്റേറഷനിൽ ചെന്നാൽ ആദ്യം തന്നെ '——മോനെ' എന്നു സംബോധന തുടങ്ങിയിട്ട്, അച്ഛനായാലും കാശുവാങ്ങിച്ചിട്ടേ കാര്യം ചെയ്യുകയുള്ളു എന്നാണ് ജനങ്ങൾ അവരെപ്പററിപറയുന്നത്. നമുക്കു പററിയിരിക്കുന്നത് എന്താണ്? വേണുഗോപാല റാവു അതിനെപ്പററി പറയുന്നു: In short, it is the failure of our society to transform the coercive instrument of a colonial power into a socially sensitive service despite thirty years of independence and having a constituion based on the highest principles of democracy. അതു നമുക്ക് ഇതുവരെ സാധിച്ചിട്ടില്ലെന്നുള്ളതാണു നമ്മുടെ സൊസൈറററിക്കു പററിയിട്ടുള്ളതെന്ന്, ആന്ധ്രാപ്രദേശ ലെ ഐ. ജി. ആയിരുന്ന അദ്ദേഹം പറയുന്നു. അതുകൊണ്ട് പോലീസിനെ റിഫോം ചെയ്യുക എന്നു പറഞ്ഞാൽ പോലീസിനു ശാസ്ത്രീയമായിട്ടുള്ള ഉപകരണങ്ങളുണ്ടാക്കിക്കൊടുക്കുകയാണ് എന്നു പറയുന്നതിനോട് എനിക്ക് യോജിക്കാൻ സാധിക്കുകയില്ല. ടെലിവിഷൻ സെററ് ജയററം പടിക്കലിനു കൊടുത്തിട്ട് അദ്ദേഹം എന്തിനുവേണ്ടി അതുപയോഗിച്ചു എന്നതു നമുക്കെല്ലാം മനസ്സിലായിട്ടുള്ള സംഗതിയാണ്. ഡയറക്ടർ ഓഫ് ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ്, ഡൽഹി, ശ്രീ. ആനന്ദ് സ്വരൂപ് ഗുപ്ത പോലീസ് റിഫോംസിനെപ്പററി പറയുന്നു:

The crucial and age old problem is that men vested with coercive powers may abuse their authority to the distress of the citizen and the advancement of their own career and financial interests. It follows that the most vital question of police reform is as to how to ensure that the opportunities for abuse are minimised to the maximum extent that human ingenuity can devise.

അപ്പോൾ പോലീസ് റിഫോംസിനെപ്പററി പറയുമ്പോൾ ഇതാണു നമ്മൾ കൂടുതൽ ശ്രദ്ധിക്കേണ്ടത്.

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ച് കൊള്ളാം സർ. പോലീസ് കാൺസ്ററബിൾമാരുടെ റിക്രൂട്ട്മെൻറ് പബ്ലിക് സർവീസ്കമ്മീഷനു തന്നെ വിട്ടു കൊടുക്കണമെന്നാണ് എന്റെ ദൃഢമായ അഭിപ്രായം. ഇപ്പോൾ ഫുൾടൈം കണ്ടിജൻസി എംപ്ലോയീസിന്റെ നിയമനം പോലും പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരമാണു നടക്കുന്നത്. അവിടെ അഴിമതി നടക്കുന്നുവെന്ന് ഇവിടെ പലരും പറഞ്ഞുകേട്ടു. അഴിമതി നടക്കുന്നുണ്ടോ എന്നുള്ളതിൽക്കൂടുതലായി ആ സെലക്ഷൻ ശരിയായി നടക്കുന്നു എന്നുള്ള ധാരണ ജനങ്ങളിൽ ഉണ്ടാകേണ്ടതായിരിക്കുകയാണ്. എറണാകുളത്ത് അടുത്തു നടന്ന ഒരു തിരഞ്ഞെടുപ്പിൽ 1976 വരെയുള്ള കാലത്ത് പബ്ലിക് സർവീസ് കമ്മീഷനിൽ രജിസ്ററർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ള ആളുകളെയാണ് അവർ റെക്കമെന്റ് ചെയ്തിരുന്നത്. പക്ഷേ 1978 വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവരെ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എറണാകുളത്തുള്ള ഉയർന്ന ഡിസ്ട്രിക്റ്റ് പോലീസുദ്യോഗസ്ഥൻമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉദ്യോഗസ്ഥൻമാരെ സമീപിച്ചതായി എനിക്കറിയാം. അതുകൊണ്ട് പോലീസ് കോൺസ്റ്റബിൾമാരുടെ നിയമനം പബ്ലിക് സർവീസ് കമ്മീഷനുതന്നെ വിട്ടുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. നമ്മുടെ പോലീസിന്റെ പ്രവർത്തനങ്ങൾ വെറും നിയമ സമാധാനം പാലിക്കുക എന്നുള്ളതു മാത്രമാകുന്നതിനുപരിയായി നമ്മുടെ രാജ്യത്തിന്റെ വികസന പ്രക്രിയയിലും സാമൂഹ്യ പരിഷ്കരണത്തിലും അവരെ പങ്കാളികളാക്കാൻ സാധിക്കത്തക്ക സംവിധാനം തീർച്ചയായും ഉണ്ടാകേണ്ടതാവശ്യമാണ്. അതുപോലെതന്നെയാണ് അവർക്കു നൽകുന്ന പരിശീലനത്തിന്റെ കാര്യവും. ശാസ്ത്രീയമായ രീതിയിൽ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും അതുപോലെതന്നെ ജനങ്ങളോടുള്ള സമീപനത്തിൽ മാതൃകാപരമായി പെരുമാറാനും ഉള്ള മനോഭാവം അവരിൽ സൃഷ്ടിക്കുന്നതിനും രാജ്യത്തിന്റെ പുരോഗതിയിൽ തങ്ങളും പങ്കാളികളാണെന്ന വിശ്വാസത്തോടുകൂടി സാമൂഹ്യ സേവന രംഗത്ത് അവർ നൽകുന്ന സേവനം ലഭ്യമാക്കാനും സാധിക്കുന്ന പരിശീലനം ആവശ്യമാണ്. സർ, പോലീസിനെ സംബന്ധിച്ചു വളരെയേറെ പരാതികളുണ്ട്. ഒരു പക്ഷേ ആ പരാതികളെല്ലാം പർവ്വതീകരിച്ചു കാണിച്ചിട്ടുള്ളവയാണെന്നു വരാം. എങ്കിലും ഇന്നത്തെ പെരുമാറ്റച്ചട്ടങ്ങളിൽ വളരെയേറെ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കു മഹത്തായ ഒരു വിഭാഗമായി അവരെ മുന്നോട്ടു കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ യഥാർത്ഥത്തിൽ നമ്മുടെ പോലീസ് വളരെ ഭേദമാണെന്നു പറയേണ്ടി വരും.

സർ, പോലീസിന്റെ എണ്ണം തന്നെ ഇവിടെ വളരെ കുറവാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ 500 ജനങ്ങൾക്കു ഒരു പോലീസ്സാണ് ഉള്ളതെങ്കിൽ കേരളത്തിൽ 800 ആളുകൾക്ക് ഒരു പോലീസ് മാത്രമേ ഉള്ളു. അങ്ങനെ നോക്കുമ്പോൾ തീർച്ചയായും പോലീസ്സിന്റെ എണ്ണം വളരെ കുറവാണ്. ഇവിടത്തെ നിയമ പരിപാലനത്തിനുവേണ്ടി ചില അവസരങ്ങളിൽ ഉപയോഗിക്കത്തക്ക വിധത്തിലുള്ള നാല് കമ്പനികൾ, അതായത് മദ്ധ്യപ്രദേശിൽനിന്നും കൊണ്ടുവന്നിട്ടുള്ള സായുധ സേന ഇവിടെ ഉണ്ട്. 43 ലക്ഷത്തോളം രൂപ ഇവർക്കുവേണ്ടി വർഷം തോറും ചെലവാക്കുന്നുണ്ട്. നമുക്ക് ഈ കേരളീയരെ തന്നെ ഇവിടെ പരിശീലിപ്പിച്ചുകൊണ്ട് അവർക്കാവശ്യമായ ട്രെയിനിംഗ് കൊടുത്തുകൊണ്ട് നമ്മുടേതായ ബററാലിയനെ ഉണ്ടാക്കുകയാണെങ്കിൽ ഏകദേശം ഇതിന്റെ ഇരട്ടിയോളം വരുന്നതായ സായുധ പോലീസ്സിനെ പരിശീലിപ്പിക്കാനും അവർക്ക് ആവശ്യമായ ശമ്പളം കൊടുക്കാനും കൂടി 53 ലക്ഷം രൂപ മതിയാകുമെന്നുള്ള കാര്യം ഇവിടത്തെ ഭരണാധികാരികൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഇവരുടെ ഇരട്ടി സേനയെ ഈ ചെലവിൽ ഏർപ്പെടുത്താമെങ്കിൽ എന്തുകൊണ്ട് മദ്ധ്യപ്രദേശിൽ ഉള്ളതായ പോലീസ് സേനയെ തിരിച്ച് അയച്ചിട്ട് കേരളത്തിലെ ആളുകളെ തന്നെ പരിശീലിപ്പിച്ച് എടുക്കുന്നില്ല?

സർ, മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, നമ്മുടെ പോലീസ് സേനയിലെ ഏററവും താഴെ കിടയിൽ കിടക്കുന്ന കോൺസ്റ്റബിൾമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥാവിശേഷത്തെപ്പററിയാണ്. അവരുടെ ശമ്പളനിരക്കുകൾ വളരെ തുച്ഛമാണ്. അവർക്കു പാർപ്പിട സൗകര്യങ്ങളില്ല. അതുപോലെ തന്നെ പോലീസ് സ്റേറഷനുകളിൽ ഉള്ള ആളുകൾക്ക് പാർപ്പിട സൗകര്യമില്ലാത്ത ദയനീയമായ അവസ്ഥാവിശേഷം ഇന്നും ഉണ്ട്. അതുപോലെ തന്നെ അവർക്കു പി. ററി. എ., ഡ്രസ്സ് അലവൻസ് മുതലായവയ്ക്കു വേണ്ടി അനുവദിച്ചിരിക്കുന്ന തുക വളരെ തുച്ഛമായതാണ്. ഒരു സബ് ഇൻസ്പെക്ടർക്ക് ഡ്രസ്സ് അലവൻസ് ആയി കൊടുക്കുന്നത് 75 രൂപയാണ്. ഒരു കോൺസ്ററബിളിന് രണ്ട് സെററാണ് വസ്ത്രങ്ങൾ ഒരു ആണ്ടിൽ കൊടുക്കുന്നത്. ഈ രീതിയിലാണെങ്കിൽ പിന്നെ എങ്ങനെയാണ് പോലീസ്സുകാർ വൃത്തിയിൽ നടക്കണമെന്ന് ആവശ്യപ്പെടുന്നത്? അവരുടെ ശമ്പളം, ടി. എ., ഡ്രസ്സ് അലവൻസ് എന്നിവ വർദ്ധിപ്പിച്ചു കൊടുക്കേണ്ടത് അത്യന്താപേക്ഷിതമായ ആവശ്യമാണ്.

സർ, നമ്മുടെ സംസ്ഥാനത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ പോലീസ് സ്റേറഷനുകൾ വളരെ കുറവാണ്. കാസർകോട്, ഹോസ്ദുർഗ് തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ന് ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാന്യനായ മന്ത്രിയോട് പറയാനുള്ളത്, നീലേശ്വരത്ത് ഒരു പോലീസു സർക്കിൾ ഓഫീസ് സ്ഥാപിക്കണമെന്നും വെള്ളരിക്കുണ്ട്, പള്ളിക്കൽ എന്നിവിടങ്ങളിൽ വരുന്ന ആണ്ടിൽ ഓരോ പോലീസ് സ്റേറഷനുകൾ സ്ഥാപിക്കണമെന്നും ആണ്. സമയം ഇല്ലാത്തതുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഭാസ്കരൻ നായർ:</u> സർ, ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നതിനുമുൻപായി ഇന്നലെ നടന്ന ഒരു സംഭവത്തെക്കുറിച്ച് രണ്ടു വാക്കു പറയാൻ ഞാൻ ചുമതലപ്പെട്ടിരിക്കുകയാണ്. രാവിലെ ഞാൻ അതിനുവേണ്ടി ശ്രമിച്ചെങ്കിലും പററിയില്ല. അപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകാതിരുന്നതുകൊണ്ട് ഈ അവസരം ഞാൻ അതിനുവേണ്ടി വിനിയോഗിക്കുകയാണ്. ഇന്നലെ പ്രസംഗിച്ച അവസരത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫിൽ ഒരു മന്ത്രിക്ക് 8 മലയാളം ടൈപ്പിസ്ററ് ഉണ്ടെന്ന് ഞാൻ ഇവിടെ പറഞ്ഞു. അത് തെററാണെന്ന് ഇവിടെ പറഞ്ഞു. ഞാൻ അതിന് ആധാരമായി വച്ചത് 1979-80-ലെ വിശദമായ ബഡ്ജററ് എസ്ററിമേററുകളുടെ അനുബന്ധം ഒന്നിൽ സ്ററാഫിന്റെ വിശദവിവരങ്ങൾ അടങ്ങിയ ആ ബുക്കിൽ 8-ാമത് പേജിൽ വളരെ വ്യക്തമായി Personal staff of minister for labour and housing എന്ന ഹെഡ്ഡിംഗിൽ 9-മത് ഐറ്റമായി ടൈപ്പിസ്ററ് (മലയാളം) 8 എന്നു പറഞ്ഞിട്ട് അതിന്റെ അടുത്തതായി ടൈപ്പിസ്ററ് (മലയാളം) ഒന്നുകൂടി എന്നു പറയുന്നുണ്ട്. 9 ടൈപ്പിസ്ററുകൾ ഉള്ളതായി അച്ചടിച്ചുവന്നിരിക്കുന്ന പുസ്തകത്തിൽ പറയുന്നുണ്ട്. അത് തെററാണെന്ന് പറയേണ്ട ആവശ്യമില്ല. അങ്ങനെയാണെങ്കിൽ പിന്നെ ഈ പുസ്തകം പബ്ലിഷ് ചെയ്യേണ്ട ആവശ്യമില്ല. എക്സിസ്ററിംഗ് സ്ററാഫിന്റെ വിവരമാണ്. കാണിച്ചിരിക്കുന്നത്. നിലവിലുള്ള സ്ററാഫിൽ 9 മലയാളം ടൈപ്പിസ്ററുകൾ ലേബർ മന്ത്രിയുടെ പേഴ്സണൽ സ്ററാഫിൽ ഉണ്ടെന്ന് വളരെ വ്യക്തമായി ഈ ബുക്കിൽ പറഞ്ഞിട്ടുണ്ട്. അത് യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ലെന്ന് ഒന്നു കൂടി വളരെ ശക്തിയായി, പറയുന്നു.

സർ, ഇവിടെ നടന്ന ധനാഭ്യർത്ഥനയെസംബന്ധിച്ചിടത്തോളം ഒന്നു രണ്ടു കാര്യങ്ങളേ ഈ അവസരത്തിൽ പറയാൻ സമയമുള്ളു. ബഹുമാനപ്പെട്ട മാണി ഇവിടെ ഏതാനും വർഷങ്ങൾക്കുമുമ്പ് അഡ്വക്കേററ്സിനെ നന്നാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനുവേണ്ടി പ്രോവിഡൻറ് ഫണ്ട് എന്നുള്ള നിലയിൽ ഒരു ബനിഫിററ് ഫണ്ട് ഉൾപ്പെടുത്തുന്നതിന് വേണ്ടി കുറച്ച് രൂപ ഫിനാൻസ് മിനിസ്ററായിരുന്നകാലത്ത് മാററിവച്ച കാര്യം ഞാൻ ഓർക്കുകയാണ്. അതിനു ശേഷം വർഷങ്ങൾ പലതുകഴിഞ്ഞു. എല്ലാ വർഷവും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചു. ഇപ്പോഴത്തെ ബഡ്ജററിൽ അത് ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ഓർക്കേണ്ടതുണ്ട്. അത് തെററാണ്. ബെനിഫിററ് ഫണ്ട് എന്നുള്ള നിലയിലോ പ്രോവിഡൻറ് ഫണ്ട് എന്നുള്ളനിലയിലോ ഇന്ന് ചെറുപ്പക്കാരായിട്ടുള്ള പുതുതായി വരുന്ന ഈ അഡ്വക്കേററ്സിനെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി തീർച്ചയായും ഏർപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നിർദ്ധനരായ, ഗതികെട്ട ആളുകളുടെ കേസ് നടത്തുന്നതിനുവേണ്ടി ഗവൺമെൻറിൽനിന്നും അഡ്വക്കേററ്സിന് സഹായം കൊടുക്കാമെന്ന് പറഞ്ഞിട്ട് ഒററപൈസപോലും അതിനുവേണ്ടി ചെലവാക്കിയിട്ടില്ല.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ലായെസംബന്ധിച്ച ചർച്ചയിലല്ലാതെ ഇതിൻെറ ഡിസ്കഷനിൽ ഇത് പറയുന്നത് ശരിയല്ല.

ശ്രീ. എൻ. ഭാസ്ക്കരൻ നായർ: അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്ററിസ് എന്നുള്ളതിലാണ് ഞാൻ ഈ കാര്യം പറയുന്നത്. ലോയിലല്ല ഇത് വരുന്നത്. ഞാൻ വായിച്ചുനോക്കിയിട്ട് തന്നെയാണ് പറയുന്നത്.

സർ, മറെറാന്ന് എനിക്ക് പറയാനുള്ളത് ചാർജിംഗ് സ്റേറഷനുകളെ സംബന്ധിച്ചിടത്തോളം ആണ്. ചാർജിംഗ് സ്റേറഷനുകൾ പുതുതായി രൂപീകരിച്ചു എന്നു പത്രത്തിൽ കൊടുത്തിരുന്നു. എനിക്ക് വളരെ ശക്തിയായി പറയാനുള്ളത് 1977 മുതൽ തന്നെ മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം എന്ന സ്ഥലത്ത് ഒരു ചാർജിംഗ് സ്റേറഷൻ വേണമെന്ന് വളരെയേറെ നിവേദനങ്ങൾ നടത്തുകയും 1965-ൽ ഈ സ്ഥലത്തിനടുത്ത് 50 സെൻറ് സ്ഥലം ഗവൺമെൻറിൽ നിന്നും പൊന്നും വിലയ്ക്ക് എടുത്തിടുകയും ചെയ്തെങ്കിലും ഇതുവരെയായിട്ടും അവിടെ ചാർജിംഗ് സ്റേറഷൻ സ്ഥാപിച്ചിട്ടില്ല. അതേസമയം ആവശ്യമില്ലാത്ത പല സ്ഥലങ്ങളിലും ഉണ്ടാക്കുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ ഉണ്ടാക്കുന്നില്ല. വിശേഷിച്ചും ശ്രീ. കാമ്പിശ്ശേരി കരുണാകരനെ പോലുള്ള പ്രഗൽഭരായ ആളുകൾ താമസിച്ചിരുന്ന ആ പ്രദേശത്ത് ഒരു ചാർജിംഗ് സ്റേറഷൻ എത്രയും വേഗം സ്ഥാപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, പോലീസ്സിൻെറ പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം വളരെയേറെ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിലും ചിലകാര്യങ്ങൾ അവർ ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷയുണ്ട്. വസ്തുതർക്കം, പണമിടപാട് മുതലായ കാര്യങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന് നിർബന്ധമായി പറയേണ്ടതുണ്ട്. ഇന്ന് പല സ്റേറഷനുകളിലും കാണുന്ന ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഒരു തട്ടാൻ ഒരു വിവാഹത്തിനുവേണ്ടി പത്തുപവൻെറ ഒരു മാല തീർത്തുകൊടുത്തു. ആ കല്യാണം കഴിഞ്ഞ് പത്തുവർഷത്തിനു ശേഷം അവർക്ക് രണ്ടു മൂന്ന് കുട്ടികളും ഉണ്ടായതിനുശേഷം ആ മാല ഏതോ ആവശ്യത്തിന് പണയം വെക്കുന്നതിനുവേണ്ടി ബാങ്കിൽ കൊണ്ടുപോയി തൂക്കിനോക്കിയപ്പോൾ ഒരു പവൻ കുറഞ്ഞെന്നു കണ്ടു. ഉടനെ പോലീസ്സിൽ കേസ് കൊടുക്കുകയും ആ

LIBRARY ARCHIVES Kerala Legislative Assembly

തട്ടാനെ വിളിച്ചുകൊണ്ടുപോയി അയാളിൽനിന്നും നഷ്ടപരിഹാരം ഈടാക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ഇതുപോലതന്നെ വസ്തുതർക്കങ്ങളിലും അതിർത്തി തർക്കങ്ങളിലും പോലീസ് ഇടപെട്ട് അന്യായമായ വിധി ഉണ്ടാക്കുന്നത് കർശനമായും തടയണം. അതിനെക്കുറിച്ച് കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ഒ. ലൂക്കോസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. പോലീസ് വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയുടെ ദിവസം പോലീസിനെതിരായ ലാത്തിച്ചാർജ്ജ് നടത്തുവാൻ പററുന്ന ഒരു ദിവസമായിട്ടാണ് പലപ്പോഴും അതിനെ കണക്കാക്കാറുള്ളത്. ഇന്നും പോലീസ് വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷത്തുനിന്നും സംസാരിച്ച ശ്രീ. പിണറായി വിജയൻ ഒരു പ്രതിപക്ഷ നിയമസഭാ സാമാജികനെന്ന നിലയിൽ നടത്തിയ ചില്ലാ ലാത്തിച്ചാർജ്ജ് ഒഴിച്ചാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആരംഭം വളരെ ശ്രദ്ധേയമായിരുന്നു. അദ്ദേഹം പറഞ്ഞത് നമ്മുടെ പോലീസ്സേന ബ്രിട്ടീഷ് ആധിപത്യത്തിന്റെ പാരമ്പര്യത്തിൽ വളർന്നു വന്നതാണ് എന്നാണ്. നൂറ് ശതമാനവും എല്ലാവരും അംഗീകരിക്കുന്ന ഒരു അഭിപ്രായമാണത്. അടക്കി ഭരിക്കാനും അടിച്ചമർത്താനും വേണ്ടി നിയോഗിക്കപ്പെട്ടിരുന്ന ബ്രിട്ടീഷ് സേനയുടെ പല പാരമ്പര്യങ്ങളും നമ്മുടെ പോലീസ് സേനയ്ക്ക് ഉണ്ടായിരുന്നു. ചിലതെല്ലാം ഇന്നും ഉണ്ടെന്നു ഞാൻ തീർച്ചയായും അംഗീകരിക്കുന്നു. നമ്മുടെ പോലീസ്സേന ഇന്നു കുററവാളികളെ ശിക്ഷിക്കുന്ന പൈശാചികമായ ശിക്ഷാസമ്പ്രദായം വച്ചു പുലർത്തുന്നവരാണെന്നും, നീറോ ചക്രവർത്തിയുടെ താവഴിക്കാരാണെന്നും ആരും പറയുമെന്നു തോന്നുന്നില്ല. ശ്രീ. വിജയനും അത് പറഞ്ഞില്ല. ഈ നിയമസഭയിൽ പോലീസ് വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ച ചെയ്യുന്ന എല്ലാ ഘട്ടങ്ങളിലും ലോക്കപ്പ് മർദ്ദനത്തിന്റെ നീണ്ട പട്ടികകൾ പലരും നിരത്തിവയ്ക്കാറുണ്ടായിരുന്നു. ഇന്ന് ഒരാക്രമണം നടത്താൻവേണ്ടി പ്രസംഗിച്ച ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കുപോലും ലോക്കപ്പ് മർദ്ദനത്തിന്റെ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുവാൻ കഴിയാതെ പോയത് വളരെ ശ്രദ്ധേയമാണ്. ഇത് പറയുമ്പോൾ നമ്മുടെ പോലീസ്സേന കുററമററതാണെന്നു ഭരണകക്ഷിയിൽപ്പെട്ട ആരുംതന്നെ അവകാശപ്പെടുന്നില്ല. കുററങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കുന്നതിനെ ആരും കുററപ്പെടുത്തുന്നില്ല. ശ്രീ. പിണറായി വിജയൻ തുടങ്ങിവെച്ച ആ സ്ഥാനത്തുനിന്നുംതന്നെ ഞാൻ എന്റെ പ്രസംഗം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വിജയൻ മുഖ്യമായും പറഞ്ഞത്, നമ്മുടെ പോലീസ്സേനയ്ക്ക് ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ട്രെയിനിംഗ് സമ്പ്രദായത്തിൽ മാററം വരുത്തണം എന്നാണ്. എന്തുകൊണ്ടോ അദ്ദേഹത്തിന് ആ കാര്യം വിശദീകരിക്കുവാൻ കഴിഞ്ഞില്ല. സർ, ഞാൻ കൂടുതൽ വിഷയങ്ങളിലേക്കൊന്നും തന്നെ കടക്കുന്നില്ല. ഒരൊററ വിഷയത്തെപ്പററി മാത്രമേ ഞാൻ ചർച്ച ചെയ്യുന്നുള്ളു. ഈ കാലഘട്ടത്തിൽ ആ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടത് ആവശ്യമാണെന്നു ഞാൻ വിശപസിക്കുന്നു. രാജൻ സംഭവത്തിന്റെ ചുരുളഴിഞ്ഞപ്പോൾ ഈ രാജ്യത്ത് പോലീസ് മർദ്ദനസമ്പ്രദായം അഴിച്ചുവിട്ടുവെന്നും കിരാത മർദ്ദനമുറ അവലംബിച്ചുവെന്നും മററും ഒരു ധാരണയുണ്ടായിരുന്നു. രാജൻ സംഭവത്തിനു ശേഷമുണ്ടായ സ്ഫോടനാത്മകമായ അന്തരീക്ഷത്തിൽ ഈ രാജ്യത്തെ ക്രമസമാധാനനില കാത്തുസൂക്ഷിക്കുന്നതിന് നമ്മുടെ പോലീസ്സേന ജാഗ്രത പുലർത്തിയിട്ടുണ്ട്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പോലീസ് ചിലപ്പോൾ മർദ്ദനമുറകൾ അവലംബിക്കാറുണ്ട്. തെറ്റുകളും കുറ്റങ്ങളും ഉണ്ടാകാറുണ്ട്. നമ്മുടെ പോലീസ്സേനയ്ക്ക് വേണ്ടി നമ്മുടെ പോലീസ് വകുപ്പുമന്ത്രി എന്തു ചെയ്യണം എന്നു ചോദിച്ചാൽ അതിനെക്കുറിച്ച് എനിക്ക് പറയുവാനുള്ള ചില കാര്യങ്ങൾ മാത്രം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

നമ്മുടെ പോലീസ്സേനയ്ക്ക് വേണ്ടി ഇതിനു മുമ്പുണ്ടായിരുന്ന പോലീസ് വകുപ്പുമന്ത്രിമാർ പലരും പല പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്. ഇവർക്കുവേണ്ട താമസസൗകര്യത്തിന്റെ കാര്യത്തിൽ വളരെയധികം താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സും മററും അനുവദിച്ചിട്ടുണ്ട്, അത് ഇനിയും തുടരേണ്ടതുണ്ട്.

നമ്മുടെ പോലീസ് ട്രെയിനിംഗ് കോളേജിന്റെയും പോലീസ് ട്രെയിനിംഗ് സെന്ററുകളുടേയും കേടുപാടുമാററി നല്ലതാക്കണം. പോലീസ് ട്രെയിനിംഗ് കോളേജ് അടുത്ത കാലത്ത് മനഃപൂർവ്വം ഒന്ന് കാണാൻ ഇടയായതിന്റെ പശ്ചാത്തലത്തിലാണ് ഞാൻ ഈ അഭിപ്രായപ്രകടനം നടത്തുന്നത്. പോലീസ് ട്രെയിനിംഗിനെ സംബന്ധിച്ചിടത്തോളം നല്ല ഒരു ഇവിടെ ട്രെയിനിംഗ് മാന്വൽ ഉണ്ട്. ഇതിൽ ആരൊക്കെയാണ് ട്രെയിനിംഗ് കോളേജുകളിൽ പഠിപ്പിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് പറയുന്നുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകൾക്ക് ഇതിനെക്കുറിച്ച് അറിയാമായിരിക്കാം. അതിൽ ആദ്യം പ്രിൻസിപ്പലിന്റെ കാര്യത്തെക്കുറിച്ച് പറയുന്നത് ഞാൻ വായിക്കാം.

He shall be a senior I. P. S. Officer having experience in the Department. He will have experience in all and exercise all the powers of the Superintendent of Police or the police officers and other staff employed in the college and the school.

രണ്ടാമത് വൈസ് പ്രിൻസിപ്പലിനെപ്പററി പറയുന്നുണ്ട്. He should preferably be a law graduate with adequate practical experience in the Police Department.

അത് കഴിഞ്ഞ് സീനിയർ ലോ ഇൻസ്പെക്ടറെപ്പററി പറയുന്നുണ്ട്. The Senior Law Inspector: He will be a senior Circle Inspector of Police with considerable practical experience. He would be a law graduate or at least a graduate.

പോലീസ് ട്രെയിനിംഗ് കോളേജിനെ സംബന്ധിച്ച് സത്യസന്ധമായി പറഞ്ഞാൽ, കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടയ്ക്ക് ഉള്ള പോലീസ് ട്രെയിനിംഗ് കോളേജിന്റെ സ്ഥിതി എന്താണെന്നു പറഞ്ഞാൽ സത്യത്തിൽ അതൊരു തെമ്മാടിക്കുഴിയാണ്. വ്യക്തിപരമായി ഞാൻ ആരേയും കുററപ്പെടുത്തുന്നില്ല. പ്രഗൽഭൻമാരും പ്രതിഭാശാലികളുമായ ഇൻസ്പെക്ടർമാർ പഠിപ്പിച്ചിട്ടുണ്ടെന്നുള്ള സത്യവും ഞാൻ നിഷേധിക്കുന്നില്ല ആകെക്കൂടി നോക്കിയാൽ നമ്മുടെ പോലീസ് ട്രെയിനിംഗ് കോളേജിലും പോലീസ് ട്രെയിനിംഗ് സെന്ററിലും എസ്. എസ്. എൽ. സി. പോലും പാസാകാത്തവരാണ് ട്രെയിനിംഗ് കൊടുക്കുന്നത്. എസ്. എസ്. എൽ. സി. പാസാകാത്തതുകൊണ്ട് അവർ വിവരം ഇല്ലാത്തവരാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഖോറേ കമ്മിററി റിപ്പോർട്ടിൽ പോലീസ് ട്രെയിനിംഗ് കോളേജിലെ ടീച്ചേഴ്സിന്റെ യോഗ്യതകളെക്കുറിച്ച് പറയുന്നുണ്ട്. പ്രിൻസിപ്പാൾ മുതൽ ഇങ്ങോട്ടുള്ളവരുടെ ക്വാളിഫിക്കേഷൻ പരിശോധിച്ചാൽ വളരെ ദയനീയമാണ്. 12 കൊല്ലക്കാലത്തെ ചരിത്രം പരിശോധിച്ചാൽ പല സ്ഥലങ്ങളിൽനിന്നും ഇങ്ങോട്ട് ട്രാൻസ്ഫർ ചെയ്യപ്പെട്ടവരേയോ അതല്ലെങ്കിൽ മററവിടെയെങ്കിലും പോസ്റ്റിംഗ് കൊടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വാഹമില്ലാത്തവരേയോ ആണ് പോലീസ് ട്രെയിനിംഗ് കോളേജിൽ നിയോഗിച്ചിട്ടുള്ളത്. അവർ സാമൂഹ്യവിരുദ്ധൻമാരാണെന്നു ഞാൻ പറയുന്നില്ല. അങ്ങനെയുള്ള ആളുകൾ ട്രെയിനിംഗ് കൊടുത്ത് പുറത്തിറങ്ങുന്ന പോലീസ് സബ് ഇൻസ്പെക്ടർമാരുടേയും പോലീസ്കാരുടേയും മാനസികാവസ്ഥയെക്കുറിച്ച് ഒന്നു ചിന്തിക്കണം. എം. എ.യും എൽ. എൽ. ബി.യും ഒക്കെ പാസായി സബ് ഇൻസ്പെക്ടർമാരായി സെലക്ഷൻ കിട്ടി വരുന്നവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ തീർച്ചയായും വളരെ നല്ല മനോഭാവം ഗവൺമെൻറ് അവലംബിക്കണം എന്നാണ് എൻെറ അഭിപ്രായം.

അതുപോലെതന്നെ ട്രെയിനിംഗ് കൊടുക്കുമ്പോൾ ഉള്ള കാര്യത്തെക്കുറിച്ചും പ്രത്യേകം പറയുന്നുണ്ട്. ലോക്കൽ പോലീസിന് കൊടുക്കുന്ന ട്രെയിനിംഗിൻെറ കൂട്ടത്തിൽ മാനസികാവസ്ഥ കൂടി നന്നാക്കുവാനുള്ള ഒരു ശ്രമം ഉണ്ടാകണം. അമേരിക്ക തുടങ്ങിയ വികസനരാജ്യങ്ങളിൽ പോലീസ് സയൻസിനെ പററിയും ക്രിമിനോളജിയെപ്പററിയും പഠിക്കുവാനുള്ള റിസർച്ച് നടത്തുവാനുള്ള സൗകര്യങ്ങളോടുകൂടിയ എൺപത്തിആറിൽപ്പരം കോളേജുകളുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. എനിക്ക് ഒരു നിർദ്ദേശമെന്നനിലയിൽ വയ്ക്കുവാനുള്ളത്, കേരള യൂണിവേഴ്സിററിയിൽ പോലീസ് സയൻസും ക്രിമിനോളജിയും പഠിപ്പിക്കുവാൻ വേണ്ടി ഒരു വകുപ്പുകൂടി ആരംഭിക്കുവാൻ ഈ ഗവൺമെൻറ് സന്നദ്ധത പ്രകടിപ്പിക്കണം എന്നാണ്.

അതുപോലെ തന്നെ മററു പല വികസിത രാജ്യങ്ങളിലും ഇൻഡ്യയിൽ തന്നെ മററു പല സംസ്ഥാനങ്ങളിലും ഉന്നതൻമാരായ പോലീസുദ്യോഗസ്ഥൻമാരെ റോയൽ ഇൻസ്ററിററ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ഇംഗ്ലണ്ടിലെ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനത്തിൽ ട്രെയിനിങ്ങിന് അയയ്ക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഉന്നതമായ ഈ ട്രെയിനിങ്ങിനുവേണ്ടി ഒരൊററ പോലീസുദ്യോഗസ്ഥനെ പോലും അയച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രഗൽഭൻമാരായ ഉദ്യോഗസ്ഥൻമാർക്കു അത്തരം ട്രെയിനിങ്ങിനുള്ള അവസരം കൊടുക്കണം.

മറെറാരുകാര്യം റിഫ്രഷർ കോഴ്സിനെ പററിയാണ്. ഈ കോഴ്സ് നമ്മുടെ സംസ്ഥാനത്തെ പോലീസുകാർക്കു ഒരിക്കലും കിട്ടുകയില്ല. ഹെഡ് കോൺസ്ററബിൾ സബ് ഇൻസ്പെക്ടറായി തെരഞ്ഞെടുക്കപ്പെടുന്ന ഘട്ടത്തിൽ ഏതാണ്ട് അഞ്ചോ ആറോ മാസത്തെ ട്രെയിനിങ്ങ് കൊടുക്കുന്നുണ്ട്. ഈ ട്രെയിനിങ്ങ് കഴിഞ്ഞ് പോയാൽ സബ് ഇൻസ്പെക്ടർക്ക് പോലീസ് ട്രെയിനിങ്ങ് കോളേജിലേയ്ക്കോ പോലീസ് ട്രെയിനിങ്ങ് സ്കൂളിലേയ്ക്കോ വരേണ്ട ആവശ്യം ഉണ്ടാവുകയില്ല. മിലിററിയിലും മററും പതിനാറു കാലത്തെ സർവ്വീസുള്ള മിലിററി ആഫീസർ സർവ്വീസിൻെറ മൂന്നിലൊന്നു ഭാഗം റിഫ്റഷർ കോഴ്സിനുവേണ്ടി ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. മനുഷ്യരുമായി ബന്ധപ്പെടുന്ന നമ്മുടെ പോലീസുദ്യോഗസ്ഥൻമാരെ കാലാകാലങ്ങളിൽ ഓരോ പ്രൊമോഷൻ കൊടുക്കുമ്പോഴും ഒരു നിശ്ചിതകാലം റിഫ്റഷർ കോഴ്സിനോ ഇൻസർവ്വീസ് കോഴ്സിനോ അവർ വിധേയരായിരിക്കണമെന്ന ഒരു നിബന്ധനയുണ്ടാക്കണം. സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടറാകുമ്പോൾ ആ ഉദ്യോഗത്തിൻെറ പദവിയ്ക്കനുസരിച്ച് പെരുമാറുന്ന മാനസിക കാലാവസ്ഥ ഉണ്ടാക്കുന്ന ട്രെയിനിങ്ങ് കൊടുക്കണം. സർക്കിൾ ഇൻസ്പെക്ടർ, ഡി വൈ. എസ്. പി. ആകുമ്പോഴും, ഡിവൈ. എസ് പി., എസ്. പി. ആകുമ്പോഴും ഓരോ ഘട്ടത്തിലും ചെറുതും വലുതുമായ എല്ലാ പോസ്ററുകളിലേക്കു

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോഷൻ കിട്ടുന്ന പോലീസുദ്യോഗസ്ഥൻമാർക്കു ഇൻസർവ്വീസ് ട്രെയിനിങ്ങ് കൊടുക്കാനുള്ള ഒരു സംവിധാനം ഇന്ന് നമ്മുടെ രാജ്യത്തില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുള്ള സംവിധാനം ഈ സംസ്ഥാനത്തുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ പോലീസിന്റെ പ്രവൃത്തി സമയം. 24 മണിക്കൂറും പോലീസ് പണിയെടുക്കണമെന്നാണ് വയ്പ്പ്. 24 മണിക്കൂറും ജോലി ചെയ്യുന്നുണ്ടെന്ന അഭിപ്രായം എനിക്കില്ല. എങ്കിൽപോലും പോലീസുകാരൻ കാലത്തു മുതൽ അവന് പണിയുണ്ടെങ്കിലും ഇല്ലെങ്കിലും വരാന്തയിൽ കുത്തിയിരിക്കണമെന്നാണ് വയ്പ്പ്. അങ്ങനെയിരിക്കുന്ന പോലീസുകാർ ചുമ്മാതിരിക്കുന്ന സമയം മററുതരത്തിൽ ഉപയോഗപ്പെടുത്താറുണ്ട്. എസ്. ഐ. യ്ക്ക് പെററീഷൻ കൊടുക്കാൻ വരുന്ന ആളുകളെ പതുക്കെ പോലീസ് സ്റേറഷന്റെ വരാന്തയിൽനിന്ന് കൂട്ടിക്കൊണ്ടുപോയി അകത്തിരിക്കുന്നത് പുലിയാണെന്നും മററും പറഞ്ഞ് ചുമ്മാതിരിക്കുന്ന സമയം മുതലാക്കുന്നുണ്ട്. അവന്റെ പ്രവൃത്തി സമയം കഴിഞ്ഞാൽ അവരുടെ ക്വാർട്ടേഴ്സിൽ താമസിക്കാനും അത്യാവശ്യം വന്നാൽ വിളിപ്പിക്കാനുമുള്ള ഏർപ്പാടുണ്ടാക്കണം. 24 മണിക്കൂറും വരാന്തയിൽ വച്ചുകൊണ്ടിരിക്കുന്ന സംവിധാനം ആവശ്യമില്ല. സബ് ഇൻസ്പെക്ടറായിട്ടും പോലീസുകാരായിട്ടും ട്രെയിനിങ്ങിന് വരുന്ന ട്രെയിനികളെതന്നെ ഞാൻ മനസ്സിലാക്കിയിടത്തോളം ചില സന്ദർഭത്തിൽ സമരവും ബഹളവും ഉണ്ടാകുമ്പോൾ ക്രമസമാധാനം പാലിക്കാൻവേണ്ടി നിയോഗിക്കുന്ന ഒരു സംവിധാനമുണ്ട്. അത് തുടരുന്നത് ശരിയാണോ? ആ രീതി തുടരരുതെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

അതുപോലെതന്നെ റിസർച്ച് സ്ററഡീസിനുവേണ്ടി പ്രത്യേക വിംഗ് ഉണ്ടാകണം. ഇന്ന് അതില്ല. നമ്മുടെ സംസ്ഥാനത്തെ പോലീസിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും പത്രത്തിൽ അവർക്കെതിരായി വരുന്ന റിപ്പോർട്ടുകളും കളക്ട് ചെയ്യാനും പഠിക്കാനും അതെക്കുറിച്ച് പരീക്ഷണം നടത്താനുമുള്ള റിസർച്ചുമായി ബന്ധപ്പെടുത്താൻ കഴിയും. അതുപോലെ തന്നെയാണ് പോലീസിനെ ട്രെയിനിങ്ങിന് എടുക്കുന്നത്. രണ്ടും മൂന്നും കൊല്ലം കൂടുമ്പോൾ പോലീസുകാർക്ക് ട്രെയിനിങ്ങ് കൊടുക്കും. ഇരുനൂററിയമ്പത്തിയാറോളം ആളുകൾ ട്രെയിനിങ്ങിന് ഒരുമിച്ച് വരും. നാൽപതും അൻപതും ആളുകൾക്കു മാത്രം ഇരിക്കാൻ സൗകര്യമുള്ള ക്ലാസ്സുമുറികളിൽ ഇരുത്താൻ പററാത്തതുകൊണ്ട് വൃക്ഷച്ചുവട്ടിലും മററും വച്ചാണ് ട്രെയിനിങ്ങ് കൊടുക്കുന്നത്. നൂററമ്പതോളം ആളുകളെ നിരത്തിയിരുത്തി ഈ പറഞ്ഞ രീതിയിലുള്ള ആളുകൾക്ക് ട്രെയിനിങ്ങ് കൊടുത്താൽ വല്ല മനുഷ്യരും ശ്രദ്ധിക്കുമോ? ഇവിടെ നിന്ന് ഇറങ്ങി പോകുന്ന ആളുകൾക്ക് എന്തെങ്കിലും പഠിച്ചു എന്ന അഭിമാനത്തോടുകൂടി ഇറങ്ങി പോകാൻ കഴിയുന്നില്ല. പോലീസ് ട്രെയിനിങ്ങ് കോളേജ് ഭംഗിയാക്കാൻവേണ്ടി അവിടത്തെ ഓരോ സംവിധാനത്തിനും മാററം വരുത്തണം. ഇരുത്തി പഠിപ്പിക്കാനുള്ള സംവിധാനമില്ല. പല അസൗകര്യങ്ങളുമുള്ള ട്രെയിനിങ്ങ് കോളേജിനെ ഇൻഡ്യയിലെ മററുപല സംസ്ഥാനങ്ങളിലുമുള്ള ട്രെയിനിങ്ങ് കോളേജിന്റേയും സ്കൂളിന്റേയും നിലയിലെത്തത്തക്കവിധത്തിൽ ഉദ്ധരിക്കണം.

അതുപോലെതന്നെ എഫ്. ഐ. ആർ. റിപ്പോർട്ട് ഉണ്ടാക്കുന്നകാര്യം. കേസ് കൊടുക്കുന്ന ആളുകൾ തന്നെ കടലാസ് വാങ്ങിച്ചു കൊണ്ടു വന്ന് കൊടുക്കണം. പോലീസുകാർ പഴയ ആധാരഭാഷയിൽ കുറേനേരം

LIBRARY ARCHIVES Kerala Legislative Assembly

കുത്തിയിരുന്ന് എഴുതി, എഴുത്തിന്റെ ഗാംഭീര്യവും സമയത്തിന്റെ ദൈർഘ്യവും കണക്കാക്കി പൈസ വാങ്ങിക്കുന്ന സംവിധാനമുണ്ട്. ഈ രീതിയിൽ റിപ്പോർട്ടുണ്ടാക്കുന്ന സംവിധാനം മാററണം. എന്തൊക്കെയാണ് ആ കേസിൽ വരുത്തേണ്ടതെന്ന് മനസ്സിലാക്കിക്കൊണ്ട് ചോദ്യത്തിന്റെ ഉത്തരം 'ഉണ്ട്', 'ഇല്ല' എന്ന ചോദ്യോത്തര രൂപത്തിൽ മറുപടി കൊടുക്കുന്നതിനുള്ള പ്രിൻറഡ് രൂപത്തിലുള്ള സംവിധാനം ഉണ്ടാക്കണമെന്നുള്ള അഭിപ്രായമുണ്ട്. പോലീസ് ട്രെയിനിങ്ങ് കോളേജിൽ പഠിപ്പിക്കുന്ന പ്രിൻസിപ്പാൾമാരുടെ യോഗ്യതയെക്കുറിച്ച് പറഞ്ഞു. യോഗ്യതയുള്ള ആളുകളെ അവിടെ കൊണ്ടുവന്ന് പഠിപ്പിക്കാനിരുത്തിയതു കൊണ്ടായില്ല. യോഗ്യതയ്ക്കനുസരിച്ചുള്ള ഇൻസെൻറീവ് കൊടുക്കാതെ, ശമ്പളം കൊടുക്കാതെ യോഗ്യൻമാരായ ആളുകളെ കൊണ്ടുവന്ന് പ്രിൻസിപ്പാൾ മാരായും വൈസ് പ്രിൻസിപ്പാൾമാരായും ലോ ലെക്ച്ചററായും വയ്ക്കാൻ കഴിയുമെന്ന് അഭിപ്രായം എനിക്കില്ല. ഒരു ഉദാഹരണം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. നമ്മുടെ പോലീസ് ട്രെയിനിങ്ങ് കോളേജിൽ ലോ പഠിക്കേണ്ട ആളുകൾക്ക് നിയമ പരമായ പരിജ്ഞാനം നൽകുന്നതിനുവേണ്ടി രണ്ട് പാർട്ട് ടൈം ലക്ച്ചറർമാരുണ്ട്. അഞ്ഞൂറു രൂപയാണ് ശമ്പളം കൊടുക്കുന്നത്. പാർട്ട് ടൈം ലോ ലക്ച്ചററായി വരുന്നവർ കോടതിയിൽ പ്രാക്ടീസുള്ള നല്ലൊരു വക്കീലാണെങ്കിൽ വല്ലപ്പോഴും വരാനേ പററുകയുള്ളു. അതുകൊണ്ട് പ്രയോജനം ഉണ്ടാവുകയില്ല. രണ്ടുപേർക്കുംകൂടി ആയിരം രൂപ ശമ്പളം കൊടുക്കുന്നുണ്ട്. അത് അൽപംകൂടി ഉയർത്തി ക്കൊണ്ട് ഒരു ലോ ലെക്ച്ചററെ ട്രെയിനിങ്ങ് കോളേജിൽ വച്ചാൽ പോലീസ് ഡിപ്പാർട്ടുമെൻറിന്റെ ലീഗൽ അഡൈ്വസറായിട്ടുകൂടി ഉപയോഗപ്പെടുത്താൻ കഴിയും. അതെപ്പററി ഗവൺമെൻറ് ആലോചിക്കണമെന്നു പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനയെ സ്വാഗതം ചെയ്തു കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. വി. മൂസ്സ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. സർവ്വത്ര അഴിമതി നിറഞ്ഞതാണ് ഈ ഭരണകൂടമെന്ന് ഉന്നയിക്കപ്പെട്ടു. ഈ ആരോപണം ഞങ്ങൾ മാത്രമല്ല ഉന്നയിച്ചിട്ടുള്ളത്. ചെയറിലിരിക്കുന്ന ബഹുമാനപ്പെട്ട ജേക്കബ് അഴിമതിനിർമ്മാർജ്ജനത്തിനു വേണ്ടി ജൈത്രയാത്ര നടത്തി. ഈ അഴിമതിയിൽനിന്ന് പോലീസും വിമുക്തമല്ല. അക്കമിട്ട് നിരത്തിവയ്ക്കാൻ സമയക്കുറവുകൊണ്ട് സാധിക്കുന്നില്ല. ബഹുമാനപ്പെട്ടആഭ്യന്തരമന്ത്രിയോട്എനിക്ക്ഒരുകാര്യംപറയാനുണ്ട്. വാദിയോടും പ്രതിയോടും കൈക്കൂലി വാങ്ങിക്കുന്ന സമ്പ്രദായമെങ്കിലും ഉപേക്ഷിക്കാൻ പോലീസ് ഡിപ്പാർട്ടുമെൻറിന് നിർദ്ദേശം കൊടുക്കണം. വാദി നൂറു രൂപ കൊടുത്താൽ പ്രതി ഇരുനൂറു രൂപ കൊടുക്കണം പ്രശ്നം പരിഹരിക്കണമെങ്കിൽ എന്ന സ്ഥിതിയാണ് പോലീസ് സ്റേറഷനി ലുള്ളത്. ഏതെങ്കിലുമൊരു വിഭാഗത്തോട് കൈക്കൂലി വാങ്ങിച്ചിട്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള പരോക്ഷമായ നിർദ്ദേശമെങ്കിലും പോലീസിന് കൊടുത്താൽ കൊള്ളാം. പോലീസ് സ്റേറഷനിൽ കൂസോരകളുണ്ട്. രാഷ്ട്രീയക്കാർക്കും എം. എൽ. എ. മാർക്കും ഇരിക്കാനാണ്. ഇപ്പോൾ ചില പോലീസ് സ്റേറഷനുകളിൽ വേശ്യാലയത്തിലെ ബ്രോക്കർമാരും, മദ്യഷാപ്പിലെ കോൺട്രാക്ടർമാരും ചീട്ടുകളിയിലെ ഏജൻറുമാരുമാണ് ഇരിക്കുന്നത്. ഈ സ്ഥിതിയ്ക്ക് മാററം ഉണ്ടാക്കണം. ഒരു പക്ഷേ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇതറിഞ്ഞു കാണുകയില്ല. കേരളകോൺഗ്രസ്സുകാരായാലും ശരി മററ് ആരായാലും കൊള്ളാം ഈ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി മാററണം. ഒരു പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം നിഷേധിക്കുമായിരിക്കും. വിശദമായ അന്വേഷണത്തിന് മുതിർന്നാൽ ഇങ്ങനെയുള്ള പോലീസ് സ്റ്റേഷനുകൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമാകും.

പിന്നെ പോലീസുകാരെ സംബന്ധിച്ച് പറയുമ്പോൾ ഒരു അഭ്യർത്ഥന എനിക്കുണ്ട്. വിഷു, ഓണം, പെരുന്നാൾ, ക്രിസ്തുമസ് തുടങ്ങിയ വിശേഷദിവസങ്ങളിൽ ഐ. ജി., ഡി. ഐ. ജി. തുടങ്ങിയ പോലീസുദ്യോഗസ്ഥൻമാർ തീർത്ഥാടനത്തിനും പാപം കഴുകിക്കളയുന്നതിന് സ്വാമിദർശനത്തിനും മററും പോകുന്നതുമൂലം പാവപ്പെട്ട പോലീസുകാർ പൊരിവെയിലത്ത് നടുറോഡിൽ നിൽക്കേണ്ട ഗതികേടുണ്ടാകുന്നു. ആ വിശേഷദിവസങ്ങളിൽ പാവപ്പെട്ട പോലീസുകാർക്ക് ഒരു നേരം വീട്ടിൽപോയി ആഹാരം കഴിക്കാൻ സാദ്ധ്യമല്ലാതായിത്തീരുന്നു. അതുകൊണ്ട് വിശേഷദിവസങ്ങളിൽ ഐ. ജി. യും ഡി. ഐ. ജി. മാരും ദേവാലയ സന്ദർശനത്തിനു പോകുന്നത് ഒഴിവാക്കി പാവപ്പെട്ട പോലീസുകാർക്ക് വീട്ടിൽപോയി ഒരു നേരത്തെ ആഹാരം കഴിക്കാനുള്ള സന്ദർഭം ഉണ്ടാക്കികൊടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. മന്ത്രിമാരും ആ കാര്യത്തിൽ പിന്നോക്കമല്ല. മന്ത്രിമാർ പറയുന്ന സമയത്തെത്താത്തതുകൊണ്ട് എരിപൊരികൊള്ളുന്ന വെയിലത്ത് പോലീസുകാർ റോഡിൽ കാത്തുനിൽക്കേണ്ടി വരുന്നുണ്ട്. അതുകൊണ്ട് പോലീസുകാരുടെ ദയനീയസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഉയർന്ന പോലീസുദ്യോഗസ്ഥൻമാരുടെ വിശേഷദിവസങ്ങളിലുള്ള സന്ദർശനം ഒഴിവാക്കണമെന്നു ഞാൻ പറയുകയാണ്.

നമ്മുടെ സംസ്ഥാനത്തിലെ ജയിലുകളെക്കുറിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പാറശ്ശാല മുതൽ കണ്ണൂർ വരെ ജയിലുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ പോലീസ് ഡിപ്പാർട്ടുമെൻറിൽ 23-ഓളം ഡി. ഐ. ജി. മാരുണ്ട്; ഒരു ഐ. ജി. യുണ്ട്. എന്നാൽ ജയിലുകളുടെ സംരക്ഷണത്തിന് ഒരു ഐ. ജി. മാത്രമേയുള്ളു. ഉപ്പുതോട്ട് കർപ്പൂരം വരെയുള്ള എല്ലാ കാര്യങ്ങൾക്കും തിരുവനന്തപുരത്തെ ഐ. ജി. ആഫീസിൽ വരണമെന്ന സ്ഥിതി അവസാനിപ്പിച്ചുകൊണ്ട് പോലീസ് ഡിപ്പാർട്ടുമെൻറിൽ അനേകം ഡി. ഐ. ജി. മാരെ നിശ്ചയിച്ചിട്ടുള്ളതുപോലെ കേരളത്തിലെ ജയിലുകളേയും രണ്ടോ മൂന്നോ മേഖലകളാക്കി തിരിച്ചുകൊണ്ട് ഓരോ മേഖലയ്ക്കും ഓരോ ഡി. ഐ. ജി. മാരെ നിശ്ചയിച്ച് അധികാരം അവർക്ക് വികേന്ദ്രീകരിച്ചു കൊടുത്തുകൊണ്ട് ജയിലുകളുടെ പ്രവർത്തനത്തിന് വേണ്ട സൗകര്യം ഉണ്ടാക്കികൊടുക്കാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. പി. സീതിഹാജി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. സാധാരണ പോലീസ് വകുപ്പിലേക്കുള്ള ഡിമാൻറ് അവതരിപ്പിച്ചാൽ പ്രതിപക്ഷത്തുനിന്ന് കേൾക്കാറുള്ള യാതൊരു ആരോപണവും കേൾക്കാത്തതിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. സർ, വെള്ളക്കാരൻ ഈ രാജ്യം വിട്ടുപോയതിനു ശേഷവും നമ്മുടെ പോലീസുകാർക്ക് ഇനിയും ഒരു മാററവും വന്നിട്ടില്ല. ചില പോലീസുകാരെ നിയന്ത്രിക്കുന്നത് ചില സ്ഥലത്ത് കഴിവുള്ള ആളുകളോ കഴിവില്ലാത്ത ആളുകളോ ആണ്. അവർക്ക് ഈ രാജ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമനത്തെപ്പററിയോ മററോ യാതൊരു ചിന്തയുമില്ല. ഇപ്പോഠം ഞങ്ങഠം തന്നെയാണ് ഈ രാജ്യം ഭരിക്കുന്നവരെന്നു വിചാരിക്കുന്ന ആളുകളുണ്ട്. അവർക്ക് ശിങ്കിടി പാടുന്ന ചില പോലീസുകാർ ഉണ്ടെന്നുള്ളതാണ് പരമാർത്ഥം. ഞാൻ അത് മറച്ചുവയ്ക്കുന്നില്ല. ഇങ്ങനെപോയാൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ഗവൺമെൻറ് ചിന്തിക്കണമെന്ന വിനീതമായ അഭ്യർത്ഥന എനിക്കുണ്ട്. പോലീസിന് വീര്യം പോരാ എന്ന അഭിപ്രായം എനിക്കുണ്ട്. എല്ലാകാര്യങ്ങളിലും വീര്യം വേണമെന്ന് പറയുന്നില്ല. ശ്രീ. ബാലകൃഷ്ണപിള്ള പ്രസംഗിച്ചപ്പോഠം ഹരിജനങ്ങളെ കുടിയൊഴിപ്പിക്കുന്ന കാര്യത്തിൽ പോലീസിന് നല്ല വീര്യമുണ്ടെന്നു പറഞ്ഞു. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ ഡി. എസ്. പി. യുടെ വീട്ടിൽ ഒരു കളവുകേസ് നടന്നു. ഇന്നുവരെ ആ കേസ് തെളിഞ്ഞിട്ടില്ല. പോലീസിന്റെ വീട്ടിൽ നടന്ന കേസാണ്. അതുപോലെ മലപ്പുറം ജില്ലയിൽ രണ്ടാളുകഠം കൊലചെയ്യപ്പെട്ടു. പട്ടാപ്പകൽ നടുറോഡിലിട്ട് കൊലചെയ്യപ്പെട്ട കേസാണ്. ഇതുവരെ ഒരു പൂച്ചക്കുട്ടിയെപോലും അറസ്ററ് ചെയ്യാൻ പോലീസിന് കഴിഞ്ഞിട്ടില്ല. എന്താണ് ഇതിന്റെ സ്ഥിതി? ഇത് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു എന്നാണ് പറയുന്നത്. ക്രൈംബ്രാഞ്ചിന്റേയും വിജിലൻസിന്റേയും സ്ഥിതിയെടുത്തു നോക്കിയാൽ പോലീസ് ഡിപ്പാർട്ടുമെൻറിൽ മൂന്നോ നാലോ പ്രാവശ്യം അഴിമതിക്ക് സസ്പെൻറ് ചെയ്ത ഉദ്യോഗസ്ഥൻമാരെയാണ് വിജിലൻസിലും ക്രൈംബ്രാഞ്ചിലും കൊടുക്കുന്നത്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥൻമാർ കേസ് നോക്കിയാൽ ഗവൺമെൻറിനു ചീത്തപ്പേര് ഉണ്ടാകുകയേയുള്ളു. അങ്ങനെ ഗവൺമെൻറിന് ചീത്തപ്പേരുണ്ടാക്കുന്ന കുറെ ഉദ്യോഗസ്ഥൻമാർ നമ്മുടെ പോലീസ് ഡിപ്പാർട്ടുമെൻറിലുണ്ട്. രണ്ടാളുകളെ നടുറോഡിലിട്ട് കൊന്ന കേസാണ്. ആറു മാസമായി. ഇതുവരെ കേസ് ചാർജ്ജ് ചെയ്തിട്ടില്ല. കഴിഞ്ഞ ദിവസം നിലമ്പൂരിൽ ഒരു തിയേററിന് തീ കൊടുത്തു. പോലീസ് നായയെ കൊണ്ടുവന്നു. നായ് പോയി തീ കൊടുത്ത ആളെ വീട്ടിൽപോയി പിടിച്ചുകൊണ്ടുവന്നു. പോലീസുകാർ തിരിഞ്ഞുനോക്കിയില്ല. ജനങ്ങഠംക്ക് പോലീസിൽ വിശ്വാസം നശിക്കാൻ ഇതിൽപ്പരം എന്തു വേണം? പാലക്കാട്ടുനിന്ന് നായയെ കൊണ്ടുവന്ന് തീവച്ച ആളെ പിടിച്ചുകൊണ്ടുവന്നിട്ട് പോലീസ് തിരിഞ്ഞു നോക്കിയിട്ടില്ല. അപ്പോഠം ഒരു നിലയിൽ പോലീസിന് വീര്യമില്ല. എന്നാൽ ചില കാര്യങ്ങളിൽ പോലീസിന് വീര്യം കാണുന്നുണ്ട്. പോലീസിൽ പ്രമോഷൻ കൊടുത്ത് എസ്. ഐ. മാരായിവരുന്നവർക്ക് സ്റേറഷൻ ചാർജ് കൊടുക്കരുതെന്ന അഭിപ്രായം എനിക്കുണ്ട്. ഡയറക്ററായി റിക്രൂട്ട്മെൻറ് ചെയ്ത ആളുകഠംക്കേ സ്റേറഷന്റെ ചാർജ് കൊടുക്കാവൂ. കൈക്കൂലി വാങ്ങി ശീലിച്ചുവന്ന ആളുകഠംക്ക് സ്റേറഷൻ ചാർജ് കൊടുത്താൽ വല്ലതും നടക്കുമോ? അവർക്ക് പ്രമോഷൻ കൊടുക്കണം, കൊടുക്കേണ്ടായെന്ന് പറയുന്നില്ല. വണ്ടൂരിൽ രണ്ടു എസ്. ഐ. മാരുണ്ട്. മിനിയാന്ന് ഒരു അനുഭവമുണ്ടായി. അവിടെ ഒരു പാട്ടുകച്ചേരിയുണ്ടായിരുന്നു, ഗാനമേള. ആളുകഠം തള്ളിക്കയറിയപ്പോഠം പോലീസുകാരെ വിളിച്ചു. വന്ന രണ്ടു പോലീസ് ഉദ്യോഗസ്ഥൻമാരും ഹെവി ചൂടിലാണ്, കാൽ നേരെ നിൽക്കുന്നില്ല. ഈ ഉദ്യോഗസ്ഥൻമാരുടെ കൊള്ളരുതായ്മയെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ രണ്ടു എസ്. ഐ. മാരോടും ഞങ്ങഠം പറഞ്ഞു, ആളുകളെ ഒന്ന് നിയന്ത്രിക്കണമെന്ന്. സാരമില്ല, പാട്ടുകച്ചേരി നിറുത്തണമെന്നാണ് ഇവർ കള്ളുകുടിച്ചുവന്ന് പറഞ്ഞത്. സർക്കിഠം ഇൻസ്പെക്ടറെ വിളിച്ച് നിയന്ത്രിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞപ്പോൾ 250 രൂപയിൽ കുറഞ്ഞ ടിക്കററ് ഇല്ലല്ലോ എന്ന് മറുപടി പറയുകയാണ് ഉണ്ടായത്. ഒടുവിൽ ഞങ്ങളുടെ പ്രവർത്തകർ ഇടപെട്ട് ആളുകളെ സമാധാനിപ്പിച്ച് പോലീസുകാരേയും പറഞ്ഞുവിട്ടു. അതുകൊണ്ട് ഇതൊക്കെ നമ്മുടെ ഐ. ജി. ഒന്നു ശ്രദ്ധിക്കണം. അവരെയൊക്കെ ഡിസ്മിസ് ചെയ്താൽപോലും യാതൊരു കുഴപ്പവുമില്ല. ഇങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെവച്ചുകൊണ്ട് പോലീസിനെ നന്നാക്കാൻ സാധിക്കുകയില്ല. പോലീസ് സേനയെ ശക്തിപ്പെടുത്തണം. ഞാൻ പറയുന്നത് ഈ രാജ്യത്ത് കുടിയൊഴിപ്പിക്കാനല്ല, ഹരിജനങ്ങളെ മർദ്ദിക്കാനല്ല, ആർ. എസ്. എസ്. ൻെറ വിളയാട്ടം അവസാനിപ്പിക്കാൻ, ആർ. എസ്. എസ്. നെ നിലയ്ക്കുനിർത്താൻ പോലീസ് സേനയെ ശക്തിപ്പെടുത്തണം. അവരുടെ പ്രസംഗം കേട്ടിട്ടുണ്ടോ? കോഴിക്കോട് അവരുടെ നേതാവ് പ്രസംഗിച്ചതാണ്. 25,000 പട്ടാളപരിശീലനം നേടിയ വാളൻറിയർമാർ ആർ. എസ്. എസ്. നുണ്ട്. 75,000 അർദ്ധസൈനിക പരിശീലനം നേടിയ വാളൻറിയർമാർ അവർക്കുണ്ട്. അങ്ങനെ ഒരു ലക്ഷം വാളൻറിയർമാർ കേരളത്തിൽ ആർ. എസ്. എസ്. ന് ഉണ്ടെന്നാണ് അവർ പറയുന്നത്. എന്തിനാണ് ഇത്? ചൈനയുടെ അതിർത്തി കാക്കാനാണോ? പാക്കിസ്ഥാനോട് യുദ്ധം ചെയ്യാനാണോ? അല്ല. ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കെതിരായി പ്രവർത്തിക്കാനാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ രാജ്യത്ത് പോലീസുകാർ എത്രയുണ്ട്? ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് അതറിയാം. അതുകൊണ്ട് പോലീസ് സേനയെ ശക്തിപ്പെടുത്തണം. ശക്തിപ്പെടുത്തിയാൽ മാത്രം പോരാ. കുറച്ച് ആർ. എസ്. എസ്. കാരൊക്കെ അതിലുണ്ട്. അത് ഞാൻ മറച്ചുവയ്ക്കുന്നില്ല. ശ്രീ. എം. വി. രാഘവൻ പറഞ്ഞു, തലശ്ശേരിയിൽ ഏതോ അമ്പലത്തിൽ അയ്യപ്പൻെറ ഫോട്ടോ വച്ചതിനെപ്പററിയുള്ള കഥ. അങ്ങനെയുള്ള പോലീസുകാരോടു പറയണം നിങ്ങൾ വീട്ടിൽപോയി ജോലിനോക്കാൻ. ഈ രാജ്യത്ത് സമാധാനം നിലനിർത്താൻ, ജനങ്ങളിൽ സുരക്ഷിതാബോധം നിലനിർത്താൻ പോലീസ് രാവും പകലും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർക്ക് പ്രത്യേക ട്രെയിനിംഗ് കൊടുക്കണം. കരുത്തനായ ഒരു ആഭ്യന്തരമന്ത്രിയാണ് ഇവിടെയുള്ളത്. അദ്ദേഹം എന്തിന് ഭയപ്പെടണം. അതുകൊണ്ട് പോലീസ് സേനയെ ശക്തിപ്പെടുത്തണം. പോലീസ് സേനയിൽ എം. എസ്. പി., എസ്. എ. പി. മുതലായ വിഭാഗങ്ങളുണ്ട്. അവർക്ക് പ്രമോഷൻ കിട്ടണമെങ്കിൽ പത്തിരുപത് കൊല്ലം കഴിയണം. ഇരുമ്പുചട്ടിയും തലയിൽവച്ച് അവരുടെ തല പോയിരിക്കുകയാണ്. അവർക്ക് പത്തു പന്ത്രണ്ടുകൊല്ലം കഴിഞ്ഞാൽ പ്രമോഷൻ കൊടുക്കുന്ന കാര്യത്തെപ്പററി ചിന്തിക്കണം.

മറെറാന്ന് പറയാനുള്ളത്, കോഴിക്കോട് സിററി കമ്മീഷണർ വരുമെന്നു പറഞ്ഞു. ഒരു എസ്. പി. ഉണ്ട് അവിടെ. അയാളുടെ ജോലി എന്താണെന്ന് ഞങ്ങൾക്ക് അറിയുകയില്ല. ആദ്യം ഒരു മൈതീൻകുഞ്ഞു വന്നു, അയാൾപോയി ഇപ്പോൾ മൂസത് വന്നിരിക്കുന്നു. സിററി കമ്മീഷണറെ നിയമിക്കുമെന്ന് പറഞ്ഞിട്ട് ഇതുവരെ വന്നിട്ടില്ല. ഈ അവഗണന ഒന്നു അവസാനിപ്പിച്ചുതരണം. മലബാറിനോട് അവഗണന കാണിക്കുന്നു എന്ന് പറഞ്ഞു ഞങ്ങളുടെ നാവ് പോയി. പലകാര്യങ്ങളിലും അവഗണനയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി സിററി കമ്മിഷണർ ആഫീസ് തുറന്ന് അയാളുടെ പരിധി നിശ്ചയിച്ച് അയാൾക്ക് ചാർജ്ജ് ഏൽപ്പിച്ച് കൊടുത്താൽ നന്നായിരിക്കും. ഇപ്പോൾ അവിടെയൊരു എസ്. പി. യുണ്ട്. അയാളുടെ പ്രധാനജോലി ട്രാഫിക്ക് മാററലാണ്. ഒരു ദിവസം കോഴിക്കോട്ടുപോയാൽ പിറേറ ദിവസം അതിലെ പോകാൻ കഴിയുക

LIBRARY ARCHIVES Kerala Legislative Assembly

യില്ല. ഒന്നരാടം ട്രാഫിക്ക് മാററലാണ്. അത് നല്ലതാണെന്നുള്ള അഭിപ്രായം എനിക്കില്ല. അളകാപുരിയിലേക്ക് വടക്കുനിന്നും തെക്കുനിന്നും വരുന്ന ആളുകൾ കണ്ണൂരിൽ വടകരവരെ പോയി തിരിഞ്ഞു വരണം. ഇത് എന്തു ട്രാഫിക്ക് ഏർപ്പാടാണ്? ട്രാഫിക്ക്ജാം കോഴിക്കോട് നിങ്ങൾ ആര് വിചാരിച്ചാലും മാററാൻ പോകുന്നില്ല. അതിന് ടൗൺ വേറെ ഉണ്ടാക്കണം. കോഴിക്കോട് വലിയ അങ്ങാടിയിൽ ട്രാഫിക്ക്ജാം ഇല്ലെങ്കിൽ കല്ലായി റോഡിൽകൊണ്ട് ട്രാഫിക്ക്ജാം വച്ചാൽ എന്താണ് ഫലം? ഈ എസ്. പി. യെപ്പററി എനിക്ക് ഒരു അഭിപ്രായവുമില്ല. നേരം വെളുത്താൽ കുറെ പോലീസുകാരെയും കൊണ്ടുവന്ന് ഇറക്കി ആളുകളെ ഭീതരാക്കുക എന്നതാണ് ജോലി. ദിവസവും ദിവസവും ട്രാഫിക്ക് മാററുക. എന്നാൽ ഒരു തീരുമാനമെടുത്ത് അത് നടപ്പാക്കിയാൽ തരക്കേടില്ല. കോഴിക്കോട്ട് ആരുപോയാലും ട്രാഫിക്കിൽ കുടുങ്ങും. ഞാൻ രണ്ടോ മൂന്നോ പ്രാവശ്യം കുടുങ്ങി. എം. എൽ. എ. ആയതുകൊണ്ട് കേസ് ചാർജ്ജ് ചെയ്തില്ല എന്നേയുള്ളു. ചന്ദ്രിക ആഫീസിൽ ഇന്നലെ പോയവഴിക്ക് ഇന്ന് പോകാൻ പാററുകയില്ല. വേറെ വഴിക്ക് ഇന്ന് പോകണം. അതുകൊണ്ട് ഇടുങ്ങിയ കോഴിക്കോട് ടൗണിനെ സംബന്ധിച്ചിടത്തോളം കുറെയൊക്കെ വിട്ടുവീഴ്ച ചെയ്യണം. എസ്. പി. യുടെ കർശനമായ നടപടി ഒന്ന് നിയന്ത്രിക്കണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്.

മററൊന്ന് എനിക്കു പറയാനുള്ളത് തുറമുഖത്തെപററിയാണ്. കോഴിക്കോട്ട് ബേപ്പൂർ, പൊന്നാനി ഇങ്ങനെ രണ്ടു തുറമുഖ

12 Noon] ങ്ങളുണ്ട്. ഒന്ന് കോഴിക്കോട്ടും ഒന്നു മലപ്പുറം ജില്ലയിലുമാണ്. പണ്ട് ഒന്നായിരുന്നപ്പോൾ മലബാർ ഏരിയായുടെ തലസ്ഥാനമായിരുന്നു കോഴിക്കോട്, അതറിയാമോ? മലബാറിലെ നാലു ജില്ലകൾക്കു വേണ്ട ഒരു തുറമുഖമാണ് ബേപ്പൂർ തുറമുഖം, അതൊന്നു വികസിപ്പിക്കണം നമ്പ്യാർക്കുവേണ്ടി അഴീക്കോടും കണ്ണൂരും വികസിപ്പിക്കണം. മലബാറിൽ ഒരു തുറമുഖവും ഇല്ല, അതുകൊണ്ട് ആ തുറമുഖം ഒന്നു വികസിപ്പിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യണം.

പിന്നെ ഇവിടെ നക്സലൈററിന്റെ കാര്യം പറഞ്ഞു. ഞാൻ ഈ നിയമസഭയിലെ മെമ്പറായി വന്നതിനുശേഷം മൂന്നാമത്തെ പ്രാവശ്യമാണ് ആഭ്യന്തരവകുപ്പിന്റെ ഡിമാൻറിനെസംബന്ധിച്ച് പ്രസംഗിക്കുന്നത്. ആ പ്രസംഗിച്ച അന്നൊക്കെതന്നെ നക്സലൈററിനെപ്പററി ഞാൻ എന്നും എതിരാണ്. നിരപരാധികൾ പെട്ടെന്നൊരു ക്ഷോഭത്തിന് ഒരാളെ കൊല ചെയ്താൽ, ഒരു കേസ്സിൽ കുടുങ്ങിയാൽ പത്തും ഇരുപതും കൊല്ലം ജയിലിൽ കിടക്കണം. അവരെവിട്ടുകൂട. അതേയവസരത്തിൽ കോടതികൾ ബൂർഷ്വാ കോടതികളാണ്, കോടതിയിൽ വിസ്തരിക്കേണ്ട എന്ന് പറഞ്ഞ് കോടതികളിൽ ജഡ്ജിമാരെ ശരിയായി വിചാരണചെയ്യാൻ സമ്മതിക്കാത്ത ആ കുററവാളികളെ, ഞങ്ങളെവിട്ടാലും തോക്കിൻ മുനയിലൂടെയേ ഈ രാജ്യത്ത് വിപ്ലവം വരികയുള്ളു എന്ന മുദ്രാവാക്യം മുഴക്കികൊണ്ടു നടക്കുന്ന പാർട്ടിക്കാരെ വിടണമെന്നാണ് പറയുന്നത്. ആരെയൊക്കെയാണ് വിടേണ്ടത്? തിരുനെല്ലിക്കാട്ടിൽ ഒരു ചാൺ വയറിനുവേണ്ടി കാട്ടാനയോടും കരടിയോടും മല്ലിട്ട പാവപ്പെട്ട ചേക്കുവിന്റെ തലയറുത്ത നക്സലൈററുകാരെയൊക്കെ വിട്ടയക്കണമെന്നാണ് എം. വി. രാഘവനുമൊക്കെ പറയുന്നത്. ജൻമിയെ അറുത്തുകൊന്നതാണെങ്കിൽ തരക്കേടില്ല. ചേക്കു ആരെന്ന് അറിയാമോ?

ശ്രീ. എം. വി. രാഘവൻ: ചേക്കുവിനെ കൊന്നയാൾ മുസ്ലീമാണ്, അയാൾ ഇപ്പോൾ പുറത്താണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: അവരെയൊക്കെ വിടുവിക്കാനല്ല ഞാൻ നടക്കുന്നത്. നേരെമറിച്ച് ഒരാൾ ആക്രമിക്കാൻ വന്നപ്പോൾ സ്വരക്ഷക്കുവേണ്ടി അടിക്കുകയോ കുത്തുകയോ ചെയ്തപ്പോൾ ആൾ മരിച്ചുപോയി, അങ്ങനെ പ്രതികളായവരുണ്ട് ഈ രാജ്യത്ത്. അവരെ വിട്ടയക്കണം. അവരൊന്നും സാക്ഷാൽ കൊള്ളക്കാരല്ല, കള്ളൻമാരല്ല, കൊലയാളികളല്ല. പെട്ടെന്ന് ക്ഷോഭത്തിന് അക്രമം ചെയ്തവരാണ്. അതിന് ഇരുപതു കൊല്ലം ജയിലിൽ കിടക്കണം. അല്ലെങ്കിൽ തൂക്കുമരം. ഇതങ്ങനെയല്ല. ഈ രാജ്യത്തെ ജൻമികളെ കൊന്നാൽ മനസ്സിലാക്കാം; അതിന് അർത്ഥമുണ്ട്. മുതലെടുക്കുന്നതിനു വേണ്ടിയെന്ന് വിചാരിക്കാം. പാവപ്പെട്ടവനെയാണ് കൊല്ലുന്നത്.

ശ്രീ. എം. വി. രാഘവൻ: ഈ നക്സലൈററുകൾ രാഷ്ട്രീയമായ ഉദ്ദേശംവച്ച് രാജ്യം നന്നാകണമെന്ന ഉദ്ദേശംവച്ച് ഇങ്ങനെ ചെയ്യണമെന്ന് അവർക്കു തോന്നുന്ന ഒരു കുററമാണ് അവർ ചെയ്തത്. അങ്ങനെയാണെങ്കിൽ മന്ത്രിമാരായിട്ടുള്ളവർ, വർഗ്ഗീസിനെ പിടിച്ച് വെടിവച്ച് കൊന്നവരേയും തൂക്കേണ്ടേ?

ശ്രീ. പി. സീതിഹാജി: ഇങ്ങനെയാണ് നിങ്ങളുടെ രാഷ്ട്രീയ പ്രവർത്തനമെന്നു വച്ചാൽ നിങ്ങളെയും വെടിവയ്ക്കേണ്ടിവരും. ആളുകളെ കൊന്നിട്ടാണ് രാഷ്ട്രീയ പ്രവർത്തനം നക്സലൈററുകൾ നടത്തുന്നതെന്നു വച്ചാൽ .. .... (ബഹളം) ഞങ്ങളൊക്കെ അങ്ങനെയല്ല. ഞങ്ങളെല്ലാം രാഷ്ട്രീയ പ്രവർത്തനം നടത്തുന്നുണ്ട്; അധികാരത്തിൽ കയറുന്നുണ്ട്, ജനങ്ങൾക്ക് സേവനം ചെയ്യുന്നുണ്ട്. ഇലക്ഷൻ കാലത്ത് ജനങ്ങളുടെ മുമ്പിൽ പ്രകടനപത്രികകൾ വയ്ക്കുന്നുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇന്നയിന്ന കാര്യങ്ങളെല്ലാം ചെയ്യുമെന്നുപറയുന്നുണ്ട്. അതിനാണ് ഞങ്ങൾക്ക് ജനങ്ങൾ വോട്ടുതന്നത്. ശ്രീ. രാഘവൻ പറഞ്ഞു ആളുകളെ കൊല്ലാനാണ് നക്സലൈററ് രാഷ്ട്രീയമെന്ന്. അങ്ങനെയുള്ളവരെ വെടിവയ്ക്കേണ്ടതാണ്.

ശ്രീ. എം. വി. രാഘവൻ: വെടിവച്ചവരെ വെടിവെക്കണം.

ശ്രീ. പി. സീതിഹാജി: ആരെ വെടിവച്ചു?

ശ്രീ. എം. വി. രാഘവൻ: വർഗ്ഗീസിനെ വെടിവച്ചുകൊന്നില്ലേ നിങ്ങളുടെ മന്ത്രിമാർ?

ശ്രീ. പി. സീതിഹാജി: എന്തുപററി രാഘവന്. വർഗ്ഗീസും പോലീസുമായി ഏററുമുട്ടി വർഗ്ഗീസ് മരിച്ചു. ഞങ്ങൾ വെടിവച്ചോ? എന്താണ് തെളിവ്? രാഘവൻ ഇപ്പോൾ ഏതു കാലത്താണ്. കൊല്ലം ഇപ്പോൾ എത്രയായി? വർഗ്ഗീസും പോലീസുമായിഏററുമുട്ടി വർഗ്ഗീസ് മരിച്ചു. നിയമം നടത്തുന്ന ആളുകളല്ല പോലീസുദ്യോഗസ്ഥൻമാർ. അവരെയൊക്കെ വിട്ടന്വേഷിപ്പിച്ചു. കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഈ കാര്യത്തിൽ നക്സലൈററുകളെ വിടണമെന്നു പറയുന്ന മാതിരി നല്ലവരായ കുറെ ആളുകളുണ്ട്. എല്ലാവരെയും വിടണമെന്ന് ഞാൻ പറയുന്നില്ല. എല്ലാവരും കള്ളന്മാരും കൊള്ളക്കാരും ആണെന്നുള്ള അഭിപ്രായം എനിക്കില്ല. കുറെ നല്ലവരുണ്ട്. അവരെ വിടണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു [illegible]

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് സർ ഈ രാജ്യത്തെ ജനങ്ങളിൽ സുരക്ഷിതത്വബോധം ഉണ്ടാക്കാൻവേണ്ടി കരുത്തനായ ആഭ്യന്തരമന്ത്രി ഈ കാര്യത്തിൽ പോലീസ് സേനയെ ശക്തിപ്പെടുത്തുകതന്നെ വേണം. ആര് എന്തോ പറഞ്ഞുകൊള്ളട്ടെ. കള്ളവുകേസ്, കൊലക്കേസ് എന്നൊക്കെ പറയുന്ന കാര്യങ്ങളിൽ അര ഔൺസ് വീര്യം നമ്മൾ പോലീസിന് കൊടുക്കണം. ഇല്ലെങ്കിൽ കുറേ കള്ളുകുടിച്ചുകൊണ്ടുവരണം. എന്നിട്ട് ഒന്നു പൂശണം. അപ്പോൾ കട്ടവൻ കട്ടു എന്നുപറയും. കൊലയാളിക്ക് ചായയും വാങ്ങിച്ചുകൊടുത്ത്, നീ കൊന്നോ, ഇല്ല യജമാനനേ, നീ പൊക്കോ ഇതൊന്നും നടക്കുകയില്ല. ഒന്നു പൂശണം, അപ്പോൾ വെളിയിൽ വരും. അതേയവസരത്തിൽ ശ്രീ. എം. വി. രാഘവന്റെ യൂണിയൻ സമരം ചെയ്താൽ അവരോട് മര്യാദയായി പെരുമാറി അവരെ വിളിച്ചുവരുത്തി ചായയൊക്കെ കൊടുക്കണം. ചിലരൊക്കെ അങ്ങനെയാണ്. ഒരാളിനെ കൊന്നവനോട് ചായയൊക്കെകൊടുത്തിട്ട്, കൊന്നോടാ എന്നു ചോദിച്ചാൽ സാധിക്കുമോ? ഇപ്പോൾ പെരിന്തൽമണ്ണ ഡി. വൈ. എസ്. പി. യുടെ വീട്ടിൽനിന്ന് കളവുപോയി. ഇന്നേവരെ യാതൊരു തുമ്പും കിട്ടിയിട്ടില്ല. അടിക്കേണ്ടേ, അടിക്കാതെ പററുമോ? കുറച്ചുവീര്യമൊക്കെ വേണം, പക്ഷേ വീര്യം ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്നു നോക്കണം. ഇത്തരം കാര്യങ്ങളൊക്കെ ചെയ്യണം. മന്ത്രി അതിലൊന്നും ബേജാറാവേണ്ട. എന്തെങ്കിലും പറഞ്ഞാൽ പറഞ്ഞുകൊള്ളട്ടെ. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കാലത്ത് പോലീസിന് വീര്യം ഉണ്ടായിരുന്നു എന്നത് എന്റെ കണ്ണുകൊണ്ട് കണ്ടതാണ്. ഈ സെക്രട്ടേറിയററിലിട്ട് അടിച്ചു. അതുകൊണ്ട് പോലീസിന് കുറേയൊക്കെ വീര്യം കൊടുക്കണം. ഇല്ലെങ്കിൽ പിന്നെ എന്തിനാണ് അവർക്ക് മുളവടിമാത്രം. മുളകുപറിക്കാനാണോ? മുളവടി ഉപയോഗിക്കാൻകൊടുക്കണം. അല്ലാതെ വെറുതെ കൊടുത്തിട്ടു കാര്യമില്ല. എന്നാൽപിന്നെ നമുക്കൊക്കെ സോഷ്യലിസമാകാൻ പാടില്ലേ. പോലീസുകാർക്ക് ഉടുപ്പും വേണ്ട, ഒന്നും വേണ്ട. പോലീസിന് കുറച്ചുകൂടി വീര്യം കൊടുക്കണം, ചിലകാര്യങ്ങളിൽ ഇടപെടണം. കള്ളന്മാരെയും കൊള്ളക്കാരെയുമൊക്കെ തിരഞ്ഞുപിടിക്കാൻ ചിലപ്പോഴൊക്കെ ദേഹത്തൊന്ന് വേദനപ്പെടുത്തേണ്ടിവരും. അതിന് അനുവാദം കൊടുക്കണം. അതിനൊക്കെ ആഭ്യന്തരകാര്യ മന്ത്രി ശക്തിയായ നിർദ്ദേശങ്ങൾ കൊടുക്കണം. പോലീസ് ആളെ അടിച്ചു എന്നുവച്ച് ഗവൺമെന്റ് പൊളിഞ്ഞു പോവുകയില്ല.

സർ, പിന്നെ ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞു ഹരിജനങ്ങളെ കുടിയൊഴിപ്പിച്ചു എന്ന്. ബാലകൃഷ്ണപിള്ള പറഞ്ഞതിൽ എനിക്ക് വേദനയുണ്ട്. നിങ്ങളുടെ ഗവൺമെന്റ് യു. പി. യിൽ ചെയ്തത് എന്താണെന്നറിയാമോ? ഹരിജനങ്ങളെ ബീഹാറിൽ ചുട്ടുകരിച്ചു. നിങ്ങൾ ജനതയല്ലേ. നിങ്ങളുടെ ജനതാപാർട്ടിക്കാർ ഹരിജനങ്ങളെ ചുട്ടുകരിച്ചപ്പോൾ പോയി ഒന്നു പ്രതിഷേധിക്കാനെങ്കിലും ധൈര്യം വന്നോ?

ശ്രീ. കെ. പി. രാമൻ: ഹരിജനപ്രേമം സംസാരിക്കുന്ന സീതിഹാജി, സി. എച്ചിന്റെ നിയോജകമണ്ഡലത്തിൽ നിങ്ങളുടെ പാർട്ടി ഹരിജനങ്ങളുടെ നേർക്ക് എന്താണ് നടത്തിയതെന്ന് ഒന്നു വ്യക്തമാക്കുമോ?

ശ്രീ. പി. സീതിഹാജി: അതൊന്നും എനിക്കറിയില്ല. ഹരിജനങ്ങളെ ഞങ്ങളാരും ദ്രോഹിക്കുകയില്ല. അങ്ങനെ ദ്രോഹിക്കുമെങ്കിൽ ശ്രീ. രാമനൊക്കെ ഇവിടെ വരുമോ? ഹരിജനങ്ങളുടെ പേരിലാണോ ഇവിടെ വന്നത്?

സമയമില്ലാത്തതുകൊണ്ട് ഞാൻ അധികം പറയുന്നില്ല. ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പോലീസ് സേനയെ ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണ്. ഇവിടെ എന്റെ സ്നേഹിതൻ ലൂക്കോസ് പ്രസംഗിച്ചതാണ് ഞാൻ ഇതിനെ എതിർക്കുമ്പോൾ ആലോചിക്കുന്നത്. മുമ്പ് ഞങ്ങൾ രണ്ടാളും പോലീസിനെപ്പററി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം ട്രെയിനിംഗിനെപ്പററിയാണ് പ്രസംഗിക്കുന്നത്. എവിടെയെങ്കിലും ലോക്കപ്പിൽ ഒററ മർദ്ദനം നടന്നിട്ടുണ്ടോ എന്നാണ് നമ്മുടെ പോലീസ് വകുപ്പിന്റെ ചാർജ് വഹിക്കുന്ന മന്ത്രിയുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിമാരിൽ ഒരാൾ ചോദിക്കുന്നത്. എത്ര ലോക്കപ്പ് മർദ്ദനങ്ങൾ വേണം ലൂക്കോസ്; തരാൻ തയ്യാറാണ്, ലോക്കപ്പ് മർദ്ദനമല്ലേ വേണ്ടൂ. ലോക്കപ്പ് മർദ്ദനങ്ങളേ നടക്കുന്നുള്ളു. കേൾക്കണോ ലൂക്കോസിന്. മാനന്തവാടി — പുൽപ്പള്ളി ലോക്കപ്പിൽ ഈയിടെ ഒരാൾ ഇരുന്നു തൂങ്ങി, എങ്ങനെയാണന്നറിയാമോ ? അടിച്ചുകൊന്നു. എന്നിട്ട് പോലീസുകാർ പറഞ്ഞു, ഇരുന്നുതൂങ്ങി എന്ന്, കേൾക്കണോ ലൂക്കോസിന്? ഇപ്പോൾ എന്റെ കയ്യിൽ പെററീഷൻ വന്നു കിടപ്പുണ്ട്. ശ്രീകൃഷ്ണപുരം ലോക്കപ്പിൽ വലതുകമ്മ്യൂണിസ്ററ് മാധവനും ഒരു തങ്ങളും, നമ്മുടെ സീതിഹാജിയുടെ ലീഗിലെ ഒരു തങ്ങളുംകൂടി പിടിച്ച് ഒരുത്തനെ ഏല്പിച്ചു, ശങ്കരൻനായരെ. അടിച്ചു, ചത്തു പോയി. ശവം ഇവർ പേറി, ഭരണകക്ഷിക്കാർ; എന്നിട്ട് പുറത്തുകൊണ്ടിട്ടു.

ശ്രീ. ഇ. പി. ഗോപാലൻ: കളവാണ്, ശുദ്ധ കളവാണ്.

ശ്രീ. എം. വി. രാഘവൻ: ശരിയായ വേഷം വന്നു പുറത്ത്. ശരിയായി വന്നപ്പോൾ ശരിയായ വേഷം വന്നു. അതുകൊണ്ട് ലോക്കപ്പ് മർദ്ദനത്തെപ്പററി പറയേണ്ട, ഇരി അവിടെ. ലോക്കപ്പ് മർദ്ദനത്തെപ്പററി ലൂക്കോസ് പറയേണ്ട. തുളസി എന്നുപറയുന്ന ചെറുപ്പക്കാരനെ കോന്നി ലോക്കപ്പിലിട്ട് അടിച്ചു, അവന്റെ കിഡ്നിയാണ് പോയത്, കല്യാണം കഴിക്കാത്ത ചെറുപ്പക്കാരനാണ്, ഓപ്പറേററ് ചെയ്തു. 500 രൂപ മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്ന് കൊടുത്തു. ഉളുപ്പില്ലാതെ പറയുകയാണ്; ലോക്കപ്പ് മർദ്ദനം ഇല്ലെന്ന്. ചവറ ലോക്കപ്പിൽ ഇരുപത്തഞ്ചാളെ പട്ടാപ്പകൽ കൊണ്ടുപോയി — ഞങ്ങളുടെ ലോക്കൽ കമ്മിററി സെക്രട്ടറിയടക്കം — അടിച്ചു വലതു കമ്മ്യൂണിസ്ററുകാർ ഇരുന്നിട്ട്. എന്റെ ഇ. പി., എന്ത് കമ്മ്യൂണിസമെടോ നിങ്ങളുടെ കമ്മ്യൂണിസം? നാണംകെട്ട കമ്മ്യൂണിസം, എന്നിട്ട് എണീററ് ചാടുക. ആരുടെ നേരെയാണ് ചാടാൻ പോകുന്നത്? തവള ചാടുംപോലെ ചാടുകയാണ്. അതുപോലെതന്നെ ചവറ ലോക്കപ്പിൽ തേവലക്കര എൽ. സി. സെക്രട്ടറിയായിട്ടുള്ള ഒരു സഖാവിനെ കൊണ്ടുപോയി തല്ലി. ഒരു വലതു കമ്മ്യൂണിസ്ററുകാരനേയും കുറേ പിള്ളാരേയും കൊണ്ടിരുത്തിയിട്ട് അവരെ കാണിച്ചുകൊടുക്കണം. സുഗതൻ എന്ന് പറയുന്ന റൗഡി എസ്. ഐ. ഉണ്ട്. അവർ മററവരെ കാണിച്ചുകൊടുക്കണം. ഇതാണ് ലൂക്കോസ്, നടക്കുന്നത്. തേവലക്കര എൽ. സി. സെക്രട്ടറിയെ ലോക്കപ്പിലിട്ടു തല്ലുന്നതിന് വലതു കമ്മ്യൂണിസ്ററുകാരനെ സാക്ഷിനിറുത്തുന്നു, അതിന് നേതൃത്വം കൊടുത്തത് ഇ. പി. ഗോപാലന്റെ പാർട്ടിയുടെ ഇവിടത്തെ നേതാവായ മുഖ്യമന്ത്രി പി. കെ. വാസുദേവൻനായരാണ്. ലജ്ജയില്ലേ നിങ്ങൾക്ക് ലോക്കപ്പ് മർദ്ദനം ഇല്ലെന്ന് പറയാൻ? 'വലതു കമ്മ്യൂണിസം'' കമ്മ്യൂണിസത്തിന്റെ പേരുതന്നെ നശിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അച്യുതമേനോനോട് പണ്ട് ഞാൻ തന്നെ പറഞ്ഞതാണ് വേറെ എന്തെങ്കിലും പേറിട്. ഇടതുപക്ഷ ജനാധിപത്യം, ലോക്കപ്പ് മർദ്ദനം ഇല്ലായ്ക, എന്ത് ഇടതുപക്ഷം, കുന്തം? എന്തു കുന്തം ഇടതുപക്ഷമാണ് ഇത്. ഇവിടെ ഇ. എം. എസിന് മറുപടി പറയേണ്ട. മുഖ്യമന്ത്രി പി. കെ. വാസുദേവൻനായർ ഒൻപതു കൊല്ലത്തെ ഭരണത്തെപ്പററി പറഞ്ഞു. നിങ്ങൾക്ക് ലജ്ജയില്ലേ? എനിക്ക് തല താഴ്ത്തേണ്ട എന്നാണ് ഇവിടെ പറഞ്ഞത്. എന്റെ ഇ.പി., ഇ. പി. യെ വേണ്ട, വിട്ടേക്കാം. വേറെ വലത് കമ്മ്യൂണിസ്ററ് പാർട്ടിയിലെ ചിന്തിക്കുന്ന വല്ലവരുമുണ്ടെങ്കിൽ അവരോട് ഞാൻ ചോദിക്കുകയാണ്, ഈ കരുണാകരന്റെ ഭരണത്തെപ്പററി നിങ്ങൾക്ക് ഒരു നാണവുമില്ലേ? അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്തെപ്പററി ശ്രീ. മൊയ്തീൻതന്നെ പ്രസംഗിച്ചല്ലോ. അവരുടെ സെക്രട്ടറിക്ക് അടി കൊണ്ടത് ഇരിക്കട്ടെ, എന്നാൽ മൊയ്തീന് ഇതുപറയുമ്പോൾ മുഖ്യമന്ത്രിക്ക് നാണമില്ലാതെ പോയത് എന്ത് ഇടതുപക്ഷ ജനാധിപത്യമാണ്? കരുണാകരൻ ചെയ്ത കൊള്ളയ്ക്കും കൊള്ളരുതായ്മയ്ക്കും കൂട്ടുനിന്ന ആളുകൾ അല്ലേ നിങ്ങൾ? ലോക്കപ്പ് മർദ്ദനമെന്ന് പറഞ്ഞാൽ മാണിക്ക് ഭപടിയുണ്ടാകും. എനിക്ക് പേടിക്കാൻ എന്താണിരിക്കുന്നത്? മേലേ നോക്കിയാൽ ആകാശവും താഴെ നോക്കിയാൽ ഭൂമിയും എന്നപോലെ എനിക്ക് എന്താണ് പേടിക്കാനിരിക്കുന്നത്. മാണിക്ക് പേടിയുണ്ടാകും. മാണി 10 ദിവസം ജയിലിൽ കിടന്നു എന്നാണ് തോന്നുന്നത്, അല്ലേ. ഇല്ല. 'ബാലകൃഷ്ണപിള്ള പറഞ്ഞമാതിരി മാണിക്ക് കിടക്കേണ്ടിവന്നിട്ടില്ല. എന്നാൽ ആ ഉണ്ട ഒന്ന് ഉണ്ണിക്കണം, എന്നാലേ നന്നാകുകയുള്ളൂ. ഇന്ദിരാഗാന്ധി പേടിപ്പിച്ച് മാററിയതാണ്, ജയിലിൽ കിടന്നിട്ടുണ്ടാവില്ല. അതുകൊണ്ട് നിങ്ങൾ ഇടതുപക്ഷ ജനാധിപത്യത്തെപ്പററിയും ലോക്കപ്പ് മർദ്ദനം ഇല്ലെന്നും ഒന്നും പറയേണ്ട. ഇവിടെ അടിയന്തിരാവസ്ഥയിൽ നടന്നിട്ടുള്ള ഒന്നിനെപ്പററിയും ഫലപ്രദമായ നടപടി എടുത്തിട്ടില്ല. മൊയ്തീനോട് ഞാൻ ചോദിക്കുന്നു, നിങ്ങൾ വർക്കല വിജയന്റെ കേസിൽ എന്തു ചെയ്തു. ആ പോലീസ് ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യാൻപോലും കൂട്ടാക്കിയില്ല, കണ്ണന്റെ കേസിനെ സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ട് വന്നതാണ്. എന്തുകൊണ്ട് നടപടി എടുക്കുന്നില്ല. നിങ്ങൾക്ക് അതിനെപ്പററി എന്താണ് പറയാനുള്ളത്? നിങ്ങൾ എല്ലാം കരുണാകരനെ പറഞ്ഞാൽ മതിയോ? കരുണാകരൻ ഇപ്പുറം വന്നിരിക്കുകയാണ്. കരുണാകരൻ ഏത്തം ഇടുന്നത് കണ്ടില്ലേ? മാണി കണ്ടില്ലേ, കരുണാകരൻ ഏത്തം ഇടുന്ന ഫോട്ടോ, കണ്ടില്ലെങ്കിൽ ഒന്ന് ശരിക്ക് നോക്ക്, ഗുരുവായൂരപ്പനെ കരുണാകരൻ എങ്ങനെയാണ് ഏത്തമിടുന്നതെന്ന്. ദാ ഇങ്ങനെയാണ് (മെമ്പർ രണ്ടുചെവിയിലും പിടിച്ചുകൊണ്ട്) ഏത്തമിടുന്നത്.' അതുകൊണ്ട് നേരെ പോലീസിനെ നടത്തിയില്ലെങ്കിൽ മാണിയും ഏത്തമിടും. പക്ഷേ ഗുരുവായൂരപ്പന്റെ അടുത്തുപോയതുകൊണ്ട് കരുണാകരന് രക്ഷകിട്ടുകയൊന്നുമില്ല. ഇമ്മാതിരിയുള്ള ലോക കള്ളൻമാരെ ഗുരുവായൂരപ്പൻ വിചാരിച്ചാൽ രക്ഷിക്കാൻ പററുമോ? അതുകൊണ്ട് പോലീസിനെ ഉപയോഗിച്ച് ഇന്നാട്ടിൽ നടത്തിയ അക്രമങ്ങൾക്കും കൊള്ളയ്ക്കും ന്യായീകരണം കണ്ടെത്താൻ, 9 കൊല്ലക്കാലം നിങ്ങൾ ഈ രാജ്യത്ത് നടത്തിയ കൊള്ളകൾ ന്യായീകരിക്കുവാൻ മുഖ്യമന്ത്രി ശ്രമിച്ചത് ഏത് പ്രമേയം വച്ചിട്ടാണെന്നറിയാമോ? ഭട്ടിൻഡായിൽ വലത് കമ്മ്യൂണിസ്ററുകാർ അംഗീകരിച്ച പ്രമേയത്തിൽ ഇന്ദിരാഗാന്ധിയെ പിന്താങ്ങിയത് തെററിപ്പോയി, അതുപോലെ തന്നെ 'ഇന്ദിരാഗാന്ധി രാജിവെക്കണമെന്ന് പറയാത്തത് തെററിപ്പോയി എന്നാണ് പറയുന്നത്. ഇത് ഏത് തീസിസ് അനുസരിച്ചാണെന്ന് ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. അതുകൊണ്ട് മാണിയോട് എനിക്ക് പറയുവാനുള്ളത് കരുണാകരനും

LIBRARY ARCHIVES Kerala Legislative Assembly

അച്യുതമേനോനും ചേർന്ന് ഈ രാജ്യം ഭരിക്കുമ്പോൾ 27 കൊലപാതകം നടത്തിയിട്ടുണ്ട് എന്നാണ്. സഖാവ് അബ്ദുള്ളയെ ജയിലിൽവച്ച് കൊല ചെയ്തതിനെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞിട്ട് അതിന്റെ റിപ്പോർട്ട് ഇതേവരെ കിട്ടിയിട്ടില്ല. ഈ 27 കൊലയ്ക്ക് പുറമെയാണിത്. അടിച്ച് പതിനായിരക്കണക്കിനാളുകളുടെ എല്ലൊടിച്ചിട്ടുണ്ട്. മർദ്ദന ക്യാമ്പുകളുണ്ട്. അത് വിചാരണചെയ്യാനുള്ള ഏർപ്പാടുകളൊന്നും നിങ്ങൾ ചെയ്തിട്ടില്ല മാണിക്ക് അറിയുകയില്ലെങ്കിൽ മൊയ്തീൻ കരുണാകരനെ ചൂണ്ടി പറയുന്നുണ്ട്. ഞാൻ മൊയ്തീനോട് പറയാം. അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാരോട് പറയാം. നിങ്ങൾക്ക് ധൈര്യമുണ്ടോ കരുണാകരൻ കളവുപറഞ്ഞ കേസിൽ അപ്പീൽ കൊടുക്കാൻ. കോയമ്പത്തൂർ സെഷൻസ് കോടതിയുടെ വിധിയിൽ പറഞ്ഞിട്ടുണ്ട്. രാജനേയും മററു ചില ആളുകളേയും കക്കയം പോലീസ് ക്യാമ്പിൽ കൊണ്ടുപോയി അടിച്ചു കൊന്നു എന്ന് തെളിയിച്ചിട്ടുണ്ട്. ഞാൻ കസ്ററഡിയിലെടുത്തിട്ടില്ലെന്നാണ് കരുണാകരൻ പറഞ്ഞത്. അത് കളവാണ്. ആ കളവ് ഇവിടെ തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അപ്പീൽപോകാൻ മാണി തയ്യാറുണ്ടോ? വലത് കമ്മ്യൂണിസ്ററ് സ്നേഹിതൻമാരോട് ഞാൻ ചോദിക്കുകയാണ്. നിങ്ങൾ നന്നാകേണ്ടേ? ഇ. പി. ഗോപാലൻ നന്നാകണം, നിങ്ങളെല്ലാം നന്നാകണം. നിങ്ങൾ എന്താണ് ഇപ്പോൾ ചെയ്യുന്നത്?

ശ്രീ. പി. ശങ്കർ: സർ, പോയിൻറ് ഓഫ് ഓർഡർ. ഒരു പാർട്ടിയുടെ പേര് തെററായി പറയുന്നത് ഓർഡറിലാണോ?

ശ്രീ. എം. വി. രാഘവൻ: സി. പി. ഐ., സി. പി. ഐ. അവിടെ ഇരുന്നോ, സമയം കളയേണ്ട.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. അതാത് പാർട്ടികളുടെ പേരുകൾ ശരിയായി പറയണം.

ശ്രീ. എം. വി. രാഘവൻ: സി. പി. ഐ.-ലെ ആലപ്പുഴയിലെ ചില റൗഡികൾ—റൗഡികളെന്നു വിളിച്ചതിൽ ഖേദമുണ്ട്, പക്ഷേ വിളിക്കാതെ കഴിയുകയില്ല—ഞങ്ങളുടെ പ്രവർത്തകനായ സുധീന്ദ്രനെ കുത്തിക്കൊന്നു. ആ സുധീന്ദ്രനെ കുത്തിക്കൊന്ന കേസിൽ പ്രോസിക്യൂഷൻ സാക്ഷിയായി ഒരു ഡോക്ടറെ കൂറുമാററാൻ മുഖ്യമന്ത്രി പി. കെ. വാസുദേവൻനായർ അവിടെ പോയി സ്വാധീനിക്കുകയും അയാളെ കൂറുമാററുകയും ചെയ്ത നാണംകെട്ട പണിയല്ലേ നിങ്ങൾ ചെയ്തത്. ഇതാണോ കൊലപാതകം തെളിയിക്കൽ? ഇതല്ലേ നിങ്ങൾ ചെയ്തിട്ടുള്ളത്? അതിനെപ്പററി മാതൃഭൂമി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്; ദേശാഭിമാനി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. ഡോക്ടറെ കൂറുമാററി. ഡോക്ടർ പറയുന്നത്, ഈ കത്തികൊണ്ട് ഇന്ന് ഇങ്ങനെ കുത്തിയാൽ പററുകയില്ലെന്നാണ്. പണ്ടുപറഞ്ഞത് ഈ കത്തികൊണ്ട് ഇങ്ങനെ കുത്തിയാൽ പററുമെന്നാണ്, മുഖ്യമന്ത്രിയാണ് ഇതിന് നേതൃത്വം കൊടുത്തിട്ടുള്ളത്. ഇത് ലജ്ജാകരമല്ലേ? ഈ രാജ്യത്ത് കൊലപാതകങ്ങൾ നടന്നാൽ അതിൽകൂടി ഇടപെടുകയല്ലേ നിങ്ങൾ ചെയ്യുന്നത്? ഇതിനെപ്പററി എന്താണ് നിങ്ങൾക്ക് പറയാനുള്ളത്? അതുപോലെതന്നെ ഇന്ന് പോലീസിന്റെ ആക്രമണത്തെ സംബന്ധിച്ച് പറഞ്ഞു. കരുണാകരൻ എസ്. ഐ. നിയമനത്തിന് 25,000 മുതൽ 30,000 രൂപവരെ വാങ്ങിച്ചു. ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷനും.

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയുടെ കമ്മിററിയല്ലേ? കരുണാകരൻ എസ്. ഐ. ക്ക് 25,000, 30,000 രൂപ വാങ്ങിച്ചു. ഇതാണ് കരുണാകരന്റെ കാലത്ത് ചെയ്തിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൂലി വാങ്ങിക്കുന്നു എന്ന് ഞാൻ ആക്ഷേപം പറഞ്ഞപ്പോൾ, അന്ന് ആൻറണി മുഖ്യമന്ത്രിയാണ്, അന്ന് ആൻറണി പറഞ്ഞു എഴുതിത്തന്നാൽ ആലോചിക്കാമെന്ന്. ഞാൻ എഴുതിക്കൊടുത്തിട്ട് മാസങ്ങളായി, ഒരു ആലോചനയും നടന്നിട്ടില്ല. പോകട്ടെ. പോലീസ് വകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ ഞാൻ ഇത് പറയുന്നില്ല. പക്ഷേ പോലീസ് ഉദ്യോഗസ്ഥൻമാർ എങ്ങനെയാണ് നന്നാകുക? പിന്നെ സർക്കിൾ ഇൻസ്പെക്ടറുടെ ട്രാൻസ്ഫറിന് പതിനായിരം രൂപയാണ് ഇപ്പോൾ മാണി നിശ്ചയിച്ചിട്ടുള്ളത്. കോൺസ്ററബിളിനെ തെരഞ്ഞെടുക്കുവാൻ മൂവായിരം മുതൽ അയ്യായിരം രൂപവരെ.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ആരോപണങ്ങൾ ഒന്നൊന്നായി കൊണ്ടുവന്നാൽ ശരിയല്ല. മുൻകൂട്ടി സ്പീക്കറെ എഴുതി അറിയിച്ചതിനുശേഷമേ ആരോപണം ഉന്നയിക്കുവാൻ പാടുള്ളു.

ശ്രീ. എം. വി. രാഘവൻ: ഇതെല്ലാം ആരോപണങ്ങളല്ല, വസ്തുതകളാണ്. ഇന്ന് എങ്ങനെ പോലീസിൽ അഴിമതി ഇല്ലാതാക്കാൻ കഴിയും. മന്ത്രിമാരും ഭരിക്കുന്ന കക്ഷികളും അഴിമതി നടത്തുന്നുണ്ട്. സാധാരണ പോലീസുകാരൻ അടക്കം പോലീസുദ്യോഗസ്ഥൻമാർ മുഴുവനും കൈക്കൂലി വാങ്ങിക്കുകയാണ്. അവർ പറയുന്നത് ഞങ്ങൾ കൊടുത്ത പൈസ മുതലാക്കുന്നു എന്നാണ്. ഇതാണ് ഇന്ന് പോലീസിൽ നടക്കുന്നത്. പോലീസിന്റെ അഴിമതി അവസാനിപ്പിക്കണമെങ്കിൽ നിങ്ങൾ ഭരണകക്ഷികൾ, മന്ത്രിമാർ നടത്തുന്ന അഴിമതികൾ ഈ രാജ്യത്ത് അവസാനിപ്പിക്കണം. അത ചെയ്തില്ലെങ്കിൽ പോലീസിന്റെ അഴിമതി അവസാനിപ്പിക്കുവാൻ കഴിയുകയില്ല. ലോക്കപ്പ് മർദ്ദനം 9 കൊല്ലമായി തുടരുകയാണ്. അതിപ്പോഴും തുടരുകയാണ്. വിദ്യാർത്ഥികളെ ആയാലും നാട്ടുകാരെ ആയാലും. ഞങ്ങളുടെ പത്തനാപുരം താലൂക്ക് കമ്മിററി സെക്രട്ടറിയെ കല്ലട കനാൽ തൊഴിൽകുഴപ്പം സംബന്ധിച്ച് പോലീസ് നടുറോഡിലിട്ട് മർദ്ദിച്ചു. എന്നിട്ട് പറയുകയാണ്, 'നിന്നെയും തല്ലും നിന്റെ സംസ്ഥാന സെക്രട്ടറിയെയും തല്ലും' എന്ന്. ഞാൻ ആഭ്യന്തര മന്ത്രിയോട് പറയുകയാണ്, പോലീസിനെ ഗുണ്ടകളായി അധഃപതിപ്പിക്കരുതെന്ന്. പോലീസ് നിയമം അനുസരിച്ച് പ്രവർത്തിക്കണം. നിയമം അനുസരിച്ചല്ലാതെ പോലീസ് ഗുണ്ടകളായി പ്രവർത്തിക്കുകയാണെങ്കിൽ സ്വന്തം രക്ഷയ്ക്കുവേണ്ടി പോലീസുകാരെ പിടിച്ചുകെട്ടി തല്ലാൻ ഈ രാജ്യത്തെ ജനാധിപത്യബോധവും വീര്യവുമുള്ള ആളുകൾ തയ്യാറാകേണ്ടി വരും. അതല്ലെങ്കിൽ പോലീസിനെ നിലയ്ക്ക് നിർത്തണം. എന്തു തെമ്മാടിത്തരവും ആകാമെന്നാണ്. ചില സുഗതൻമാരും ചില റൗഡികളും പോലീസിന് കൈക്കൂലിയും കള്ളും കൊടുത്ത് നടക്കുകയാണ്. രാവിലെ ബെഡ് കോഫിക്കുപകരം ചാരായം കുടിച്ച് നടക്കുന്ന കുറെ എണ്ണം! പതിനൊന്നെണ്ണത്തിനെ സസ്പെൻറ് ചെയ്തവരെ ഇപ്പോൾ എടുത്തു, പൈസ വാങ്ങിച്ചിട്ട്. എവിടെയാണ് സർ, ഈ ഡിപ്പാർട്ട്മെൻറ് നന്നാകുക? മുമ്പ് നടപടിയെടുത്തതും പൈസ വാങ്ങിച്ചിട്ടാണ്. അതു കൊണ്ട് നിങ്ങൾ നന്നാകുകയില്ല. കൊലപാതകങ്ങൾ നടന്നാൽ തെളിയിക്കുകയില്ല. വയനാട്ടിലെ വി. സി. മാത്യു എന്നുപറയുന്ന ഞങ്ങളുടെ പാർട്ടി പ്രവർത്തകനെ പരസ്യമായി വെടിവച്ചു കൊന്നു. അതിനൊരു മറുപടി എനിക്ക് ആഭ്യന്തരവകുപ്പ് തന്നു. എന്താണെന്നറിയാമോ? ആ കേസിലെ പ്രതികളെ പിടിച്ചില്ല, അതുകൊണ്ട് തെളിയിക്കുവാൻ കഴിഞ്ഞില്ല. എന്ന്

LIBRARY ARCHIVES Kerala Legislative Assembly

കേരളാ കോൺഗ്രസ്സാണ്. ഇതല്ലേ ഇന്ന് ഈ രാജ്യത്ത് നടക്കുന്നത്? അതുപോലെതന്നെ വലതുകമ്മ്യൂണിസ്റ്റുകാരോട് ഞാൻ ചോദിക്കട്ടെ, പബ്ലിക് പ്രോസിക്യൂട്ടർമാരേയും പ്ലീഡർമാരേയുമെല്ലാം രാഷ്ട്രീയമായല്ലെ നിശ്ചയിക്കുന്നത്? ഇപ്പോഴം അഡീഷണൽ അഡ്വക്കേറ്റ് ജനറൽ – അഡ്വക്കേറ്റ് ജനറൽ പോരാ—പഴയ എം.പി.യായ ടി. സി. എൻ. മേനോനാണ്. ഇപ്പോഴം ഫോറസ്റ്റ് ട്രിബ്യൂണലിന്റെ കേസുകഠം അപ്പീൽ വന്നാൽ അത് കൈകാര്യം ചെയ്യാൻ 17 പ്ലീഡർമാരും അഡ്വക്കേറ്റ് ജനറലുമുണ്ട്. പക്ഷേ അവർക്കൊന്നും കൊടുക്കുകയില്ല എല്ലാം ടി. സി. എൻ. മേനോന് കൊടുക്കണം. എന്നിട്ട് പണം പിരിക്കുകയാണ്. ചുരുങ്ങിയത് 10,000 രൂപയെങ്കിലും ഓരോ കേസിലും പിരിച്ചെടുക്കുന്നുണ്ട്, ടി. സി. എൻ. മേനോൻ. രസീത് കിട്ടുന്നില്ല.

ശ്രീ. വി. ജെ. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇങ്ങനെ സഭയിലില്ലാത്തവരെ സംബന്ധിച്ച് സഭാനടപടി ചട്ടങ്ങഠംക്ക് വിരുദ്ധമായി ആരോപണങ്ങഠം ഉന്നയിക്കുന്നത് ഓർഡറിലാണോ?

മി. ഡെ. സ്പീക്കർ: ഈ സഭയിൽ ഇല്ലാത്തവരെ സംബന്ധിച്ച് മുൻകൂട്ടി എഴുതിത്തന്നല്ലാത്ത ആരോപണം ഉന്നയിക്കാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സഭയിലുള്ളവരെ സംബന്ധിച്ച് പറഞ്ഞുകൂടാ, സഭയിലില്ല ത്തവരെ സംബന്ധിച്ച് പറഞ്ഞുകൂടാ, പിന്നെ, ആരെ സംബന്ധിച്ച് പറയണം?

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയ്ക്ക് വ്യക്തമായ ചില ചട്ടങ്ങളുണ്ട്. മുൻകൂട്ടി സ്പീക്കറെ അറിയിച്ചതിനുശേഷം മാത്രമേ ആരോപണങ്ങഠം ഉന്നയിക്കുവാൻ കഴിയൂ.

ശ്രീ. എം. വി. രാഘവൻ: ഞാൻ ജൂഡീഷ്യറിയെ സംബന്ധിച്ചാണ് സംസാരിക്കുന്നത്. ജൂഡീഷ്യറിയെ സംബന്ധിച്ച ഡിമാൻറാണ്. ജൂഡീഷ്യറിയെ ഈ ഗവൺമെൻറ് അധഃപതിപ്പിച്ചിരിക്കുന്നു. നീതിന്യായ പീഠത്തിൽ ജനങ്ങഠംക്ക് ഒരു വിശ്വാസമുണ്ടായിരുന്നു. അതുതന്നെ പോയിരിക്കുന്നു. ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഫോറസ്റ്റ് സംബന്ധിച്ച കേസുകളുടെ തീരുമാനമെടുക്കുന്ന ട്രിബ്യൂണലുകളുടെ അപ്പീൽ എന്തുകൊണ്ട് പ്ലീഡർമാർക്ക് കൈകാര്യം ചെയ്തുകൂടാ? അഡ്വക്കേറ്റ് ജനറൽ കൈകാര്യം ചെയ്തുകൂടാ? എന്തുകൊണ്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ മാത്രമെ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്നു പറയുന്നു? എന്തുകൊണ്ട് അദ്ദേഹത്തിന് സ്പെഷ്യൽ ചാർജ്ജ് കൊടുത്തു എന്ന് ഞാൻ ചോദിക്കുകയാണ്? മറുപടി പറയുവാൻ ആഭ്യന്തരവകുപ്പ് മന്ത്രിക്ക് കഴിയുമോ? ഇത് അഴിമതിയാണ് സർ. ഫോറസ്റ്റിലെ കാട്ടുകള്ളൻമാരിൽനിന്നും പണം വാങ്ങിക്കുകയാണ്. ഇന്നലെ നൂറുദ്ദീൻ ഒരുകോടി രൂപയുടെ കാര്യം പറഞ്ഞു. സീതിഹാജിക്ക് അറിയാമല്ലോ, അയാളുംകൂടിയുണ്ടോ ഇടപാടിൽ എന്ന് അറിഞ്ഞുകൂടാ, മുള വെട്ടിക്കൊണ്ട് പോകുകയാണ് നിലമ്പൂരിൽനിന്നും അല്ലേ? ഇല്ലെങ്കിൽ പിന്നെ എങ്ങനെ പൈസയുണ്ടാക്കുന്നു? നിലമ്പൂർ ടിമ്പർ വർക്സും കരിക്കമ്പെനിയും എല്ലാം ഉണ്ടല്ലോ. അതുകൊണ്ട് ഈ രാജ്യത്ത് വനം കൊള്ള നടത്തുന്ന ഉദ്യോഗസ്ഥൻമാരെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിനെ സംബന്ധിച്ച് നിങ്ങഠം അന്വേഷണം നടത്താൻ തയ്യാറാകുമോ? അതാണ് എനിക്ക് ഇതിനെ സംബന്ധിച്ച് ചോദിക്കുവാനുള്ളത്. ഇതുപോലെ നിരവധി അക്രമങ്ങളുണ്ട്. ഇവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സീക്രററ് സർവ്വീസുണ്ട്. ലക്ഷക്കണക്കിന് രൂപ പോലീസ് ഐ. ജി. ക്കും മററും ചെലവാക്കാം. ആർക്കുവേണ്ടിയാണ് ചെലവാക്കുന്നത്? ഇത് അഴിമതിയാണ്. സീക്രററ് സർവ്വീസ് സാക്ഷികളെയുണ്ടാക്കാൻ, കേസുകൾ തെളിയിക്കുവാൻ എന്നുപറഞ്ഞിട്ട് യാതൊരു കണക്കുമില്ലാതെ കണക്കെഴുതി വയ്ക്കുകയാണ്. ഇതിനെ സംബന്ധിച്ച് അന്വേഷിക്കുവാൻ തയ്യാറുണ്ടോ? അതുപോലെതന്നെ ജയിൽ തടവുകാർക്ക് ശിക്ഷ ഇളവുചെയ്യുന്നതിനെ സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചു. ആ തടവുശിക്ഷ ഇളവുചെയ്യാൻവേണ്ടി ഒരു ബോർഡുണ്ട്. ആ ബോർഡ് 6 മാസത്തിൽ ഒരിക്കൽ ചേരണമെന്നുണ്ട്. ചേരുകയില്ല. കേരളാ കോൺഗ്രസ്സിലെ രണ്ട് കൊലപ്പുള്ളികളെ വിട്ടയച്ചു. പാവപ്പെട്ടവർ പത്തും പതിനഞ്ചും കൊല്ലം കിടന്നാലും അവരെ വിടുകയില്ല. അവരെ വിടണം. ജയിലിലെ കൺസൾട്ടേററീവ് കമ്മിററി തടവുകാരുടെ ഭക്ഷണം സംബന്ധിച്ച് പറഞ്ഞു, അരി കൊടുക്കാൻ പറഞ്ഞു. ഗോതമ്പിന്റെ ഉണ്ടയെപ്പററി ബാലകൃഷ്ണപിള്ള പറഞ്ഞല്ലോ? അതുപോലെ തടവുകാരുടെ സാംസ്കാരിക നിലവാരം ഉയർത്താൻ ഇതുപോലെയുള്ള കാര്യങ്ങൾ ചെയ്യാൻ കമ്മിററി പറഞ്ഞു. ജയിലിലെ ഉദ്യോഗസ്ഥൻമാർ തടവുകാരുടെ ഭക്ഷണം കട്ടുതിന്നുന്നത് ഇല്ലാതാക്കാൻവേണ്ടി ഒരു കമ്മിററി ഉണ്ടാക്കാൻ കൺസൾട്ടേററീവ് കമ്മിററി പറഞ്ഞു. ഇതുപോലെയുള്ള കാര്യങ്ങൾ ചെയ്യാൻ നിവൃത്തിയില്ല. ഈ രാജ്യത്തെ ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഒരു ചായ വൈകുന്നേരം കൊടുക്കുമെന്നുപറഞ്ഞിട്ട് കൊടുത്തോ? ബാലകൃഷ്ണപിള്ള വന്നപ്പോൾ ഒരു കാപ്പിയെങ്കിലും കൊടുത്തില്ലേ? ഈ ജയിലുകൾ ബ്രിട്ടീഷുകാരൻ കെട്ടിയ ജയിലാണ്. അതൊന്നു മാററണം.

ആഭ്യന്തരവകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി): ഇതിനു മുൻപുതന്നെ 4 മണിക്ക് കാപ്പികൊടുക്കാനുള്ള ഉത്തരവ് ഉണ്ടായിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ അതറിഞ്ഞുകാണുകയില്ല.

ശ്രീ. എം. വി. രാഘവൻ: കാപ്പിയല്ല, ചായകൊടുക്കാമെന്നാണം പറഞ്ഞിട്ടുള്ളത്. ചായ കൊടുക്കണം. അതുപോലെതന്നെ തടവുകാരുടെ സ്ഥിതി വളരെ ശോചനീയമാണ്. 25 പൈസയല്ലേ അവർക്ക് കൂലി കൊടുക്കുന്നത്? 21 ലക്ഷം രൂപ ജയിലിൽനിന്ന് വരവുണ്ട്. അതുകൊണ്ട് വലിയ ചെലവൊന്നും ഗവൺമെൻറ് വഹിക്കുന്നില്ല. ജയിലിലെ വാർഡർമാരുടെയും സാധാരണ പോലീസ്സുകാരുടെയും സ്ഥിതി വളരെ ശോചനീയമാണ്. അതുകൊണ്ട് പാവപ്പെട്ട പോലീസുകാർക്കും പാവപ്പെട്ട വാർഡർമാർക്കും ഇന്നുള്ളതിൽനിന്നും കൂടുതൽ സഹായങ്ങൾ നൽകണം. അവരുടെ സ്ഥിതി നന്നാക്കണം. ഈ മന്ത്രിമാർ പോകുമ്പോൾ ഇത്ര പുതുക്കം എന്താണ്. എല്ലാ തൂണിൻേറയും മൂട്ടിൽ പോലീസുകാരെ വെയിൽ കൊള്ളിക്കാൻ നിർത്തിയിരിക്കുകയാണ്. നിങ്ങളെ ആരെങ്കിലും അടിച്ചുകൊല്ലാൻ വരുന്നുണ്ടോ, അതോ നിങ്ങളെ പാമ്പ് കടിക്കുവാൻ വരുന്നുണ്ടോ? അതുകൊണ്ട് സാധാരണ പോലീസുകാരേയും വാർഡർമാരേയും രക്ഷിക്കണം, തടവുകാരുടെ സ്ഥിതി നന്നാക്കണം. ഇന്ന് പോലീസ്, നീതിന്യായം, ജയിൽ എല്ലാം തന്നെ കൈക്കൂലിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. അത് അവസാനിപ്പിക്കാത്ത ഈ ഗവൺമെൻറ് കൊണ്ടുവന്ന ഈ ഡിമാൻറുകളെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. എം. ഷെറീഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ നിയമസഭയിൽ ഈ ധനാഭ്യർത്ഥനകളെ മൂന്നാമത്തെ തവണയാണ് ഞങ്ങൾ അനുകൂലിച്ചു സംസാരിക്കുന്നത്. തീർച്ചയായും വളരെ അഭിമാനത്തോടുകൂടിതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഇവിടെ പ്രതിപക്ഷത്തുനിന്നും സംസാരിച്ച സുഹൃത്തുക്കൾ ഒന്നുംതന്നെ പോലീസിനെസംബന്ധിച്ച് വ്യക്തമായ ആരോപണം ഉന്നയിച്ചുകൊണ്ട് അവർക്ക് ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ടുതന്നെ പ്രതിപക്ഷം ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറയേണ്ട ആവശ്യവും വരുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഇവിടെ ഈ ബഡ്ജററു പൊതു ചർച്ച തുടങ്ങി ഇങ്ങോട്ടു എല്ലാ ദിവസങ്ങളിലും നടന്നിട്ടുള്ള ചർച്ചകൾ പരിശോധിച്ചാൽ കഴിഞ്ഞ രണ്ടു സമ്മേളനത്തിൽ ഉണ്ടായതുപോലുള്ള പൊതുവേ പ്രതീക്ഷിച്ച ചൂട് ഉണ്ടായിരുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന് ഒരു കാരണമുണ്ട്. അവർക്ക് വ്യക്തമായി ചൂണ്ടികാണിക്കാൻ കാരണങ്ങളൊന്നും ഇല്ല. കഴിഞ്ഞദിവസം ഇവിടെ ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ സംസാരിച്ചപ്പോൾ ചൂണ്ടിക്കാണിച്ചതുപോലെ അതേ കാര്യങ്ങൾതന്നെയാണ് പ്രതിപക്ഷത്തിലെ സുഹൃത്തുക്കളോടും പറയാനുള്ളത്. നിങ്ങൾ അപ്പുറത്തിരിക്കുന്നതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു എന്നാണ് അദ്ദേഹം ഇന്നലെ പറഞ്ഞത്. ഞാനും ആ കാര്യംതന്നെ തിരിച്ചു പറയാനാഗ്രഹിക്കുകയാണ്. പ്രതിപക്ഷത്തു നിങ്ങൾ ഇരിക്കുന്നതുകൊണ്ടുമാത്രം നിങ്ങൾ പ്രതിപക്ഷത്തിന്റെ കടമ നിർവ്വഹിക്കാൻവേണ്ടി ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കുന്നു എന്നുള്ളതാണ്. അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തു നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ഏതെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതിനെ എതിർക്കാൻ കഴിയുമായിരുന്നു. അപ്പുറത്തിരിക്കുന്നതുകൊണ്ടുമാത്രം നിങ്ങൾ ഇതിനെ എതിർക്കുന്നു.

സർ, പോലീസിനെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ ഇവിടെ പറഞ്ഞു. എനിക്ക് ആദ്യമായി പറയാനുള്ളത് നമ്മുടെ സംസ്ഥാനത്തെ പോലീസ് സംഘടനയിൽ, പോലീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ട ആവശ്യകതയെപ്പററി നമ്മളൊക്കെ ബോധവാൻമാരാകേണ്ടതാണ്, പ്രത്യേകിച്ചും ആ ഡിപ്പാർട്ടുമെന്റ് 1959-ൽ സഖാവ് നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ നമ്മുടെ സുപ്രീംകോർട്ടിലെ പ്രസിദ്ധനായ അഡ്വക്കേററായിരുന്ന എൻ. സി. ചാററർജിയുടെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. ആ കമ്മീഷൻ പോലീസ് പുനഃസംഘടനയെസംബന്ധിച്ച് ഒരു റിപ്പോർട്ട് ഇവിടെ പ്രസിദ്ധീകരിച്ചു. ആ റിപ്പോർട്ടിൽ പറയുന്ന കാര്യം നമുക്ക് ഇവിടെ നടപ്പാക്കാൻ കഴിയണം. ആ കാര്യങ്ങൾ നടപ്പാക്കാൻ കഴിയുമെങ്കിൽ മാത്രമേ താരതമ്യേന ഭേദപ്പെട്ട ചില കാര്യങ്ങൾകൂടി നമ്മുടെ ഡിപ്പാർട്ടുമെന്റിൽ നമുക്കു ഫലപ്രദമായി നടപ്പാക്കാൻ കഴിയൂ എന്നാണ് എനിക്കു തോന്നുന്നത്.

പോലീസിനെ സംബന്ധിച്ച വിമർശനങ്ങളെക്കുറിച്ച് പറയുന്നതിനു മുമ്പ് അവർക്ക് അനുഭവപ്പെടുന്ന ചില ബുദ്ധിമുട്ടുകളെ സംബന്ധിച്ച് പറയാൻ ഞാനാഗ്രഹിക്കുന്നു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ എല്ലാ ജീവനക്കാർക്കും ശമ്പളം പരിഷ്കരിക്കുകയുണ്ടായി; പോലീസുകാരുടേതുൾപ്പെടെ. ഞാൻ പറയുന്നതു, സർക്കിൾ ഇൻസ്പെക്ടർവരെയുള്ള തസ്തികയിൽ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇന്നു കൊടുക്കുന്ന ശമ്പളം കൊടുത്താൽ പോര. ഇന്ന് പോലീസ് കോൺസ്ററബിളിനു കൊടുക്കുന്ന ശമ്പളം 310—490, ഹെഡ്കോൺസ്ററബിളിന്

LIBRARY ARCHIVES Kerala Legislative Assembly

350—580, എ. എസ്. ഐ. 390—685, എസ്. ഐ. 470—830 ഇതാണ്, സർ, ഇത്തരത്തിലുള്ള ശമ്പളസ്കെയിൽ അവർക്ക് അനുവദിച്ചു കൊടുത്താൽ പോര. അതിനു കാരണം മററുള്ള ഉദ്യോഗസ്ഥൻമാരിൽ നിന്നും വ്യത്യസ്തമായി മററു മേഖലകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരിൽനിന്നും വ്യത്യസ്തമായി പോലീസിന്റെ ജോലിയിലുള്ള സ്വഭാവംകൊണ്ടുതന്നെ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ഉള്ളവർ വരെയുള്ള ആളുകളുടെ ശമ്പള പരിഷ്കാരം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇന്ന് പോലീസ് ഒരു അളവിൽ കൈക്കൂലി വാങ്ങിക്കുന്നുണ്ടെന്നു പറയുന്നു. അവർ കൈക്കൂലി വാങ്ങിക്കുന്ന ഉദ്യോഗസ്ഥൻമാർ അല്ലെന്നു ഞാൻ പറയുന്നില്ല. കൈക്കൂലി നിരുൽസാഹപ്പെടുത്താൻ നമുക്കു കഴിയണമെങ്കിൽ അവരെ നിലനിറുത്താൻ നമുക്കു കഴിയണം. അവർക്ക് ജീവിക്കാൻ മതിയായ വേതനം കൊടുക്കാൻ കഴിയണം. ഇന്നു കൊടുക്കുന്ന വേതനംകൊണ്ട് ആ കാര്യങ്ങൾ നിർവ്വഹിക്കാമെന്ന് ഞാൻ കരുതുന്നില്ല.

അതുപോലെതന്നെ ഇന്ന് അവർക്ക് കിട്ടുന്ന പി. ടി. എ. എന്നു പറയുന്നത് ഒരു കൺസോളിഡേററഡ് എമൗണ്ട് ആണ്. സബ് ഇൻസ്പെക്ടർക്ക് 60 രൂപയും സർക്കിൾ ഇൻസ്പെക്ടർക്ക് 150 രൂപയുമാണ്. ഈ രൂപകൊണ്ട് അവരുടെ അധികാരപരിധിയിൽ പ്രവർത്തനം സംഘടിപ്പിക്കാൻ എങ്ങനെ കഴിയുമെന്ന കാര്യം നാം വളരെ ഗൗരവപൂർവ്വം ആലോചിക്കണം. അവരുടെ ശമ്പളത്തിൽ അടിസ്ഥാനപരമായ വ്യത്യാസം വരുത്താൻ വിഷമമുണ്ടെങ്കിൽ അവർക്ക് പൊതുവിൽ കിട്ടുന്ന വരുമാനത്തിൽ വ്യത്യാസം ഉണ്ടാക്കാൻ പററുന്ന മറെറന്തെങ്കിലും സംവിധാനം ഉണ്ടാക്കണം. അതു പോലീസുകാർ തൊട്ടു സർക്കിൾ ഇൻസ്പെക്ടർ ഗ്രേഡുവരെയുള്ള ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അനിവാര്യമാണെന്ന് എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്. അതിനു മുകളിലുള്ള ആളുകളുടെ കാര്യം ഇപ്പോൾ ആലോചിക്കേണ്ടതില്ല.

മറെറാരുകാര്യം പറയാനുള്ളത് ഇവിടെനിന്നും ഡ്യൂട്ടിക്കുവേണ്ടി പുറത്തയക്കുന്ന ഒരു സമ്പ്രദായമുണ്ട്. ചില സബ് ഇൻസ്പെക്ടറൻമാരെ അയക്കാറുണ്ട്. വളരെ പോരായ്മനിറഞ്ഞ ഒരു കാര്യമുണ്ട്. ഇവിടെ നിന്നും പുറത്തേയ്ക്ക് ഒരു പ്രത്യേക കാര്യത്തിനുവേണ്ടി ഡ്യൂട്ടിക്കു പോകുന്ന ഉദ്യോഗസ്ഥനുകൊടുക്കുന്ന ഡെയ്ലി അലവൻസ് പത്തു ദിവസംവരെ ഡെൽഹിയിൽ താമസിച്ചാൽ അവർക്കു കിട്ടുന്ന ഡി. എ. 20 രൂപ ക്രമത്തിലാണ്. പത്തു ദിവസം കഴിഞ്ഞാൽ അത് 15 ആയി കുറയുന്നു. അതു കഴിഞ്ഞാൽ ദിവസം 10 രൂപ ക്രമത്തിലാണ്. ഇത് എത്ര അനുചിതമായ കാര്യമാണെന്ന് ആലോചിക്കണം. ഈ സമ്പ്രദായം മാററാൻ നമുക്കു കഴിയണം. 20 രൂപകൊണ്ട് ഡെൽഹിയിൽ താമസിക്കാൻ കഴിയുമോ ? 20 രൂപ ഡി. എ. കൊടുത്താൽ ആ ഡി. എ. കൊണ്ട് ഡെൽഹിയിൽ ഒരു പോലീസ് ഓഫീസർക്ക്, സബ് ഇൻസ്പെക്ടർക്ക് എങ്ങനെ താമസിക്കാൻ കഴിയുമെന്നകാര്യം നമ്മുടെ ഡിപ്പാർട്ടുമെൻറ്, മേധാവികളും ഗവൺമെൻറും നല്ലതുപോലെ ആലോചിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ നമ്മുടെ ക്വാർട്ടേഴ്സിന്റെ കാര്യം. 50 ശതമാനം ആളുകൾക്ക് ഈ സാമ്പത്തികവർഷം ഭവനം കൊടുക്കാൻകഴിയും, ഭവന നിർമ്മാണപദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കുകൾ കൊണ്ട് മനസ്സിലാകുന്നത്. അതു പോര സർ. നമ്മുടെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റേറഷനിലും പ്രവൃത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് അവരുടെ നിലവാരം അനുസരിച്ച് താമസിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പര്യാപ്തമായ വേതനം നിർമ്മിച്ചുകൊണ്ട് ഗവൺമെൻറ് മുമ്പോട്ടുപോകണമെന്നാണ് എനിക്കുപറയാനുള്ളത്. അതിനുവേണ്ടി ഈ ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളത് അപര്യാപ്തമാണെങ്കിൽ പര്യാപ്തമായ തുക ഡൈവർട്ടുചെയ്തുകൊണ്ട് ഈ പരിപാടി പൂർത്തീകരിക്കാൻ കഴിയണം. മറെറല്ലാമേഖലകളിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരിൽനിന്നും വ്യത്യസ്തമാണ് പോലീസുകാർ. പോലീസുകാരന് അവരുടെ ചുമതല നിർവ്വഹിക്കുന്നതിന് സമയമില്ല, കാലമില്ല. ഏതു സ്ഥലത്തും നാം ആവശ്യപ്പെടുമ്പോഠം അതിലേയ്ക്ക് ഇറങ്ങേണ്ടിവരുന്നവരാണ് പോലീസുകാർ. അവരെപ്പററി ധാരാളം വിമർശനങ്ങളുണ്ട്. അതിൽ ഒരു അളവു വരെ ഞാനും പങ്കുചേരാൻ ഒരുക്കമാണ്. ആ വിമർശനങ്ങഠം ഒഴിവാക്കാനുള്ള എല്ലാ സംവിധാനവും നാം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് അവർക്ക് പ്രവർത്തിക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിൽ മാത്രമേ നമുക്ക് അവരെപ്പററിയുള്ള വിമർശനം ഗൗരവപൂർവ്വം കണക്കിലെടുക്കാൻ പാററുകയുള്ളു. അപ്പുറത്തുനിന്നും പറഞ്ഞ കാര്യങ്ങഠം ആത്മാർത്ഥമായി പറഞ്ഞതല്ല. മററു വിമർശനങ്ങളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. ചില സൗകര്യങ്ങഠം ചെയ്തുകൊടുക്കാനുള്ള തീവ്രമായ പരിശ്രമം നാം ഗൗരവപൂർവ്വം ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനരത്ത് പുറത്തുനിന്നും പോലീസുകാർ വരുന്നുണ്ട്. തീർച്ചയായും ഈ വൈകല്യം നാം പരിഹരിക്കണം. നാലു കമ്പനി പോലീസുകാർ മദ്ധ്യപ്രദേശിലുള്ളത് ഇവിടെ ക്യാമ്പു ചെയ്യുന്നു എന്നാണ് ഞാൻ മനസിലാക്കുന്നത്. ഈ നാലു കമ്പനി പോലീസുകാർ ഇവിടെ ക്യാമ്പുചെയ്യുന്നതിൻെറ ഫലമായി 43 ലക്ഷം രൂപ ഗവൺമെൻറ് ഖജനാവിൽനിന്നും ചെലവാകുന്നുണ്ട്. കൂടുതൽ പോലീസുകാർ നമുക്ക് ആവശ്യമാണ്. ജനങ്ങളും പോലീസും തമ്മിലുള്ള അനുപാതത്തിലെ അന്തരം ഒഴിവാക്കണം. നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന നില ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണമെങ്കിൽ ജനങ്ങളും പോലീസും തമ്മിലുള്ള അനുപാതത്തിലെ അന്തരം കുറയ്ക്കണം. മദ്ധ്യപ്രദേശിലെ നാലു കമ്പനി പോലീസുകാർ ഇവിടെ ക്യാമ്പുചെയ്യുന്നതിൻെറ ഫലമായി 43 ലക്ഷം രൂപായാണ് നമുക്കു ചെലവാകുന്നത്. സർ, ഒരു കമ്പനി നാം ഇവിടെ പുതുതായി രൂപീകരിക്കുന്നതുകൊണ്ട് അധികമായി ചെലവുവരുന്നത് 10 ലക്ഷം രൂപമാത്രമാണ്. അതുകൊണ്ട് തീർച്ചയായും പോലീസുകാരുടെ എണ്ണം വർദ്ധിപ്പിച്ച് അന്യസംസ്ഥാനങ്ങളിൽനിന്ന് പോലീസിനെ ഇറക്കുമതിചെയ്യാതിരിക്കാനാവശ്യമായ ഒരു സംവിധാനമുണ്ടാക്കണമെന്നാണെൻെറ അഭിപ്രായം. ഇവിടത്തെ ആളുകളെത്തന്നെ റിക്രൂട്ടുചെയ്തുകൊണ്ടുവേണം പോലീസ് സംഘടനയെ ബലവത്താക്കേണ്ടത്. അത് രണ്ടുതരത്തിൽ ആവശ്യമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്ന്, നമ്മുടെ സംസ്ഥാനത്തെ ആളുകളുടെ ജീവിതരീതിയും മാനസികനിലയുമായി ഇഴുകിച്ചേരാനുള്ള മനോഭാവം നമ്മുടെ സംസ്ഥാനത്തുനിന്നും റിക്രൂട്ടുചെയ്യുന്ന ആളുകഠംക്കുള്ളതുപോലെ മററുസംസ്ഥാനത്തുനിന്നുവരുന്നവർക്കുണ്ടായിരിക്കുമെന്നു ഞാൻ കരുതുന്നില്ല. മധ്യപ്രദേശിൽനിന്നോ ആന്ധ്രയിൽനിന്നോ യു. പി. യിൽനിന്നോ പോലീസിനെ ഇറക്കുമതിചെയ്താൽ നമ്മുടെ നാട്ടിലെ ജനങ്ങളുമായി ഇണങ്ങിച്ചേർന്നു മുന്നോട്ടുപോകാൻ അവർക്കു പ്രയാസമുണ്ടാകുമെന്നുള്ളതുകൊണ്ട് ആ പരിപാടി ഇവിടെവച്ചവസാനിപ്പിക്കാൻ സംസ്ഥാന ഗവൺമെൻറ് നിർബന്ധപൂർവ്വം നടപടിയെടുക്കണമെന്ന് ഞാനാവശ്യപ്പെടുകയാണ്. മറെറാന്ന് പോലീസിൻെറ ട്രെയിനിംഗാണ്. ആദ്യത്തെ നിയമസഭാസമ്മേളനത്തിലും പറഞ്ഞകാര്യമാണത്. എങ്കിലും

ഒന്നുകൂടി ആവർത്തിക്കാൻ ഞാനുദ്ദേശിക്കുന്നു. സ്കോട്ട്ലൻഡ് യാർഡിലെ ട്രെയിനിംഗ് സമ്പ്രദായമാണ് ഇവിടെ നടപ്പാക്കുന്നത്. നമ്മുടെ ദേശത്തിനനുയോജ്യമായതരത്തിൽ അവർക്കു ട്രെയിനിംഗ് കൊടുക്കാൻ കഴിയുന്നതെങ്ങനെയാണെന്നു മനസ്സിലാക്കി അങ്ങനെയുള്ള ട്രെയിനിംഗ് കൊടുക്കണം. എനിക്കുമുൻപു സംസാരിച്ച ഒരു സുഹൃത്ത് പറഞ്ഞതുപോലെ ഫിസിക്കൽ ടെസ്ററ് നടത്തേണ്ടതില്ല എന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ശാരീരികമായ യോഗ്യത വളരെ പ്രധാനമാണു സർ. ഈ സംസ്ഥാനത്തെ പോലീസ് ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിലെ പോലീസിനു മാതൃകയായി പ്രവർത്തിക്കുന്നതരത്തിൽ വളർത്തിക്കൊണ്ടുവരാൻവേണ്ട ട്രെയിനിംഗ് കൊടുക്കണം. സർ, പോലീസ് ട്രെയിനിംഗ് കോളേജുകളിൽ ഇന്നു നിലവിലിരിക്കുന്ന ഏർപ്പാടിനെപ്പററി ഞാനും കേട്ടിട്ടുണ്ട്. വളരെ മോശമാണു സർ. നമ്മുടെ സംസ്കാരത്തിനു യോജിച്ചതല്ല. കോളേജിനകത്തുള്ള ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ പെരുമാററരീതിയിൽ മാററംവരുത്തണം. അതുപോലെതന്നെ മററു ചില അനോമലികളും ഉണ്ട്. എ. ആർ. പി. യിലും എസ്. എ. പി. യിലുമൊക്കെ റിക്രൂട്ടുചെയ്യപ്പെടുന്ന ആളുകൾക്കു മററു ലോക്കൽ പോലീസിലേക്കു റിക്രൂട്ടുചെയ്യപ്പെടുന്ന ആളുകൾക്കു കിട്ടുന്ന ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ലെന്നുള്ള പരാതി ഇന്നു സർവ്വസാധാരണമായിത്തീർന്നിരിക്കുകയാണ്. അതുകൂടി പരിഹരിക്കാൻ എന്താണു മാർഗ്ഗമെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറും വകുപ്പുമന്ത്രിയും ഒരുമിച്ചിരുന്നാലോചിച്ച് പരിഹാരമുണ്ടാക്കണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഒരു വലിയ വിഭാഗം ഉദ്യോഗസ്ഥൻമാർ അവരുടെ ആവശ്യങ്ങളും അവകാശങ്ങളും ആരോടും പറയാൻകഴിയാത്തതുകൊണ്ട് വിങ്ങിപ്പൊട്ടിയ വികാരങ്ങളുമായി നിലകൊള്ളുകയാണെന്ന കാര്യം ഡിപ്പാർട്ടുമെൻറുതലവനായ ഐ. ജി. ഉൾപ്പെടെയുള്ളവർ മനസ്സിലാക്കുകയും അതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

മറെറാരുകാര്യം പറയാനുള്ളത് വാഹനസൗകര്യത്തെക്കുറിച്ചാണ്. ഈ ഡിപ്പാർട്ടുമെൻറിൽ വാഹനങ്ങൾ തീരെ അപര്യാപ്തമാണ്. സർക്കിൾ ഇൻസ്പെക്ടർമാർ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് അൽപം ചില കേടുപാടുകളുണ്ടായാൽ അതു തീർക്കാൻ കഴിയാതെ കിടക്കുന്ന സ്ഥിതിയാണിന്നുള്ളത്. അതിൻെറ ഫലമായി പെട്രോൾ നടത്താൻ കഴിയുന്നില്ല. പോലീസിൻെറ പ്രവർത്തനത്തിനു വളരെ പ്രധാനപ്പെട്ട ഒന്നാണ് വാഹനം എന്നതു മനസ്സിലാക്കി പോലീസ് ഡിപ്പാർട്ടുമെൻറിൽ ഒരു എഞ്ചിനീയറിംഗ് വിംഗ്തന്നെ ഉണ്ടാക്കണം. അതു സംസ്ഥാനതലത്തിൽമാത്രം പോരാ ജില്ലാതലത്തിൽ ഉണ്ടാക്കണം.

അതുപോലെതന്നെ എം. എൽ. എ. മാർ ഉൾപ്പെട്ട ഒരു കൺസൾട്ടേററീവ് കമ്മിററിയുണ്ട് ജില്ലാതലത്തിൽ. ആ കമ്മിററിയുടെ പ്രവർത്തനം വളരെ കുത്തഴിഞ്ഞ നിലയിലാണ്. ഈ കമ്മിററിയുടെ പ്രവർത്തനം ശരിയായ നിലയിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഐ. ജി. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരും മുൻകൈയെടുക്കണം. ഇന്ന് മൂന്നുമാസത്തിലൊരിക്കലോ നാലുമാസത്തിലൊരിക്കലോ ആണ് ആ കമ്മിററി കൂടുന്നത്. വെറും ഔപചാരികമായ കൂടൽ. ചില പ്രത്യേകകാര്യങ്ങൾ എസ്. പി. സംസാരിക്കും, ഞങ്ങൾ അതു കേട്ടുംകൊണ്ടു പിരിഞ്ഞുപോകണം. അതാണിന്നത്തെ സ്ഥിതി. ജനപ്രതിനിധികൾ പറയുന്ന കാര്യങ്ങളുംകൂടെ കേൾക്കുന്നതിനാവശ്യമായ രീതിയിൽ ഈ കമ്മിററികളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരുകാര്യം പറയാനുള്ളത് ആർ. എസ്. എസ്.-നെക്കുറിച്ചാണ്. ഇവിടെ പല സ്നേഹിതൻമാരും ആർ. എസ്. എസ്.-നെപ്പററിയും അതിൻെറ പ്രതിവിപ്ലവശക്തിയെപ്പററിയുമൊക്കെ പറഞ്ഞു. കേരളത്തിൽ ഒരു ലക്ഷത്തോളം ട്രെയിൻഡ് വാളൻറിയേഴ്സ് ഉണ്ടെന്നാണ് പറയുന്നത്. ഇൻഡ്യാരാജ്യത്തിൻെറ മുന്നോട്ടുള്ള പോക്ക് കൂടുതൽ ബുദ്ധിമുട്ടിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ബുദ്ധിമുട്ട് തരണംചെയ്യാൻ കായികവും മാനസികവുമായി വികാസംപ്രാപിച്ച ഒരു പോലീസ് സൈന്യം നമുക്കാവശ്യമാണ്. ഒരു വൈമാനികൻെറ വൈഭവത്തോടും ബോധത്തോടുംകൂടി പോലീസ് പ്രവർത്തിക്കേണ്ട കാലഘട്ടമാണിത്. എവിടെയാണ് പ്രതിവിപ്ലവശക്തികൾ പ്രവർത്തിക്കുന്നത്, എവിടെയാണ് പ്രതിവിപ്ലവശക്തികൾ തേരുതെളിക്കുന്നത്, എവിടെയാണ് സാമൂഹ്യവിരുദ്ധശ്രമങ്ങൾ ആരംഭിക്കുന്നത് എന്നെല്ലാം കണ്ടുപിടിക്കാൻ ജില്ലാതലത്തിലുള്ള പരിശ്രമം നാം നടത്തേണ്ടിയിരിക്കുന്നു. രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനത്തെക്കുറിച്ചല്ല ഞാൻ പറയുന്നത്, ഇവിടത്തെ വർഗ്ഗീയപിൻതിരിപ്പൻ ശക്തികളെക്കുറിച്ചാണ് പറയുന്നത്. ഇന്നത്തെ പത്രത്തിൽ ഒരു പ്രധാനവാർത്ത വന്നിട്ടുണ്ട്. അതായത്, ഡെൽഹിയിൽ ആർ. എസ്. എസ്. ൻെറ കേന്ദ്ര എക്സിക്യൂട്ടീവ് കൂടി ഒരു തീരുമാനമെടുത്തു എന്ന്. ഇവിടത്തെ രാഷ്ട്രീയ കക്ഷികളെല്ലാം അതു വായിച്ചുകാണുമെന്നു ഞാൻ വിശ്വസിക്കുന്നു. അണ്ടർഗ്രൗണ്ടിൽ പോയി പ്രവർത്തിക്കാൻ ആർ. എസ്. എസ്. ൻെറ കേന്ദ്ര എക്സിക്യൂട്ടീവ് മെംബർമാർക്ക് നിർദ്ദേശം കൊടുത്തിരിക്കുന്നു. അതിൻെറ അർത്ഥം ഈ രാജ്യത്ത് പ്രതിവിപ്ലവപ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും മതന്യൂനപക്ഷങ്ങളെ ആക്രമിക്കാനും അങ്ങനെ നാം വളർത്തിക്കൊണ്ടുവന്ന ഇൻഡ്യൻ ജനാധിപത്യത്തിൻെറമേൽ കത്തിവയ്ക്കാനും ഉള്ള പ്രവർത്തനങ്ങൾ അണ്ടർഗ്രൗണ്ടിൽപോയി സംഘടിപ്പിക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞിരിക്കുന്നു എന്നാണ്. അതിനെ നേരിടാൻ ബഹുജന സഹകരണവും ജനപ്രതിനിധികളുടെ സഹകരണവുമെല്ലാം ആവശ്യമാണെങ്കിലും ഒപ്പം പോലീസിൻെറ സേവനവും അനുപേക്ഷണീയമാണ്. അതുകൊണ്ട് അവരെ അതിനു പ്രാപ്തമായരീതിയിൽ സജ്ജീകരിക്കാൻ ബഹുമാനപ്പെട്ടമന്ത്രിയും ബന്ധപ്പെട്ട ആളുകളും ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നീണ്ടകര പോർട്ട് മേജർപോർട്ടായി പ്രവർത്തനമാരംഭിക്കാനുള്ള കമ്മീഷൻെറ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അതൊരു മേജർ പോർട്ടായി വളർത്തിക്കൊണ്ടുവരാനുള്ള നടപടികൂടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

(Mr. Speaker in the Chair)

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. സർ, പോലീസിനെ സംബന്ധിച്ചിടത്തോളം ഉള്ള ഈ ചർച്ച കേട്ടുകഴിഞ്ഞാൽ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് ഇവിടത്തെ നിയമസമാധാനപരിപാലനം നടത്തുന്ന കാര്യത്തിൽ ഈ ഗവൺമെൻറും പ്രത്യേകിച്ച് ഈ സംസ്ഥാനത്തെ ആഭ്യന്തര മന്ത്രിയും വളരെയധികം വിജയിച്ചിട്ടുണ്ട് എന്ന് മനസ്സിലാകും. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് കാര്യമായി ഒന്നും പറയാനുണ്ടായിരുന്നില്ല. എൻെറ ബഹുമാന്യ സ്നേഹിതൻ രാഘവൻ അവസാനം സാധാരണ ചിലതു പറയുന്നതുപോലെ പറഞ്ഞുപോയി എന്നല്ലാതെ അതിൽകൂടുതൽ പ്രതിപക്ഷത്തുനിന്നും ഇപ്രാവശ്യം പറയാനുണ്ടായിരുന്നില്ല.

2/464—16

LIBRARY ARCHIVES Kerala Legislative Assembly

നിയമസമാധാനത്തിന്റെ കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഇൻഡ്യയിൽ ഒട്ടാകെയുള്ള നിയമസമാധാനത്തിന്റെ കാര്യം പരിശോധിച്ചുകൊണ്ട് ഇവിടത്തെ നിയമസമാധാന പരിപാലനത്തെ വിലയിരുത്തുന്നത് നന്നായിരിക്കുമെന്നാണ് പ്രതിപക്ഷങ്ങളോടു പറയാനുള്ളത്. ഇൻഡ്യയിൽ ഇതര സംസ്ഥാനങ്ങളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ചൊക്കെ എന്റെ ബഹുമാന്യ സ്നേഹിതൻമാർ പലരും ഇവിടെ പറയുകയുണ്ടായി. ഈ സഭയിൽതന്നെ അംഗങ്ങളായിട്ടുള്ള കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ കാര്യങ്ങൾ എടുത്തു പരിശോധിക്കാം. കേന്ദ്രം ഭരിക്കുന്നതു ജനതാപാർട്ടിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ മൂക്കിനു മുന്നിൽ ഡെൽഹിപ്പട്ടണത്തിൽ നടന്ന കാര്യം പരിശോധിക്കാവുന്നതാണ്. കഴിഞ്ഞ ഒരുകൊല്ലക്കാലത്തെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ kidnapping, കൊള്ള, കൊല ഈ കാര്യങ്ങളിൽ ലോകത്തിൽവച്ച് ഒന്നാം സ്ഥാനം അർഹിക്കുന്നത് ഡെൽഹിയാണ്. ഒരു ദിവസത്തിൽ 27 എണ്ണംകണ്ടു നടക്കുന്നുവെന്നാണ് പറയുന്നത്. ജനതാപാർട്ടി ഭരിക്കുന്ന ഡൽഹിയിലെ ഭരണമാണ് പറയുന്നത്. മൊറാർജി ദേശായിയുടെ താമസസ്ഥലത്തു നടക്കുന്ന കാര്യമാണ് സൂചിപ്പിച്ചത്. ഇതുപോലെ നിയമസമാധാനം അപകടത്തിലായ ഒരു ചരിത്രം ഒരിക്കലും ഉണ്ടായിട്ടില്ല. ഡെൽഹിയിൽ പോകുന്ന ആളുകൾക്കറിയാം, രാത്രി 8 മണി കഴിഞ്ഞാൽ ഒരു കുഞ്ഞുപോലും പുറത്തിറങ്ങി നടക്കുകയില്ല. ചോപ്രാ കേസിലേക്കു കടക്കുന്നില്ല. ബീഹാറിൽ നടക്കുന്ന കാര്യങ്ങൾ നമുക്കറിയാം. അവിടെ മുന്നോക്ക സമുദായക്കാരും പിന്നോക്ക സമുദായക്കാരും തമ്മിൽ സമരം. ബോർഡർ സെക്യൂരിററി ഫോഴ്സിനെ വരെ ബീഹാറിൽ കൊണ്ടുവന്നുവച്ചിരിക്കുന്നു. ജനങ്ങൾക്ക് വെളിയിൽ ഇറങ്ങാൻ പാടില്ല. ജനതാപാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ നിയമസമാധാനത്തിന്റെ കാര്യമാണ് പറയുന്നത്. യു. പി. യിൽ നടന്ന കാര്യം എന്റെ സ്നേഹിതൻ മൊയ്തീൻ ഇവിടെ ചൂണ്ടിക്കാണിച്ചു. യു. പി. യിൽ വെടിവയ്പു നടന്നു. അതിനെക്കുറിച്ച് അന്വേഷിക്കാൻ ഒരു അന്വേഷണ കമ്മീഷനെ വച്ചു. അന്വേഷണക്കമ്മീഷൻ വ്യക്തമായി പറഞ്ഞു, ഇതിൽ പോലീസ് പങ്കാളിയാണ്, പോലീസ് അഴിമതി കാണിച്ചിട്ടുണ്ട്; പോലീസ് നിരുത്തരവാദപരമായി പ്രവർത്തിച്ചു. വിശേഷിച്ചും എസ്. പി. ആ എസ്. പി. യെ മാററണമെന്ന്, യു. പി. നിയമസഭയിൽ പ്രതിപക്ഷവും ഭരണകക്ഷിയും ഒന്നടങ്കം ആവശ്യപ്പെട്ടു. എസ്. പി. യെ മാററാൻ അവിടത്തെ ഗവൺമെൻറ് തയ്യാറായില്ല. ആ പാർട്ടിയിൽപ്പെട്ട ശ്രീ. ബാലകൃഷ്ണപിള്ളയാണ് ഹരിജൻ മർദ്ദനങ്ങളെക്കുറിച്ച് ഇവിടെ സംസാരിക്കുന്നത്.

ശ്രീമാൻ രാഘവൻ ഇവിടെ ചിലതൊക്കെ പറഞ്ഞു. ബംഗാളിൽ നടന്ന ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബംഗാളിലെ സ്ഥിതിയും നമ്മുടെ പോലീസിന്റെ സ്ഥിതിയും ഒന്നു താരതമ്യപ്പെടുത്തി നോക്കാവുന്നതാണ്. അവിടത്തെ ബഡ്ജററിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, 1954-ൽ ബി. സി. റോയ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് 5 കോടി ഉറുപ്പിക പോലീസ് വകുപ്പിന് നീക്കിവച്ചിരുന്നു.

ശ്രീ. എം. വി. രാഘവൻ: ഇവിടത്തെ കണക്ക് ഒന്നു പറയാമോ? ബംഗാളിലെയും കേരളത്തിലെയും പോലീസിനെപ്പററി പഠിക്കാൻ ഒരു കമ്മിററിയെ വയ്ക്കുകയും അതിൽ നമുക്ക് രണ്ടുപേർക്കും അംഗങ്ങളാകുകയും ചെയ്യാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: എനിക്കറിയാം രാഘവന് ബംഗാളിനെപ്പററി പറയുന്നത് ഇഷ്ടപ്പെടുകയില്ലെന്ന്. അന്ന് അഞ്ചുകോടി ഉറുപ്പിക അധികമാണെന്നു പറഞ്ഞ ജ്യോതിബാസു ഇന്നു മുഖ്യമന്ത്രിയാണ്. ഇന്ന് അവിടെ പോലീസ് വകുപ്പിന് 64 കോടി രൂപ മാററിവച്ചിരിക്കുന്നു. ബംഗാൾ നിയമസഭയിൽ നടക്കുന്ന ചർച്ചയെക്കുറിച്ചാണ് പറയുന്നത്. ബംഗാളിലെ പോലീസിന്റെ ചെലവിന്റെ കാര്യം പോകട്ടെ അതേക്കുറിച്ചു പറയുന്നില്ല. നിയമസമാധാനത്തിന്റെ കാര്യം ഒന്നു പരിശോധിക്കാമോ സാർ? അവിടെ സുന്ദർവനത്തിൽ ഒരു അഭയാർത്ഥി ക്യാമ്പുണ്ട്. ആ അഭയാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് ഭക്ഷണം കിട്ടിയില്ല, വെള്ളം കിട്ടിയില്ല, ഭക്ഷണവും വെള്ളവും കിട്ടാത്തതുകൊണ്ട് 27 ആളുകൾ ആ കോളനിയിൽ മരിച്ചുകൊണ്ടിരുന്നു എന്നു മനസ്സിലാക്കണം. ഒരാൾ കോളനിയിൽ തൂങ്ങിമരിച്ചു. തൂങ്ങിമരിച്ചതിനുശേഷം അവർ അവിടെ ഭക്ഷണത്തിനുവേണ്ടി ജാഥ നടത്തി. എന്നിട്ട് എന്താണു ചെയ്തത്; വെള്ളം കൊടുത്തില്ല, റൊട്ടി കൊടുത്തില്ല. നേരേമറിച്ച് 30 ആളുകളെ വെടിവച്ചുകൊന്നു. ഇതിനെ സംബന്ധിച്ച് അന്വേഷിക്കാൻ ബഹുമാന്യനായ ചന്ദ്രശേഖരന്റെ പാർട്ടിയിൽപ്പെട്ട ഏഴ് എം. എൽ. എ. മാർ നിയമസഭ നടക്കുന്ന സന്ദർഭത്തിൽ സുന്ദർ കോളനിയിലേക്കുപോയി. ഏഴു പത്രപ്രതിനിധികളും ഉണ്ടായിരുന്നു. അവർ പോയ സന്ദർഭത്തിൽ അവിടെ പോകാൻ പാടില്ലെന്ന് ജ്യോതിബാസുവിന്റെ ഗവൺമെന്റ് പറഞ്ഞു. അവരെ തടഞ്ഞു. ഈ എം. എൽ. എ. മാർ കൽക്കട്ടാ ഹൈക്കോടതിയിൽനിന്നു സ്റേറ വാങ്ങിച്ച് അവിടെ പോയി. ഈ അഭയാർത്ഥികളെ വെടിവച്ച സംഭവത്തെക്കുറിച്ച് അന്വേഷിക്കാനാണ് അവർ പോയത്. ഭക്ഷണവും വെള്ളവും കിട്ടാതെ ആളുകൾ മരിച്ചതിനെക്കുറിച്ച് അന്വേഷിക്കാൻ അവർ പോയി. അവർ മടങ്ങിവന്ന അവസരത്തിൽ ബസിൽവച്ച് അവരെ അറസ്ററ് ചെയ്തു. നിയമസഭ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ അവരെ അറസ്ററ് ചെയ്യാൻ മടിക്കാത്തവരാണ് മാർക്സിസ്ററ് പാർട്ടിയുടെ ബംഗാളിലെ ഗവൺമെന്റ് എന്നുള്ളത് ചൂണ്ടിക്കാണിക്കുകയാണ്. നിയമസഭയിൽ ചർച്ചയ്ക്കുവന്ന കാര്യമാണ്. ഏഴു എം. എൽ. എ. മാരെയും ഏഴു പത്രപ്രതിനിധികളെയും അറസ്ററുചെയ്തിട്ട് ജ്യോതിബാസു പറഞ്ഞ മറുപടി അവിടം റിസർവ് ഫോറസ്ററാണ്. അവിടേക്ക് ആർക്കും കടക്കാൻ പാടില്ല എന്നാണ്. അതുകൊണ്ടാണ് അറസ്ററ് ചെയ്തത് എന്നാണ്. എന്നിട്ട് ആ കക്ഷിയിൽപ്പെട്ട രാഘവൻ ഏതോ ഒരു പോലീസ് സ്റേറഷനിൽ ഏതോ ഒരു പോലീസുകാരൻ ഏതോ ഒരു പ്രതിയെ ഒന്നു തോണ്ടി എന്ന കാര്യമാണ് ഇവിടെ പോലീസിനെപ്പററി പറയുന്നത്. 30 അഭയാർത്ഥികളെ വെടിവച്ചുകൊന്ന ഭരണമാണ് അവിടെ. സാക്ഷാൽ മാർക്സിസ്ററ് പാർട്ടിയുടെ ഭരണം നടക്കുന്ന സംസ്ഥാനത്തെ സ്ഥിതിയാണ്.

ആ സംസ്ഥാനത്തെ മറെറാരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു ലക്ഷത്തോളംവരുന്ന ആർ. എസ്. എസ്.—കാർ ബംഗാളിൽ പ്രകടനം നടത്തി. സംഘട്ടനം നടന്നു. ലാത്തിചാർജ്ജ് ഉണ്ടായി. ആ പ്രകടനത്തിനുശേഷം ജ്യോതിബാസു പത്രസമ്മേളനം നടത്തി. പത്രസമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ 'ഹിന്ദുസ്ഥാൻ' ടൈംസിൽ വന്നിട്ടുണ്ട്. ആ വാർത്ത വായിക്കാം.

Mr. Jyothi Basu said, that at the moment our decision stands and there will be no total ban. Explaining the provisions of the present Cows Protection Act in West Bengal, he said, Act for prohibiting slaughter of cattles below the age of 14 will be strictly enforced throughout the State

and he asked the Sarvodaya leaders to name one or two persons to include in the Committee of the State Government to supervise the enforcement of this Act.

സർ, ജോതിബാസു ഒടുവിൽ കീഴടങ്ങിക്കൊടുത്തുവെന്നാണ് ഇതിൽ കാണുന്നത്. ഒരു ലക്ഷത്തോളം ആർ. എസ്. എസ്.-കാർ പ്രകടനം നടത്തിയിട്ട് ഗവൺമെൻറിനെ ഘരച്ചവരയിൽ നിറുത്തുമെന്നു പറഞ്ഞ പ്പോൾ ജ്യോതിബാസു പത്രക്കാരെ വിളിച്ചു പറഞ്ഞതെന്താണ്? Cows slaughter Prohibition Act ഉണ്ട്. 14 വയസ്സിനു താഴെയുള്ള പശുക്കളെ കൊല്ലാൻ പാടില്ലെന്നാണ് ആ ആക്ടിലെ വ്യവസ്ഥ. ആ വ്യവസ്ഥ സർവ്വ ശക്തിയും ഉപയോഗിച്ചുകൊണ്ടു നടപ്പാക്കുമെന്നാണ് ജ്യോതിബാസു പറഞ്ഞത്. ഈ പത്രസമ്മേളനത്തിൽ അദ്ദേഹം പറയുന്നു, ഇതു നടപ്പാക്കുന്നതു പരിശോധിക്കാൻ ഒരു കമ്മിററിയെക്കൂടി വയ്ക്കാമെന്ന്. അവിടെ ആർ. എസ്. എസ്.-കാർ പ്രകടനം നടത്തിയപ്പോൾ അവർക്കു കീഴടങ്ങിക്കൊണ്ട് ജോതിബാസു പറഞ്ഞതാണ് ഇത്. ആ ഗവൺമെൻറ് പുരോഗമനം ഉള്ള ഗവൺമെൻറാണെന്നാണ് പറയുന്നത്. ഇവിടത്തെ ഗവൺമെൻറ് എന്താണ് ചെയ്തതെന്നോ? ഇവിടത്തെ ഗവൺമെൻറ് ധീരമായി പറഞ്ഞു, യാതൊരു കാരണവശാലും വിനോബാജിയോട് എത്രമാത്രം ബഹുമാനം ഉണ്ടെങ്കിൽക്കൂടി അതിനു തയ്യാറല്ലാ എന്ന്. നിങ്ങളുടെ ഗവൺമെൻറ് എന്താണ് പറഞ്ഞത്? പതിനാലു വയസ്സിനു താഴെയുള്ള പശുക്കളെ കൊല്ലാൻ പാടില്ലെന്ന്. (ബഹളം) സർ, എന്തയാലും മാർക്സിസ്ററു പാർട്ടി ഭരിക്കുന്ന ബംഗാളിലെ സ്ഥിതിയാണ് പറഞ്ഞത്. മറുഭാഗത്തു നമുക്ക് എടുക്കാവുന്നത് പിന്നെ ഇന്ദിരാകോൺഗ്രസിന്റെ കാര്യമാണ്. മാർക്സിസ്ററ്പാർട്ടിയുടെ ആക്ഷേപമെന്താണ്: പോലീസ് ഇവിടെ വലിയ അക്രമം നടത്തുന്നു എന്നാണ്. ഇന്ദിരാകോൺഗ്രസ് പറയുന്നു പോലീസിന് ഇവിടെ നിഷ്ക്രിയതയാമാണെന്ന്. അതു ഞാൻ സമ്മതിക്കാം. അവരുടെ ഭാഷയിൽ ഈ സംസ്ഥാനത്തു നടക്കുന്നത് പോലീസിന്റെ നിഷ്ക്രിയതയാണ്. അതുകൊണ്ടു തന്നെയാണു സർ, ഞങ്ങൾ ഭാഗത്തിരിക്കുന്നതും ഈ ഗവൺമെൻറ് തുടരുന്നതും എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ദിരാകോൺഗ്രസ്സിന്റെ വക്താവായ ശ്രീമാൻ നാരായണൻ നായർ കഴിഞ്ഞ ദിവസം ഈ അസംബ്ലിയിൽ പറഞ്ഞു സർ, ദണ്ഡനശിക്ഷ കൊടുക്കാതെ ഈ രാജ്യത്തു ഭരണം നടത്താൻ സാദ്ധ്യമല്ലെന്ന്. അതു ശരിയാണ്. പക്ഷെ ദണ്ഡനശിക്ഷ കൊടുത്തിരുന്നെങ്കിൽ രാജനെ ഉരുട്ടിയ കേസിലെ പല ആളുകളും കാണുമായിരുന്നില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ഇ. നാരായണൻ നായർ: ഇപ്പോൾ ദണ്ഡനാധികാരമില്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: നിങ്ങൾ സഞ്ജയ് മോഡൽ ഭരണമാണാഗ്രഹിക്കുന്നത്. അതു പ്രായോഗികമല്ല. ഞങ്ങൾ ആ ഭരണത്തെപ്പററി ചിന്തിക്കുന്നില്ല. ഈ പറയുന്ന ഇന്ദിരാകോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളെക്കുറിച്ചുകൂടി പറയാം............

ശ്രീ. ടി. എച്ച്. മുസ്തഫാ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഞങ്ങളുടെ പാർട്ടിക്ക് അംഗീകരിക്കപ്പെട്ട പേരുണ്ട്. ഞങ്ങളുടെ പാർട്ടിയെ തെററായ പേരിൽ പരാമർശിക്കുന്നത് ആർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ആ പേര് എന്താണോ ആ പേരുള്ള പാർട്ടി എന്നു ഞാൻ പറയുന്നു സർ. ഇന്ദിരാഗാന്ധിയെ അറസ്റ്റ് ചെയ്തു. കർണ്ണാടക ഗവൺമെന്റ് എന്തു ചെയ്തു ? അവിടെ സമരം നടത്തി. അവരുടെ കൂട്ടത്തിലുള്ള ഏഴാളുകളെ കൊന്നു. അവരുടെ ഭരണമാണ്. അതെല്ലാം ചെയ്ത ഒരു പാർട്ടിയാണ്. ആ രൂപത്തിലുള്ള പോലീസ് ഭരണം വേണമെന്നാണോ പറയുന്നത്? സർ, ഈ സംസ്ഥാനത്തിലെ പോലീസിനെക്കുറിച്ചു പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ നിവർത്തിയില്ല. തൊഴിൽക്കുഴപ്പങ്ങളെ സംബന്ധിച്ചിടത്തോളം പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ചില തെറ്റുകൾ ഉണ്ട്. അത് അടിയന്തരാവസ്ഥക്കാലത്ത് ചില പോലീസുദ്യോഗസ്ഥൻമാർ പഠിച്ചതാണ്. അവരതു തുടരുന്നു. അത് അവസാനിപ്പിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയോടാവശ്യപ്പെടുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽതന്നെ, റൂബി എസ്റ്റേററിൽ തൊഴിലാളികൾ പണിമുടക്കുനടത്തി. സർ, അവിടെ മുതലാളിക്കുവേണ്ടി പോലീസ് പ്രൊട്ടക്ഷൻ കൊടുക്കുകയാണ്. മലപ്പുറം എസ്. പി. മുതലാളിമാർക്കുവേണ്ടിയും കള്ളക്കടത്തുകാർക്കുവേണ്ടിയും നിലകൊള്ളുന്ന എസ്. പി. യാണ്. ഈ പോലീസ് മന്ത്രിയെ ചീത്തയാക്കാനും ഈ ഗവൺമെന്റിനെ ചീത്തയാക്കാനും ഗവൺമെന്റിന്റെ പരിപാടികൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന , മുതലാളിമാർക്ക് കൂട്ടു നിൽക്കുന്ന ഈ പോലീസുദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി എടുക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. എൻ. ഐ. ദേവസിക്കുട്ടി: സർ, ഇവിടെ മാർക്സിസ്റ്റുപാർട്ടിയുടെ പ്രതിനിധി ശ്രീ. എം. വി. രാഘവൻ നടത്തിയ ആരോപണസമ്മിശ്രമായ പ്രസംഗവും പരാമർശങ്ങളും കേട്ടപ്പോൾ വൈരുദ്ധ്യാധിഷ്ഠിത തത്വത്തിന്റെ ഇത്ര സമർത്ഥമായ പ്രയോഗം കണ്ട് ഞാൻ ആശ്ചര്യപ്പെടുകയായിരുന്നു. ഈ ഭരണമുന്നണിയുടെ പ്രമുഖനേതാക്കളായ മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായരും ശ്രീ. എ. കെ. ആന്റണിയും ശ്രീ. ബേബിജോണും ഒക്കെ ഇന്ന് ഒരു പുതിയതരത്തിലുള്ള നയം ഇവിടെ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. അത്, എല്ലാ കാര്യങ്ങളിലും മാർക്സിസ്റ്റുപാർട്ടിയെ പ്രീണിപ്പിക്കുക എന്നുള്ള നയമാണ്. ആ നയത്തിനു കാരണമുണ്ട്: ഇനി ഒരു ഭരണം ഇവർ പ്രതിനിധാനംചെയ്യുന്ന ഈ പാർട്ടികൾക്കു കേരളത്തിൽ കിട്ടാൻവേണ്ടി ഒരു പുതിയ മുന്നണിയാവശ്യമുണ്ടെന്നും ആ മുന്നണി മാർക്സിസ്റ്റുമുന്നണിയാണെന്നും അവർ വിശ്വസിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്ന് അതിനു പേരു വിളിക്കുന്നു. അതു വന്നാൽമാത്രമാണു ഭരണം കിട്ടുകയെന്ന് ഉറപ്പായതുകൊണ്ട് ചെറുതുംവലുതുമായ അടിസ്ഥാനപരമായ കാര്യങ്ങളിൽ മാർക്സിസ്റ്റുപാർട്ടിയെ പ്രീണിപ്പിക്കുക എന്നത് അഭംഗുരം നടക്കുന്നു. ബഹുമാനപ്പെട്ട ഈ നയം ഇങ്ങനെ അഭംഗുരം നടപ്പാക്കുന്നതുകൊണ്ട് ഇന്ന് ആഭ്യന്തരമന്ത്രി ശ്രീ. മാണി ഒരു മാപ്പുസാക്ഷിയെപ്പോലെയാണ് ആഭ്യന്തരവകുപ്പിന്റെ ഭരണം നടത്തുന്നത്. ചില മെമ്പർമാർ നിയമസഭയിലും പുറത്തുമൊക്കെ സംസാരിക്കുന്നതു കേൾക്കേണ്ടതാണു സർ ! ആർ. എസ്. പി. യിലെ ഒരു മെംബർ ഇ. എം. എസ്സിന്റെ മുഖത്തുനോക്കി ഗുരോ എന്നു വിളിച്ചുകൊണ്ടു സംസാരിച്ചു, ചിലരൊക്കെ ഇവിടെ ഇ. എം. എസ്സിന്റെ മുൻപിൽ ദണ്ഡനമസ്കാരം ചെയ്യുന്നു. മുഖ്യമന്ത്രി ശ്രീ. വാസുദേവൻ നായർ ഇ. എം. എസ്സിന്റെ മുൻപിൽ ദാസ്യ വേലയാണു പലപ്രാവശ്യവും നടത്തിയത്. ഇങ്ങനെയുള്ള ഒരു നയം ഭരണമുന്നണിയിലെ പ്രമുഖ കക്ഷികളുടെ നേതാക്കൻമാർ അനുവർത്തിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ ആഭ്യന്തര മന്ത്രിക്കു ശരിയായ രീതിയിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുന്നില്ല; നീതിയുക്തമായിട്ടുള്ള ഭരണം നടത്താൻ കഴിയുന്നില്ല; അദ്ദേഹത്തിന്റെ ഓരോ തീരുമാനവും ഈ ദുഷിച്ചനയത്താൽ ബാധിക്കപ്പെട്ടുപോകുന്നു, സർ. നിരവധി ഉദാഹരണങ്ങൾ കാണിക്കാം; എല്ലാ ഉദാഹരണങ്ങളും സമയച്ചുരുക്കംകൊണ്ടു ഞാൻ പറയുന്നില്ല. കോയമ്പത്തൂർ രാജൻ കേസിലെ വിധി. കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷമുണ്ടായ സുപ്രധാനമായ ഒരു സംഭവമാണ്. അതിൽ ഗവൺമെന്റ് അപ്പീൽ കൊടുത്തു. അപ്പീൽ കൊടുക്കുന്നതിലോ കൊടുക്കാതിരിക്കുന്നതിലോ ഞങ്ങൾക്കു പ്രത്യേക താൽപ്പര്യമൊന്നുമില്ല. എന്നാൽ അപ്പീൽ കൊടുത്ത രീതിയുമൊക്കെ പരിശോധിച്ചാൽ പല രഹസ്യങ്ങളും പുറത്തുവരുമെന്നുള്ളതുകൊണ്ടു പറയുകയാണ്. 4.9.1978-ൽ ആ വിധി വന്നുകഴിഞ്ഞ ഉടനെതന്നെ മാർക്സിസ്റ്റുപാർട്ടിപറഞ്ഞു, ഇടതുമുന്നണി എന്ന പ്രസ്ഥാനം ഈ രാജ്യത്തുണ്ടാകണമെന്ന കാര്യത്തിൽ ഭരണകക്ഷിക്കാർക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ അപ്പീൽ കൊടുക്കും എന്ന പ്രഖ്യാപനം ഉടനെ വരണം എന്ന്. സർ, ഒട്ടും വൈകിയില്ല, ഉടനെ ശ്രീ. വാസുദേവൻ നായരുടെ പ്രസ്താവന വന്നു, അപ്പീൽ കൊടുത്തുകൊള്ളാമേ എന്ന്! അദ്ദേഹം അതു പറയുമ്പോൾ ഇവിടെ ആഭ്യന്തരവകുപ്പു കൈകാര്യം ചെയ്യുന്ന ഒരു മന്ത്രിയുണ്ടെന്ന് അദ്ദേഹത്തിനു ബോധമുണ്ടായിരുന്നോ? ഈ രാജ്യത്ത് ഈ ഗവൺമെന്റിന് ഒരു നിയമവകുപ്പുണ്ടെന്ന് അദ്ദേഹത്തിന് ഓർമ്മയുണ്ടായിരുന്നോ? സർ. മാർക്സിസ്റ്റു പ്രേമംകൊണ്ട് അദ്ദേഹം അതൊക്കെ വിസ്മരിച്ചു. അപ്പീൽ കൊടുത്താൽ ആർക്കും പരാതിയില്ല; കൊടുക്കാതിരുന്നാലും വിരോധമില്ല. ഞങ്ങളുടെപാർട്ടിക്ക് അതിലൊന്നും പ്രത്യേകതാൽപര്യമില്ല. സർ, എന്താണു ചെയ്തത്? അപ്പീൽകൊടുത്തതിൽ വെറും മാർക്സിസ്റ്റുപ്രീണനം എന്ന ആവശ്യം നിർവ്വഹിക്കാൻ ശ്രീ. മാണി ബോധപൂർവ്വം പരിശ്രമിച്ചു. നീതിപൂർവ്വകമായിട്ട് അപ്പീൽ ഫയൽചെയ്യുന്നതിൽനിന്ന് അദ്ദേഹം പിൻമാറി. ഏഴ് ഉയർന്ന പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ കൊലപാതകം, ഗൂഡാലോചന, മർദ്ദിച്ചു ഗുരുതരമായ പരിക്കേൽപ്പിക്കൽ, നിയമവിരുദ്ധമായ തടങ്കലിൽ വെക്കുക എന്നീ ചാർജുകളാണുണ്ടായിരുന്നത്. അതിൽ നാലുപേരെ കുററം ചെയ്തില്ലെന്നു പറഞ്ഞു വെറുതെവിട്ടു. മൂന്നുപേരെ, അന്യായമായി തടങ്കലിൽ വെച്ചു എന്നുമാത്രം പറഞ്ഞുകൊണ്ട് ശിക്ഷിച്ചു. അപ്പീൽ കൊടുത്തത് ആ കൊടുത്ത ശിക്ഷ വർദ്ധിപ്പിക്കണമെന്നു മാത്രമാണു സർ. ഗവൺമെന്റ് ഒറിജിനലായി ചാർജ് ചെയ്ത കൊലപാതകമാകട്ടെ മർദ്ദിച്ചു ഗുരുതരമായ പരിക്കേൽപ്പിക്കലാകട്ടെ ക്രിമിനൽ ഗൂഡാലോചനയാകട്ടെ ഈ വകുപ്പുകളിലൊന്നിലും ഗവൺമെന്റിന് അപ്പീൽ ഇല്ല സർ. വെറുതെവിട്ടവരുടെ പേരിൽ അപ്പീൽ കൊടുത്തതിൽ ഈ ഒറിജിനൽ കുററങ്ങൾ—കൊലപാതകം, മർദ്ദിച്ചു ഗുരുതരമായ പരിക്കേൽപ്പിക്കൽ ഇതൊന്നും—ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ ശിക്ഷിച്ചിട്ടുള്ളവരുടെ ശിക്ഷമാത്രം ഇവർക്കും കിട്ടണമെന്നനിലയല്ലേ ഗവൺമെന്റ് സ്വീകരിച്ചത്? ഇത് അപ്പീലാണോ സർ? ഇതു മാർക്സിസ്റ്റുപാർട്ടിക്ക് നിങ്ങൾ കൊടുത്ത അപ്പീലല്ലേ? ഒരു അപ്പീൽ പ്രഹസനമല്ലേ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി നടത്തിയത്? എനിക്കു പറയാനുള്ളത് നിങ്ങളുടെ ഓരോനയവും ഓരോ പരിപാടിയും ഈ മാർക്സിസ്റ്റ് പ്രീണന നയത്താൽ അലങ്കോലപ്പെട്ടു പോയിരിക്കുന്നു എന്നാണ്.

ശ്രീ. കെ. എം. മാണി: കരുണാകരന്റെ പേരിലും ഒരു അപ്പീൽ കൊടുക്കണമെന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട സ്പീക്കർ സമയം തരുമെങ്കിൽ ഞാൻ വഴങ്ങാം. സർ, ഇത് ഒരു അപ്പീൽ പ്രഹസനമല്ലേ? മാർക്സിസ്ററുപാർട്ടിയെ പ്രീണിപ്പിക്കാൻവേണ്ടി മാത്രമല്ലേ? നീതിയുക്തമായി നടത്തിയിരുന്നെങ്കിൽ അഭിനന്ദിക്കാമായിരുന്നു.

സർ, ഇവിടെ ആർ. എസ്. എസ്സിനെതിരായി ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ ഈ ഗവൺമെൻറ് ശക്തമായ നിലപാട് ആ
[1 P. M.] കാര്യത്തിൽ സ്വീകരിക്കാൻ തയ്യാറാകുന്നുണ്ടോ, ആത്മാർത്ഥതയോടുകൂടിയുള്ള നിലപാട് നിങ്ങൾ ആ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ എന്ന് ശ്രീ. മാണി മനഃസാക്ഷിയോട് ചോദിച്ചിട്ട് ഉത്തരം പറയണം. ഇല്ലെന്നാണ് എനിക്കു പറയാനുള്ളത്. ഇവിടെ ആർ. എസ്. എസ്. കാർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി സർക്കാർ സ്കൂളുകൾ കൊടുക്കുകയില്ലെന്ന് പറഞ്ഞു. അത് നിയന്ത്രിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ നിങ്ങൾ മാരകായുധങ്ങളും മററും കൊണ്ടുള്ള ഘോഷയാത്ര അനുവദിക്കുകയില്ലെന്ന് പറഞ്ഞു. അത് നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ആ പ്രഖ്യാപനത്തിനുശേഷം എത്രയോ പ്രകടനങ്ങൾ ആയുധങ്ങളോടുകൂടിതന്നെ ആർ. എസ്. എസ്. കാർ നടത്തുകയുണ്ടായി. നിങ്ങളുടെ മനസ്സിൽ വേറൊന്നാണ് ഉള്ളത്. കാരണം ഈ പറയുന്ന ബേബിജോണും ആൻറണിയും വാസുദേവൻനായരുമെല്ലാം സ്വപ്നംകാണുന്ന മാർക്സിസ്ററുമുന്നണി നടപ്പിലാകുമ്പോൾ ധർമ്മപുത്രരുടെ ശുനകൻ സ്വർഗ്ഗത്തിൽ പോയതുപോലെ ആർ. എസ്. എസ്. ഇല്ലാത്ത മുന്നണി ഇവിടെ നടപ്പിലാവുകയില്ലെന്നുള്ള കാര്യം ഞങ്ങൾക്കെല്ലാമറിയാം. അതുകൊണ്ടല്ലേ നിങ്ങൾ ആത്മാർത്ഥതയില്ലാത്ത, ചങ്കുറപ്പില്ലാത്ത നടപടികൾ സ്വീകരിക്കുന്നത്. എത്രയോ ആളുകൾ ഇവിടെ കൊലചെയ്യപ്പെട്ടിരിക്കുന്നു, ആയുധങ്ങൾവെച്ചുകൊണ്ട് ഇവർ ഘോഷയാത്രകൾ നടത്തുന്നുണ്ട്. നിങ്ങൾ ഇതെല്ലാം കണ്ടില്ലെന്നു നടിക്കുന്നു. ഇങ്ങനെയുള്ള നിങ്ങളുടെ നയവൈകല്യങ്ങൾക്കെല്ലാം കാരണം മാർക്സിസ്ററുപാർട്ടിയെ പ്രീണിപ്പിക്കാതിരിക്കാൻവേണ്ടി നിങ്ങൾ ശ്രമിക്കുന്നതുകൊണ്ടാണ്. ആ നയം നിങ്ങൾ അഭംഗുരമായി തന്നെ തുടരുകയാണ്. ബഹുമാനപ്പെട്ട മാണി ആ കാര്യത്തിൽ മാപ്പുസാക്ഷിയായി പ്രവർത്തിക്കുകയാണ്.

സർ, പോലീസിനെ സംബന്ധിച്ചുള്ള പരാതികളിൽ ഏററവും വലുത് 1861-ലെ പോലീസ് ആക്ററിലും 1902-ലെ പോലീസ് കമ്മീഷനിലും ഒരു മാററവും ഇതുവരെ വരുത്തിയിട്ടില്ലെന്നുള്ളതാണ് എല്ലാവരും പറയുന്നത്. അവരെ തോക്കുധരിക്കുന്ന സ്വയം പ്രവർത്തിക്കുന്ന യന്ത്രങ്ങളായികണക്കാക്കുന്നു, ജനങ്ങളെ മർദ്ദിക്കുന്ന ഉപകരണമായി കണക്കാക്കുന്നു ഈ കമ്മിഷനും ആക്ററും എല്ലാം. അതിൽ നിന്നും മാററം വരുത്താൻ കഴിഞ്ഞിട്ടില്ല. അതിന് എന്തെല്ലാം മാററങ്ങൾ വരുത്താൻ കഴിയുമെന്ന കാര്യത്തെപ്പററി പലനിർദ്ദേശങ്ങളും ആധികാരികമായിതന്നെ പൊന്തിവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മാണി പോലീസിനെ ജനസേവകരാക്കി മാററണം, പാവപ്പെട്ടവരുടെ സംരക്ഷകരായി മാററണം, ജനാധിപത്യത്തിൽ അടിയുറച്ച് നിൽക്കണമെന്നെല്ലാം പറയും. ഈ പോലീസിൻെറ ന്യൂനതകൾ പരിഹരിക്കാനും സ്വതന്ത്രമായി പ്രവർത്തിക്കാനുമുള്ള ഒരു പോലീസായിമാററാനും ഉള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. അതിനുള്ള പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ പോലീസ് കമ്മീഷൻതന്നെ പല നിർദ്ദേശങ്ങളും ശുപാർശകളും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. രാഷ്ട്രീയക്കാരുടെ ഇടപെടൽ, അഴിമതിയുടെ അഴിഞ്ഞാട്ടം ഇതെല്ലാം പരിഹരിക്കുന്നതിനുള്ള പല നടപടികളും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കാൻ ഈ ഗവൺമെൻറും ആഭ്യന്തരമന്ത്രിയും തയ്യാറാകുമോയെന്നാണ് എൻെറ ചോദ്യം. രണ്ടു മൂന്നു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ നിയമസഭ ഒരു പബ്ലിക്ക് സെക്യൂരിററി കമ്മിററിയെ തിരഞ്ഞെടുക്കണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. പി. എ. സി. യും മററ് നിയമസഭാ കമ്മിററികളുംപോലെ ഒരു പബ്ലിക് സെക്യൂരിററി കമ്മിററി നിയമസഭയിൽനിന്നും തിരഞ്ഞെടുത്ത് ആ കമ്മിററി ഓരോ വർഷവും ഉള്ള പോലീസിൻെറ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുകയും ആ റിപ്പോർട്ട് ചർച്ചക്കുവരികയും ചെയ്യണമെന്നുള്ള പോലീസ് കമ്മിഷൻെറ ശുപാർശ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾക്ക് ആത്മാർത്ഥത ഉണ്ടെന്ന് ഞാൻ പറയാം. അതിന് നിങ്ങൾ തയ്യാറല്ലെങ്കിൽ നിങ്ങൾ ഇവിടെ നടത്തുന്ന പ്രസംഗങ്ങൾ മുഴുവൻ അധരവ്യായാമവുംകൊണ്ട് നടക്കുന്നതിനുള്ള ഒരു പുകമറയാണെന്നാണ് എനിക്കു പറയാനുള്ളത്. ആ രീതിയിൽ മാത്രമേ ജനങ്ങൾ അതിന് വിലകൽപ്പിക്കുകയുള്ളു.

മറെറാരു നിർദ്ദേശംകൂടി ഉണ്ട്. രാഷ്ട്രീയ പ്രേരിതമായ സ്ഥിതി ഇല്ലാതാക്കുന്നതിനുവേണ്ടി ലോക്കപ്പുമരണം ഉണ്ടാകുക, പോലീസ് വെടിവയ്പ്പുമൂലം മരണം ഉണ്ടാകുക, ലോക്കപ്പിൽവെച്ച് സ്ത്രീകളെ മാനഭംഗപ്പെടുത്തുക ഇതു മൂന്നും ഉണ്ടായാൽ ആട്ടോ മാററിക്ക് ജ്യുഡീഷ്യൽ എൻക്വയറി വേണമെന്ന നിർദ്ദേശം ഉണ്ട്. അതു സ്വീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? നിങ്ങളുടെ ഉത്തരവില്ലാതെ തന്നെ ഹൈക്കോടതി നോമിനേററ് ചെയ്യുന്ന ഒരാൾ അതായത് ഒരു ജഡ്ജി ആട്ടോമാററിക്കായി ആ ജ്യുഡീഷ്യൽ എൻക്വയറി നടത്തും. അവരുടെ റിപ്പോർട്ട് ഗവൺമെൻറ് നടപ്പിലാക്കണമെന്നാണ്. ഈ നിർദ്ദേശം രാഷ്ട്രീയമായ അഴിമതികൾക്കും നിർദ്ദേശങ്ങൾക്കും കടിഞ്ഞാണിടാനുള്ള നിർദ്ദേശമാണ്. അത് സ്വീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? അതിന് തയ്യാറുണ്ടെങ്കിൽ നിങ്ങൾ ഈ പറയുന്നതിലെല്ലാം ആത്മാർത്ഥതയുണ്ടെന്ന് ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. അതിന് നിങ്ങൾ തയ്യാറില്ലെങ്കിൽ നിങ്ങൾ പറയുന്നതുമുഴുവൻ തട്ടിപ്പും വെട്ടിപ്പും ആയി മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളു.

രാഷ്ട്രീയക്കാർ പറയുന്നത് കേട്ടില്ലെങ്കിൽ കാസർകോട്ടേയ്ക്കു പോലീസുകാരെ ട്രാൻസ്ഫർചെയ്യും. ആഴ്ചയിൽ 8 പ്രാവശ്യം വേണമെങ്കിലും സ്ഥലം മാററും. ആഭ്യന്തരമന്ത്രിയുടേയും മററും ട്രാൻസ്ഫർ ആയുധം ഇതാണ്. ആ കാര്യത്തിൽ പോലീസ് കമ്മിഷൻ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഉയർന്ന ഉദ്യോഗസ്ഥൻമാർക്ക് ഒരു സ്ററാററ്യൂട്ടറി പീരിഡ്, ഒരു tenure, കൊടുക്കണം. നിയമംമൂലം ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന് ഇത്ര വർഷം ഒരു സ്ഥലത്ത് ജോലി ചെയ്യണമെന്ന് നിശ്ചയിക്കണം. അതിനുള്ളിൽ എന്തെങ്കിലും ട്രാൻസ്ഫർ വന്നാൽ സംസ്ഥാന പോലീസ് എസ്ററാബ്ലിഷ്മെൻറ്ബോർഡ് എന്നുള്ള സമിതി ഉണ്ടാക്കി—അതിൽ പി. എ. സി. യുടെ ചെയർമാൻ മെമ്പറായിരിക്കണം, ഹോം സെക്രട്ടറി മെമ്പറായിരിക്കണം, ഹോം മിനിസ്ററർ ചെയർമാനായിരിക്കണം, ഈ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ട്രാൻസ്ഫർ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ചർച്ചചെയ്യാം. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ പണ്ടത്തെ പോലീസിന് പുതിയൊരു രൂപം നൽകി വാർത്തെടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഈ രീതി സ്വീകരിക്കാൻ തയ്യാറാകണം.

സർ, ഇവിടെ മാത്യു മുതലാളി എന്നുള്ള ഒരു ഇൻസ്പെക്ടർ ഉണ്ട്. അദ്ദേഹം ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തിരിക്കുന്നതായി പത്രത്തിൽനിന്നും വായിക്കാൻ കഴിഞ്ഞു. അദ്ദേഹം എന്ത് ജാതിയാണെന്നുള്ളത് എനിക്കറിഞ്ഞുകൂട. സബ്ഇൻസ്പെക്ടറാണ്. അദ്ദേഹത്തെ ആദ്യം ചേർത്തലയിലേക്കുമാററി. അതുകഴിഞ്ഞ് പോലീസ് ട്രെയിനിംഗ് കോളേജിലേക്ക് മാററി. അതുകഴിഞ്ഞ് കാസർകോട്ടേക്ക് മാററി. സഹിക്കാൻ സാധിക്കാതെ വന്നപ്പോഴാണ് റിട്ടു കൊടുത്തത്. ഇത് പത്ര റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കിയതാണ്. ഹൈക്കോടതിയിൽ ട്രാൻസ്ഫറിനെതിരായി ആണ് റിട്ടുകൊടുത്തിരിക്കുന്നത്. പ്രാദേശികകേരളാകോൺഗ്രസ് നേതാക്കൾ പറഞ്ഞതു കേൾക്കാത്തതുകൊണ്ടാണ് എന്നെ ട്രാൻസ്ഫർ ചെയ്തതെന്നാണ് അദ്ദേഹം പറയുന്നത്. ഏതെങ്കിലും ഒരു പാർട്ടി ചെയ്യുന്ന ഒരു കുററമായി പറയാൻവേണ്ടിയല്ല ഇത് പറയുന്നത്. ഏതുപാർട്ടി ഭരിച്ചാലും ഇതുപോലുള്ള കൈകടത്തലുകൾ തടയാൻവേണ്ടി ഇതുപോലുള്ള എസ്ററാബ്ലിഷ്മെൻറ് ബോർഡ് സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതു ബഹുമാനപ്പെട്ട മാണി സ്വീകരിക്കാൻ തയ്യാറുണ്ടോ? തയ്യാറല്ലെന്ന് അദ്ദേഹത്തിൻെറ മുഖഭാവം വ്യക്തമാക്കുന്നുണ്ട്. അങ്ങനെ ചെയ്യാൻ നിങ്ങൾ തയ്യാറായാൽ നിങ്ങൾക്ക് രാഷ്ട്രീയമായ സമ്മർദ്ദം നടത്തി കാര്യങ്ങൾ സാധിക്കാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ആഭ്യന്തരമന്ത്രിയാകാൻ വളരെ മോഹിച്ച ആളാണ്. ശ്രീ. പി. ടി. ചാക്കോയുടെ പിൻഗാമിയായിട്ട് ആഭ്യന്തരമന്ത്രിപദം ഏറെറടുക്കണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഇനി മുഖ്യമന്ത്രിപദംകൂടി അദ്ദേഹം നോക്കുന്നുണ്ട്. എത്തിച്ചാൽ പിടിക്കാവുന്ന ദൂരത്തിലായിരിക്കും അത്. അദ്ദേഹം നല്ലൊരു ഭാവിയുള്ള ചെറുപ്പക്കാരനെന്നുള്ള നിലയ്ക്ക് നല്ലൊരു ആഭ്യന്തരമന്ത്രിയായി ശോഭിക്കാനുള്ള കഴിവുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. ആ കഴിവ് ശരിയായി വിനിയോഗിക്കാനുള്ള തടസ്സങ്ങൾ നീക്കി എടുക്കാൻ അദ്ദേഹം ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്,

പോലീസിന് പുതുജീവൻ നൽകുന്നതിനും നിഷ്പക്ഷമായി കേസ് അന്വേഷിക്കുന്നതിനും നീതിയുക്തമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആധുനികരീതിയിലുള്ള മാർഗ്ഗങ്ങൾ ഈ കേസ് അന്വേഷണത്തിനും അതുപോലെയുള്ള കാര്യങ്ങൾ തടയാനും ഉപയോഗിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലാത്തിമാത്രം പോലീസ്സിന് കൊടുത്തുകൊണ്ട് എല്ലാ കേസുകളും തെളിയിക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണ് ലാത്തി കൊണ്ടടിച്ച് എല്ലാ കേസ്സുകളും തെളിയിക്കാൻ സാധിക്കുന്നത്. ആധുനികമായ കേസ് അന്വേഷണ സമ്പ്രദായങ്ങൾ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത്? നിങ്ങൾ ഇവിടെ ട്രെയിനിംഗിന് അയക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ ട്രെയിനിംഗ് കഴിഞ്ഞ് ഇതെല്ലാം പഠിച്ചുവരുന്നവരാണ്. എന്തുകൊണ്ട് നിങ്ങൾ ട്രെയിനിംഗ് കോളേജിൽ ഇതുപോലുള്ള ആധുനിക രീതിയിലുള്ള സമ്പ്രദായങ്ങൾ പഠിപ്പിക്കാൻ തയ്യാറാകുന്നില്ല? പല പുതിയ ആധുനിക സമ്പ്രദായങ്ങളും ഉണ്ട്. ഒരു പ്രതി നുണ പറഞ്ഞാൽ അത് നുണയാണോയെന്ന് കണ്ടുപിടിക്കാനുള്ള യന്ത്രം ഉണ്ട്. ഒരു പ്രതിയെക്കൊണ്ട് നേരുപറയിക്കാൻ വേണ്ടി truth telling drugs ഉണ്ട്. ശാസ്ത്രജ്ഞൻമാർ ശാസ്ത്രീയമായ രീതിയിൽ മനസ്സിന്റെ ഉള്ളറയിൽ നിന്നും സത്യം കണ്ടുപിടിക്കാനുള്ള യന്ത്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇങ്ങനെ ആധുനികരീതിയിലുള്ള യന്ത്രങ്ങൾ ഉള്ളപ്പോൾ ലാത്തി മാത്രം കൊടുത്തുകൊണ്ട് പോലീസ് കുററം തെളിയിക്കണമെന്ന് പറയാതെ ആധുനികമായ സമ്പ്രദായങ്ങൾ നടപ്പിലാക്കണമെന്നാണ് എനിക്കുപറയാനുള്ളത്. പോലീസ്സിനെ നിർവീര്യമാക്കുന്നതിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി അവർക്ക് പുതിയൊരു വീര്യം കൊടുക്കാനും പുതിയൊരു നിയമ പരിപാലനരീതി നടപ്പിലാക്കാനും അടിയന്തിരമായി ആഭ്യന്തരമന്ത്രി ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ അദ്ദേഹം വിജയിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

V പ്രസ്താവന

ഒരു കൊലക്കേസ് പ്രതിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന ആരോപണത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഇന്നത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. എം. വി. രാഘവൻ എനിക്കെതിരായി വ്യക്തിപരമായ ഒരാരോപണം ഉന്നയിക്കുകയുണ്ടായി. നിയമസഭാ നടപടിച്ചട്ടം അനുസരിച്ച് എന്നെ എഴുതി അറിയിക്കുകയോ മററൊന്നുംതന്നെ ചെയ്തിട്ടില്ല. എങ്കിൽപോലും അതിനെക്കുറിച്ച് ഇവിടെ ഞാൻ ഒരു വിശദീകരണം നൽകാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. രാഘവൻ ഇവിടെപ്പറഞ്ഞത് ആലപ്പുഴയിലെ ഒരു കൊലക്കേസ് സാക്ഷിയെ ഞാൻ സ്വാധീനിക്കുവാൻ പരിശ്രമിച്ചു എന്നാണ്. ആ ആരോപണം ഞാൻ അപ്പാടെ നിഷേധിക്കുകയാണ്. ഇത് കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കെട്ടുകഥയാണെന്നു ഞാൻ പറയുകയാണ്.

ആഭ്യന്തര വകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി): സർ, പോലീസ് വകുപ്പിനേയും അതിനോടനുബന്ധിച്ച മററു വകുപ്പുകളേയും സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ദേവസ്സിക്കുട്ടി എനിക്ക് നൽകിയ മംഗളാശംസയോടും വിജയാശംസയോടും ഞാൻ അതീവ കൃതജ്ഞനാണ്. അതിന് അദ്ദേഹത്തിന് ഞാൻ അങ്ങേയററത്തെ നന്ദി പ്രകാശിപ്പിക്കുകയാണ്. ശ്രീ. ദേവസ്സിക്കുട്ടി ഉൾപ്പെടെ ഭരണപക്ഷത്തും

LIBRARY ARCHIVES Kerala Legislative Assembly